ജനകീയ ആസൂത്രണ പദ്ധതി

തണ്ണിത്തോട് ഗ്രാമ പഞ്ചായത്ത്

അധികാരം ജനങ്ങളിലേക്ക്

# സമഗ്ര വികസന രേഖ

പത്തനംതിട്ട ജില്ല


പത്തനംതിട്ട ജില്ല
തണ്ണിത്തോട്

31-6

ഒൻപതാം പദ്ധതി - ജനകീയ പദ്ധതി

# സമഗ്ര വികസന രേഖ

# തണ്ണിത്തോട് ഗ്രാമ പഞ്ചായത്ത്



വികസന സെമിനാർ 1996 ഡിസംബർ 23

## എഡിറ്റോറിയൽ ബോർഡ്

എൻ. ജെ. ജോസ്
(ചെയർമാൻ)
ജോസഫ് അലക്സാണ്ടർ
കെ.വി. തോമസ്
റ്റി. എൻ. ആനന്ദൻ
എൻ. മണികണ്ഠൻ
ഹരി പ്രസാദ്




സർക്കാരിന്റേയോ ധനിക രാഷ്ട്രങ്ങളുടേയോ
ഔദാര്യത്തെ ആശ്രയിച്ചുള്ള സാമ്പത്തിക
പുരോഗതി സാമൂഹിക വളർച്ചയാവില്ല.
ജനങ്ങളുടെ ഇച്ഛാശക്തിയുടേയും
അധ്വാനത്തിന്റേയും ഫലമാകണം.
വികസനത്തിന്റെ ഗുണഭോക്താക്കൾ
അതിന്റെ വിധാതാക്കളുമാകണം

\- ഗാന്ധിജി


ലേഔട്ട് & ഡിസൈൻ
പ്രകാശ് മെഴുവേലി

പ്രിന്റിംഗ്
ലിയോ പ്രിന്റേഴ്സ്, തങ്കിത്തോട്.

# ഉള്ളടക്കം

1 ആമുഖം
2 പഞ്ചായത്ത് പൊതുവിവരണം
3 സാമൂഹിക–സാംസ്കാരിക ചരിത്രം
4 ഭൂപ്രകൃതിയും വിഭവങ്ങളും
5 വിവിധ വികസന മേഖലകളെക്കുറിച്ചുള്ള അവലോകനം

i കൃഷിയും ജലസേചനവും
ii മൃഗസംരക്ഷണവും മത്സ്യകൃഷിയും
iii വനം
iv വ്യവസായം
v ഗതാഗതവും ഊർജ്ജവും
vi പാർപ്പിടവും സാമൂഹ്യക്ഷേമവും
vii വിദ്യാഭ്യാസം
viii കുടിവെള്ളവും പൊതുജനാരോഗ്യവും
ix പട്ടികജാതി – പട്ടികവർഗക്ഷേമം
x സംസ്കാരം
xi സഹകരണം
xii വനിത
xiii വിഭവസമാഹരണം

6 പൊതു പ്രശ്നങ്ങളും സാധ്യതകളും
7 സ്പെഷ്യൽ ഗ്രാമസഭായോഗങ്ങൾ
8 ജനകീയ ആസൂത്രണ പരിപാടി അവലോകനം
9 ജനകീയ ആസൂത്രണ പരിപാടി – ഇന്നുവരെ
10 ഉണരുവിൻ.............
11 ഉപസംഹാരം

# ആമുഖം

കരിമേഘങ്ങൾ തിടംവച്ചു നിൽക്കുന്ന ആകാശത്തിന്റെ അകലെയെങ്ങോ ഉള്ള ചരിവിലേയ്ക്ക് നനഞ്ഞ ചിറകുകൾ കുടഞ്ഞുവീശി പറന്നുപോകുന്ന കാക്കയെപ്പോലെയാണ് കാലവും കടന്നുപോകുന്നത്. ഇതിനിടയിലാണ് ഗ്രാമങ്ങളും പട്ടണങ്ങളും തമ്മിലുള്ള അന്തരം കുറയ്ക്കുവാനും ഗ്രാമഭംഗി നിലനിറുത്തിക്കൊണ്ടു തന്നെ ഗ്രാമങ്ങൾ പരിഷ്കരിക്കുവാനും ഗ്രാമവാസികൾക്ക് ഐശ്വര്യപൂർണ്ണമായ ഭാവിയുണ്ടാകുവാനും ഗ്രാമാസൂത്രണതത്വങ്ങളുടെ സഫലമായ നിർവഹണം നടക്കുന്നത്.

വികസന പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം വർദ്ധിപ്പിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഭരണപരമായും ധനപരമായും ശക്തിപ്പെടുത്തുക എന്ന നേരറിഞ്ഞ് ആസൂത്രണത്തിലും നിർവഹണത്തിലും പരമാവധി ജനപങ്കാളിത്തം ഉറപ്പുവരുത്തി ഗ്രാമീണ ദാരിദ്ര്യത്തിനു പരിഹാരം കാണാൻ ഒമ്പതാം പദ്ധതി പ്രവർത്തനങ്ങളുടെ ഗണ്യമായ ഭാഗവും വികേന്ദ്രീകരിക്കപ്പെടുന്നു.

ഇന്ത്യയുടെ ആസൂത്രണ ചരിത്രത്തിൽ ഒരു വിപ്ലവത്തിന് വഴിയൊരുക്കുന്ന പുത്തൻസംരംഭമാണ് സംസ്ഥാന സർക്കാരും ആസൂത്രണ ബോർഡും രൂപം നൽകി നടപ്പിലാക്കി വരുന്ന 'ജനകീയ ആസൂത്രണ പ്രസ്ഥാനം' നാം പൂർത്തിയാക്കിയ എട്ട് പദ്ധതികളും ജനകീയമായിരുന്നില്ല. അതിനാൽ, പദ്ധതി ആസൂത്രണത്തിലും നടത്തിപ്പിലും സാധാരണക്കാരന് യാതൊരു പങ്കുമില്ലാതെ വന്നു. ഇക്കാരണത്താൽ തന്നെ ഒരു പ്രദേശത്തിന്റെ ഭൂപ്രകൃതിക്കോ ജനങ്ങളുടെ ആശയാഭിലാഷങ്ങൾക്കോ അനുയോജ്യമല്ലാത്ത പദ്ധതികളായിരുന്നു അടിച്ചേൽപ്പിക്കപ്പെട്ടത്. മാത്രവുമല്ല ആസൂത്രണം വിവിധ വകുപ്പുകളുടെ പരസ്പര ബന്ധിതങ്ങളല്ലാത്ത പദ്ധതികൾ തയ്യാറാക്കലായി അധഃപതിച്ചു. ഇത് ഡിപ്പാർട്ടുമെന്റലിസത്തിന് കാരണമായി. ഇതിൽ നിന്നും തികച്ചും വ്യത്യസ്തമാണ് ഒമ്പതാം പദ്ധതി. ഇവിടെ ആസൂത്രണം താഴെതട്ടിൽ നിന്നും ആരംഭിക്കുന്നു. ആസൂത്രണത്തിലും നിർവഹണത്തിലും ഈ പദ്ധതി പൂർണ്ണമായും ജനകീയമായിരിക്കും.

സ്വാതന്ത്ര്യലബ്ധി മുതൽ ആസൂത്രിതമായ സാമ്പത്തിക വളർച്ച കൈവരിക്കുന്നതിനാണ് നാം ഊന്നൽ നൽകിപ്പോന്നത്. എന്നാൽ പ്രതീക്ഷിച്ച ഗുണഫലങ്ങൾ ഉണ്ടായില്ലെന്നു മാത്രമല്ല ഉല്പാദനമേഖലയിലെ മാന്ദ്യവും സേവനരംഗത്തെ നിലവാരത്തകർച്ചയുമായിരുന്നു ഫലം. ആസൂത്രണം സമഗ്രവും ജനകീയവും വികേന്ദ്രീകൃതവുമാക്കുകയായിരുന്നു ഇതിനുള്ള ഏക പ്രതിവിധി ഇതിനായി അടങ്കലിന്റെ 35_40 ശതമാനത്തോളം തുക പഞ്ചായത്തുകൾക്കു ലഭിക്കുകയാണ്. അതായത് ഏകദേശം ഒരു കോടിയോളം രൂപ പ്രതിവർഷം പഞ്ചായത്തുകൾക്കു ലഭിക്കും ഭരണഘടനയുടെ 73-ാം വകുപ്പ് ഭേദഗതിയിലൂടെ ഗ്രാമപഞ്ചായത്തുകൾക്ക് വമ്പിച്ച അധികാരങ്ങൾ ലഭിച്ചിരിക്കുന്ന ഈ അവസരത്തിൽ വികസനമെന്നാൽ റോഡും പാലവും കെട്ടിടങ്ങളും നിർമ്മിക്കുകയാണെന്ന പഴഞ്ചൻ വിശ്വാസത്തിന് മാററം വരുത്തി ഉല്പാദനമേഖലയിലെ വികസനത്തിന് ആക്കം കൂട്ടേണ്ടിയിരിക്കുന്നു!.

പുതിയ ചുമതലകളും ഒട്ടേറെ പുത്തൻ വെല്ലുവിളികളും! പ്രാദേശിക തലത്തിൽ പരിഹാരം കാണാൻ കഴിയുന്ന വികസന പ്രവർത്തനങ്ങൾ കണ്ടെത്തി പരമാവധി സാമൂഹ്യനേട്ടങ്ങൾ ഉണ്ടാകത്തക്കവിധം പ്രവർത്തന പരിപാടികൾ ആവിഷ്ക്കരിക്കുവാനുള്ള ശ്രമം നമ്മുടെ ഗ്രാമത്തിലുംനടന്നിട്ടുണ്ട്. രാഷ്ട്രീയ– വിഭാഗീയ ചിന്താഗതികൾക്കതീതമായുള്ള ഒത്തുചേരലിലൂടെ ഒരു പുത്തൻ വികസന സംസ്കാരം രൂപപ്പെടുത്തിയെടുക്കുവാനും നമുക്കു കഴിഞ്ഞു.

ഗ്രാമീണ ജനതയുടെ വിശപ്പും ദാരിദ്ര്യവും അകററുകയെന്നതായിരുന്നുവല്ലോ ഗാന്ധിജിയുടെ ഗ്രാമോദ്ധാരണ പ്രവർത്തനങ്ങളുടെ കാതൽ. ഇതിലേയ്ക്കുള്ള ഒരു ചുവടുവയ്പ്പാണ് ജനകീയ ആസൂത്രണം. സമൃദ്ധി സ്വപ്നത്തിലൊതുക്കിയ ഈ കൊച്ചുഗ്രാമത്തിന്റെ വികസന ദാഹത്തിന് പരിഹാരം കാണാൻ നമുക്കൊരുമിച്ച് പ്രയത്നിക്കാം സംഘബോധത്തിന്റെ പുത്തൻ കരുത്തുമായി നമുക്ക് മുന്നേറാം

# പഞ്ചായത്ത് പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | തണ്ണിത്തോടു ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | തണ്ണിത്തോട്, കോന്നി–താഴം |
| ബ്ലോക്ക് പഞ്ചായത്ത് | : | കോന്നി |
| താലൂക്ക് | : | കോഴഞ്ചേരി |
| അസംബ്ലി മണ്ഡലം | : | കോന്നി |
| പാർലമെന്റ് മണ്ഡലം | : | അടൂർ |
| വിസ്തീർണ്ണം | : | 43.5 ചതുരശ്ര കിലോമീററർ |
| അതിരുകൾ | : | വടക്ക് – റാന്നി ഫോറസ്ററ് ഡിവിഷനിൽ |
| | | കിഴക്ക് – വടശ്ശേരിക്കര റേഞ്ചിൽപ്പെട്ട റിസർവ് വനം. |
| | : | പടിഞ്ഞാറ് വടശ്ശേരിക്കര – കോന്നി |
| | : | റേഞ്ചുകളിൽപ്പെട്ട തേക്ക് പ്ലാന്റേഷൻ |
| | : | തെക്ക് നടുവത്തുമൂഴി റേഞ്ചിൽപ്പെട്ട |
| | : | തേക്കു പ്ലാന്റേഷനും റിസർവു വനവും. |
| ജനസംഖ്യ | : | 15044 |
| പുരുഷന്മാർ | : | 7552 |
| സ്ത്രീകൾ | : | 7492 |
| വാർഡുകൾ | : | ഒൻപത് |
| പ്രസിഡന്റിന്റെ പേര് | : | ജോസഫ് അലക്സാണ്ടർ |
| വൈസ് പ്രസിഡന്റിന്റെ പേര് | : | സുമതി നരേന്ദ്രൻ |
| സ്ററാൻഡിംഗ് കമ്മിററി ചെയർ പേഴ്സൺ | | രമണി വിജയൻ |

# തണ്ണിത്തോട് ഗ്രാമപഞ്ചായത്ത്
# നിലവിലുള്ള പ്രധാന സ്ഥാപനങ്ങൾ

പഞ്ചായത്താഫീസ്

വില്ലേജാഫീസ്

കൃഷി ഭവൻ

മൃഗാശുപത്രി

പ്രാഥമികാരോഗ്യ കേന്ദ്രം

ഹോമിയോ ആശുപത്രി

പോലീസ് സ്റ്റേഷൻ

വി. ഇ. ഒ. ആഫീസ് – 2

ടെലഫോൺ എക്സ്ചേഞ്ച്

പോസ്റ്റാഫീസ്

സബ് പോസ്റ്റാഫീസുകൾ – 3

മാവേലി സ്റ്റോർ

റേഷൻ കടകൾ – 9

ഫോറസ്റ്റ് സ്റ്റേഷനുകൾ – 3

അംഗൻ വാടികൾ – 18

എൽ. പി. സ്കൂൾ – 1

യു. പി. സ്കൂൾ – 2

ഹൈസ്കൂളുകൾ – 3

ഐ. റ്റി. സി.

പബ്ലിക്ക് ലൈബ്രറി

വാണിജ്യ ബാങ്ക്

സഹകരണ ബാങ്ക് 3

വായ്പ ാസഹകരണ സംഘങ്ങൾ – 2

കെ. എസ്. ഇ. ബി. സബ് എഞ്ചിനീയർ ആഫീസ്

ക്ഷീരസംഘം

പട്ടികജാതി സഹകരണ സംഘം

വനിതാ വ്യവസായ സഹകരണ സംഘം

പ്ലാൻേറഷൻ കോർപ്പറേഷൻ സ്ഥാപനങ്ങൾ

# തണ്ണിത്തോടു ഗ്രാമപഞ്ചായത്ത്
# ഭരണ സമിതി



ജോസഫ് അലക്സാണ്ടർ
പ്രസിഡൻറ്
വാർഡ് VI



സുമതി നരേന്ദ്രൻ
വൈസ് പ്രസിഡൻറ്
വാർഡ് III



രമണി വിജയൻ
സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ
വാർഡ് IX



തോമസ് ശാമുവേൽ
മെമ്പർ
വാർഡ്. I



തോമസ് വർഗ്ഗീസ്
മെമ്പർ
വാർഡ് II



പി. കെ. ഗോപി
മെമ്പർ
വാർഡ് IV



പി.പി.തങ്കപ്പൻ
മെമ്പർ
വാർഡ് V



അനിതാകുമാരി
മെമ്പർ
വാർഡ് VII



കെ. എൻ. സോമരാജൻ
മെമ്പർ
വാർഡ് VIII




| | | | | | | | |
|---|---|---|---|---|---|---|---|
| ഭൂമിയുടെ കിടപ്പ് | ചരിവ് | താഴ്വര | ചരിവ് | ചരിവ് | ചരിവ് | താഴ്വര | ചരിവ് |
| മണ്ണിനം | ചെമ്മണ്ണ് കരിമണ്ണ് | ചെമ്മണ്ണ് ചെളിമണ്ണ് | ചെമ്മണ്ണ് പാറ | ചെമ്മണ്ണ് വെള്ളാരം കലർന്ന മണ്ണ് | കരിമണ്ണ് ചെമ്മണ്ണ് | ചെമ്മണ്ണ് ചെങ്കൽ മണ്ണ് | ചെമ്മണ്ണ് |
| വിളകൾ | റബ്ബർ കുരുമുളക് | പച്ചക്കറി വാഴ കുരുമുളക് മരച്ചീനി | റബ്ബർ വാഴപ്പുല്ല് കോലിഞ്ചി | റബ്ബർ | റബ്ബർ തെങ്ങ് കുരുമുളക് | തെങ്ങ് കുരുമുളക് റബ്ബർ | റബ്ബർ കുരുമുളക് കോലിഞ്ചി |
| ജല ലഭ്യത. | ദരിദ്രം | മിതം | ദരിദ്രം | ദരിദ്രം | മിതം | മിതം | മിതം. |

1 അഞ്ചുകുഴി
2 കൂത്താടിമൺ
3 സെൻട്രൽ ജംഗ്ഷൻ
4 അള്ളുങ്കൽ നിരവ്
5 പ്ലാന്റേഷൻ ഡിവിഷൻ
6 പ്ലാന്റേഷൻ പറക്കുളം നിരവ്
7 തേക്കുതോട് തോട്
8 തേക്കുതോട് ജംഗ്ഷൻ
9 ഏലുകടവ് തോട്
10 ഏഴാംതല.



# 3 സാമൂഹിക സാംസ്ക്കാരിക ചരിത്രം

കോന്നിയിൽ നിന്ന് 16 കി. മീ. അകലെ കോന്നി–ചിററാർ–ആങ്ങമൂഴി റോഡിന്റെ പരിസരങ്ങളിലായി സ്ഥിതിചെയ്യുന്ന വനങ്ങളാൽ ചുററപ്പെട്ടു കിടക്കുന്ന മലയോര ഗ്രാമമാണ് തണ്ണിത്തോട് ഗ്രാമപഞ്ചായത്ത്. സഹ്യന്റെ മടിത്തട്ടിൽ നിന്നുത്ഭവിക്കുന്ന കല്ലാറിന്റെ തലോടലേററ് മയങ്ങുന്ന ഈ ഗ്രാമം മലനാടിന്റെ തിലകക്കുറിയായി ശോഭിക്കുന്നു. തണ്ണിത്തോട്ടിൽനിന്ന് 6 കി. മീ. കിഴക്ക് തേക്കുതോടും, 4 കി. മീ. തെക്ക് മണ്ണീറയും, 6 കി. മീ. പടിഞ്ഞാറ് എലിമുള്ളുംപ്ലാക്കലും സ്ഥിതി ചെയ്യുന്നു.

വനംവകുപ്പിന്റെ ഭരണ സൗകര്യത്തിനു വേണ്ടി ഓരോ പ്രദേശത്തിനും അവർ നൽകിയ നാമമാണ് ഈ പ്രദേശങ്ങൾക്ക് സ്ഥലനാമങ്ങളായി കിട്ടിയിരിക്കുന്നത്. മകരച്ചൂടിൽപ്പോലും ഒരിക്കലും വെള്ളം (തണ്ണി)തീർത്തു വററാത്ത ജല സ്രോതസ്സുകൾ ഉണ്ടായതുകൊണ്ടാവാം ''തണ്ണിത്തോടെ''ന്ന പേര് ലഭിച്ചത്. തോടിന്റെ ഇരു കരകളിലും തേക്ക് സുലഭമായിരുന്നതിനാലാകാം 'തേക്കുതോടെ'ന്നും, ഈററ ഇടതൂർന്നു വളർന്ന മണ്ണായതുകൊണ്ട് മണ്ണീറയെന്നും എലിമുള്ള് ധാരാളമായി പടർന്നുകിടക്കുന്നതുകൊണ്ടായിരിക്കാം എലിമുള്ളുംപ്ലാക്കൽ എന്നും പേര് ലഭിച്ചത്.

അതിപുരാതനകാലം മുതൽ തന്നെ ഈ പ്രദേശങ്ങളിൽ ജനങ്ങൾ അധിവസിച്ചിരുന്നു. ഇതിന്റെ തെളിവുകളാണ് പുരാതന മാതൃകയിലുള്ള ക്ഷേത്രങ്ങളും, ക്ഷേത്രക്കുളങ്ങളും, ശിലാനിർമ്മിതമായ ശവക്കല്ലറകളും. അവയിൽ പ്രധാനപ്പെട്ടതാണ് മണ്ണീറ തലമാനം ശിവക്ഷേത്രം, ആലുവാംകുടി ശിവക്ഷേത്രം, മൂർത്തിമൺ ദേവി ക്ഷേത്രം, പറക്കുളം ദേവിക്ഷേത്രം മുതലായവ. ഈ പ്രദേശങ്ങൾക്ക് അച്ചൻകോവിലും നിലയ്ക്കലുമായി ബന്ധമുണ്ടായിരുന്നു. ഈ ക്ഷേത്രങ്ങളുടെയും ജനങ്ങളുടെയും നാശത്തിനു കാരണം പറപ്പററങ്ങളുടെ ആക്രമണഫലമായിരുന്നെന്ന് ഊഹിക്കപ്പെടുന്നു.

ശിഷ്ടസംസ്ക്കാരത്തിന്റെ നിത്യസ്മാരകമായ ആലുവാംകുടി ശിവക്ഷേത്രത്തിന് ഏതാണ്ട് 1500 കൊല്ലത്തെ പഴക്കമുണ്ട്. കരിങ്കല്ലിൽ കൊത്തിയുണ്ടാക്കിയ മനോഹരമായ ക്ഷേത്രം. മേൽക്കൂരയില്ലാതെ തകർന്ന് ഉടഞ്ഞുകിടക്കുന്ന ശ്രീകോവിൽ. ശില്പകലയുടെ വൈദഗ്ധ്യം വിളിച്ചോതുന്ന സോപാനം, മുഖമണ്ഡപം, ബലിക്കല്ല്, കരിങ്കൽ തൂണുകളിൽ കടഞ്ഞെടുത്ത ജീവൻ തുടിക്കുന്ന ശില്പങ്ങൾ, വലിയ പലകകൾ പോലെ കീറിയെടുത്ത കരിങ്കൽപാളികൾ വിരിച്ച തിരുമുററം, ശിലാഖണ്ഡങ്ങൾ പാകികെട്ടിയ കുളങ്ങൾ, നാഗരിക ക്ഷേത്രങ്ങളെ അതിശയിപ്പിക്കുന്ന കൊത്തുപണികളാണ് കല്ലുകളിൽ കാണുന്നത്. പൂക്കളും ദ്വാരപാലകരുമാണ് കൊത്തുപണികളിൽ ഏറെയും. നമസ്ക്കാരമണ്ഡപത്തിന്റെയും ശ്രീകോവിലിന്റെയും അവശിഷ്ടങ്ങളാണു പ്രധാനമായും കാണാനുള്ളത്. ഗർഭഗൃഹത്തിൽ പീഠത്തിൽ ഉറപ്പിച്ച ശിവലിംഗമുണ്ട്. അതാകട്ടെ കാട്ടാന ചവിട്ടി മധ്യഭാഗം കുറുകെ പിളർന്നിട്ടുണ്ട്. ഗർഭഗൃഹത്തിന്റെ കൽപ്പടവുകളുടെ ഇരുപുറവും ദ്വാരപാലകരുടെ ശില്പങ്ങൾ ഉണ്ട്. ഗണപതി, നാഗരാജാവ്, അഷ്ടദിക്പാലകർ എന്നീ വിഗ്രഹങ്ങൾക്കുപുറമെ ശ്രീബലിക്കല്ലുകളും ഉണ്ട്. ചുററമ്പലത്തിന്റെ അവശിഷ്ടങ്ങളും പലയിടത്തായിട്ടുണ്ട്.

## കുടിയേററ കാലഘട്ടം

അരനൂററാണ്ടു കാലത്തെ ചരിത്രമുള്ള ഈ പ്രദേശത്തിന് നിലനിൽപ്പിനും വികസനത്തിനും വേണ്ടിയുള്ള സാഹസികതയുടെയും ചെറുത്തുനിൽപ്പിന്റെയും കഠിനാദ്ധ്വാനത്തിന്റെയും കൂട്ടായ പ്രയത്നത്തിലധിഷ്ഠിതമായ സമര ചരിത്രത്തിന്റെ കഥയാണ് പറയാനുള്ളത്.

രണ്ടാം ലോകമഹായുദ്ധത്തിന്റെ ഫലമായി നമ്മുടെ രാജ്യത്ത് അനുഭവപ്പെട്ട രൂക്ഷമായ ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിനു വേണ്ടി

1947– 48 കാലഘട്ടത്തിൽ അന്നത്തെ ദിവാനായ സർ. സി. പി. രാമസ്വാമി അയ്യരുടെയും തുടർന്ന് ശ്രീ. പട്ടം താണുപിള്ളയുടെയും ഉത്തരവ് പ്രകാരം പാട്ട വ്യവസ്ഥയിൽ സംഘടനകൾക്ക് നാലുവർഷത്തേക്കും തുടർന്ന് വ്യക്തികൾക്ക് രണ്ടു വർഷത്തേക്കും നെൽകൃഷി നടത്തുന്നതിന് നൽകിയ വനഭൂമിയാണ് ഈ പ്രദേശം.

തണ്ണിത്തോട്, തേക്കുതോട്, മണ്ണീറ, എലിമുള്ളുംപ്ലാക്കൽ എന്നീ പ്രദേശങ്ങളിലെ നിബിഡവനങ്ങളല്ലാത്തതും ഈററക്കാടും ചതുപ്പു പ്രദേശങ്ങളും നിറഞ്ഞ സ്ഥലമാണ് കൃഷി ചെയ്യാൻ അനുവദിച്ചത്.

കൊല്ലം ജില്ലയിലെ പത്തനംതിട്ട താലൂക്കിലെപ്രധാനമായി കൂടൽ, കോന്നി, വകയാർ, മലയാലപ്പുഴ, കീക്കൊഴൂർ തുടങ്ങിയ മററ് സമീപപ്രദേശങ്ങളിലും പെട്ട ആളുകളുമാണ് ഈപ്രദേശങ്ങളിലേക്ക് ആദ്യമായി കൃഷി ചെയ്യുവാനായി കടന്നുവന്നത്.

ദുർഘടമായ കാട്ടുപാതകൾ താണ്ടിയാണ് മണ്ണിൽനിന്ന് കനകം വിളയിക്കാൻ അദ്ധ്വാനശീലരായ കർഷകർ ഇവിടെയെത്തിയത്. പ്രധാനമായി ആശ്രയിച്ചിരുന്ന പാത ചേറുവാള, അടുകഴി വഴിയും, കോന്നി, പഴംകഞ്ഞിപ്പാറ, മുണ്ടോംമൂഴി, അടുക്കീറ വഴി തണ്ണിത്തോട്ടിലേക്കും തേക്കുതോട്ടിലേക്കും കുമ്മണ്ണൂർ, നടുവത്തുംമൂഴി വഴി മണ്ണീറയിലേക്കും അച്ചൻകോവിലാറ്, കല്ലാറ് എന്നീ നദികൾ താണ്ടി ഇവിടേക്ക് വന്നത്.

നാലുവർഷക്കാലം നെല്ല് കൃഷി ചെയ്തതിനു ശേഷം ഭൂമിയിൽ നട്ടു ദേഹണ്ഡങ്ങൾ ചെയ്ത് കുടുംബസമേതം സ്ഥിര താമസമുറപ്പിക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചു. കാട്ടാനയോടും മലമ്പാമ്പിനോടും പ്രകൃതിയോടും മല്ലടിച്ച് ജീവൻ പണയംവച്ച്, മരങ്ങളിൽ കെട്ടിയുയർത്തിയ ആനമാടങ്ങളിൽ അന്തിയുറങ്ങി.

ഈ കാലയളവിൽ കുടിയേറ കർഷകർ ഭക്ഷ്യവിളകളും നാണ്യവിളകളും വ്യാപകമായി കൃഷി ചെയ്യുവാൻ ആരംഭിച്ചു. ഈകുടിയേററ കർഷകരുടെ സഹായത്തിന് കർഷക തൊഴിലാളികളും സജീവമായ പങ്കുവഹിച്ചിട്ടുണ്ട്. 1947–'48 കാലഘട്ടത്തിൽ വേതനം 7 ചക്രവും (25 പൈസ) 1960–കളിൽ 50 പൈസയുമായിരുന്നു.

താമസ സൗകര്യത്തിനുവേണ്ടി പുല്ലുമേഞ്ഞ മേൽക്കൂരയും അതളകൾകൊണ്ടുള്ള ചെററയും കിടക്കുന്നതിനുവേണ്ടി തട്ടുംഅടിച്ച് ആറുകാലിൽ ആനവായൻ പുരയാണ് ഉപയോഗിച്ചിരുന്നത്.

ഈ കാലയളവിൽ ഫോറസ്ററ് ഡിപ്പാർട്ടുമെൻറിൽ നിന്ന് കുടിയൊഴിപ്പിക്കൽ ഭീഷണി കർഷകർക്കു നേരിടേണ്ടിവന്നു. ഇതിനെ അതിജീവിക്കുന്നതിനുവേണ്ടി ജാതി–മത–രാഷ്ട്രീയ ചിന്തകൾക്ക് അതീതമായി ജനങ്ങൾ ഒന്നുചേർന്ന് സഹകരണ മനോഭാവത്തോടുകൂടി 'മലനാട് കർഷകസംഘ'ത്തിൻെറയും പിന്നീട് 'തിരു–കൊച്ചി കർഷക സംഘ'ത്തിൻെറയും നേതൃത്വത്തിൽ അണിനിരന്നു. ഈ അവസരത്തിൽ കൃഷിഭൂമിയിൽ ഉറച്ചുനിൽക്കുന്നതിനും ഈശ്വരാരാധനയ്ക്കുംവേണ്ടി പള്ളികളും ക്ഷേത്രങ്ങളും നിർമ്മിച്ചു. ഇതോടൊപ്പം തന്നെ കൃഷിയിൽ പരസ്പരം സഹായിക്കുന്നതിനായി കൂട്ടുവേലയും ചെയ്തിരുന്നു.

1948-ൽ പട്ടം താണുപിള്ള തിരുവിതാംകൂർ മുഖ്യമന്ത്രിയായും 1954–ൽ തിരു–കൊച്ചി മുഖ്യമന്ത്രിയുമായിരുന്ന കാലഘട്ടത്തിലാണ് കൈയ്യേററഭൂമിയുടെ വിസ്തൃതി വർദ്ധിപ്പിച്ചത്. 1956–ൽ പ്രസിഡൻറ് ഭരണം നിലവിൽ വന്നപ്പോൾ തിരു–കൊച്ചി രാജപ്രമുഖൻെറ ഉപദേഷ്ടാവായിരുന്ന ശ്രീ. P. S. റാവു കുടിയേററ കർഷകരെ ഒഴിപ്പിക്കാൻ ഉത്തരവിടുകയും ഇതിനെതിരായി കേരള കർഷകസംഘത്തിൻെറ പ്രസിഡൻറായിരുന്ന ശ്രീ. പന്തളം പി. ആർ. മാധവൻപിള്ളയുടെയും, സി. വി. ജോണിൻെറയും നേതൃത്വത്തിൽ പ്രക്ഷോഭണം നടത്തുകയും അതിൻെറ ഫലമായി ഈ ഉത്തരവ് പിൻവലിക്കുകയും ചെയ്തു.

കേരളപ്പിറവിക്കുശേഷം രൂപം കൊണ്ട ശ്രീ. ഈ. എം. എസിൻെറ നേതൃത്വത്തിലുള്ള ആദ്യത്തെ കമ്മ്യൂണിസ്ററ് മന്ത്രിസഭ 'കൃഷി

ഭൂമി കർഷകന്' എന്നുള്ള തത്വം അംഗീകരിച്ചു. അതിനെ തുടർന്ന് 1958-ൽ ഭൂസർവേ നടപടികൾ ആരംഭിച്ചു. പക്ഷേ ആ സർവേയുടെ റിപ്പോർട്ടിലുണ്ടായ പാകപ്പിഴകൾ മൂലം അത് തള്ളിക്കളഞ്ഞു. 1960-ൽ പട്ടം താണുപിള്ള മുഖ്യമന്ത്രിയായിരുന്നപ്പോൾ റീസർവേ നടത്തി കൈവശാവകാശഭൂമിക്ക് പട്ടയം നൽകാനുള്ള നടപടി ആരംഭിച്ചു. 1966 മുതൽ താൽക്കാലിക പട്ടയം ലഭിക്കുകയും ചെയ്തു.

## തൊഴിൽ

ഈ കാലയളവിൽ പ്രധാനമായി ഈ പ്രദേശത്തുള്ള ആളുകൾ കൃഷിക്കു പുറമെ വനവിഭവങ്ങളായ ഈററ, മുള, ചൂരൽ തുടങ്ങിയവ ആററിൽ കൂടി ചങ്ങാടം കെട്ടി വടശ്ശേരിക്കര, റാന്നി തുടങ്ങിയ സ്ഥലങ്ങളിൽ എത്തിച്ച് വിററഴിച്ചാണ് ഉപജീവനം കഴിച്ചിരുന്നത്. ഇതിനുപുറമെ തേൻ, പൂവത്തിരി, ഇഞ്ച, ചണ്ണയ്ക്ക, കുന്തിരിക്കം, ഏലം, വഴണ, പൊന്നമ്പൂവ്, പുളി മുതലായവയും ശേഖരിച്ച് അന്യസ്ഥലങ്ങളിൽ എത്തിച്ചാണ് ഉപജീവനം കഴിഞ്ഞിരുന്നത്.

## വികസനങ്ങൾ

കൈവശഭൂമിയിൽ സ്ഥിരാവകാശം ലഭിക്കുന്നതിനാവശ്യമായ സംഘടിത ശ്രമങ്ങൾ നടക്കുന്നതിനോടൊപ്പം തന്നെ ഗതാഗത, വിദ്യാഭ്യാസ, സാംസ്കാരിക സാമൂഹ്യ രംഗങ്ങളിലുള്ള വികസന പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നു. അറിവിന്റെ ബാലപാഠങ്ങൾ ആദ്യമായി പകർന്നു കൊടുത്തവരിൽ പ്രമുഖരാണ് ശ്രീമതി കല്ല്യാണിയമ്മയും പരേതനായ സുകുമാരൻ വൈദ്യർ നാണു ആശാൻ തുടങ്ങിയവർ.

തണ്ണിത്തോട്ടിൽ നിന്ന് വനത്തിൽ കൂടി 6 കി. മീ. അകലെയുള്ള ചിററാററിലും, 16 കി. മീ. അകലെയുള്ള കോന്നിയിലേക്കും കാൽനടയായി യാത്രചെയ്താണ് പഠനം നടത്തിയിരുന്നത്. ഇന്നാട്ടിൽ പ്രാഥമിക വിദ്യാഭ്യാസം ലഭിക്കുന്നതിനു വേണ്ടി എം. എസ്. സി. മാനേജ്മെൻറിന്റെ ചുമതലയിൽ തണ്ണിത്തോട്ടിലും മണ്ണീറയിലും ശ്രീ. കെ. നാരായണന്റെ ചുമതലയിലും സഹകരണത്തിലും തേക്കുതോട്ടിലും ശ്രീ. എ. കൊച്ചുരാമന്റെ മാനേജ്മെൻറിൽ തണ്ണിത്തോട്ടിലും ശ്രീ. കൊടുന്തറ കേശവപിള്ള സാറിന്റെ നേതൃത്വത്തിൽ എലിമുള്ളുംപ്ലാക്കലിലും ഗവൺമെൻറ് അംഗീകാരമില്ലാതെ തന്നെ തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഗവൺമെൻറ് അംഗീകാരത്തോടുകൂടി തണ്ണിത്തോട് ഗവൺമെൻറ് യു. പി. സ്കൂൾ 1957 ലും തേക്കുതോട് എൽ. പി. സ്കൂൾ 1961 ലും 1976-ൽ ഹൈസ്കൂളായും മണ്ണീറ സെൻറ്. തോമസ് എൽ. പി. സ്കൂൾ 1964 ലും എലിമുള്ളുംപ്ലാക്കൽ യു. പി. സ്കൂൾ 1961 ലും തണ്ണിത്തോടിന്റെ ഭാവിഭാഗധേയങ്ങൾ മാററിമറിച്ച സെൻറ് ബനഡിക്ട്സ് എം. എസ്. സി. ഹൈസ്കൂൾ 1964- ലും പ്രവർത്തനം ആരംഭിച്ചു.

ആദ്യകാലത്തുതന്നെ കലാ-സാംസ്കാരിക സമിതികൾ ഇവിടെ പ്രവർത്തിച്ചിരുന്നു. അവയിൽ ചിലതാണ് തണ്ണിത്തോട് ഉദയകലാസമിതി, നെഹ്റു മെമ്മോറിയൽ വായനശാല, തേക്കുതോട് ഭഗത്സിംഗ് മെമ്മോറിയൽ വായനശാല എന്നിവ. ഈ കാലയളവിൽ ആദ്യകാലങ്ങളിൽ ഉണ്ടായിരുന്നവരിൽ ഭൂരിപക്ഷം പേരും തിരിച്ചുപോവുകയും പുതിയതായി ആളുകൾ രംഗപ്രവേശം ചെയ്യുകയും ചെയ്തു.

ഇന്നത്തെ ജനകീയാസൂത്രണ പ്രസ്ഥാനത്തിന് മാതൃകയാകത്തക്കവണ്ണം ഈ പ്രദേശത്തെ ജനങ്ങൾ സംഘടിതമായി മനുഷ്യാധ്വാനം ഉപയോഗിച്ചു വിഭവങ്ങൾ സമാഹരിച്ച് കോന്നി അതുമ്പുംകുളം — തണ്ണിത്തോട്, തണ്ണിത്തോട് — ചിററാർ, തണ്ണിത്തോട് — തേക്കുതോട്, തണ്ണിത്തോട് കുടപ്പന - മണിയാർ, തണ്ണിത്തോട് മണ്ണീറ തുടങ്ങിയ റോഡുകൾ നിർമ്മിക്കുകയും കല്ലാററിൽ ചപ്പാത്ത് നിർമ്മിക്കുകയും ചെയ്തു. കടത്തുവള്ളത്തിൽ സഞ്ചരിച്ചാണ് കല്ലാറും അച്ചൻകോവിലാറും കടന്ന് മററുപ്രദേശങ്ങളിൽ എത്തിച്ചേർന്നത്.

1964- ലെ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ അരുവാപ്പുലം പഞ്ചായത്തിന്റെ 8, 9 വാർഡുക

ളിലായി തേക്കുതോട് മണ്ണീറ തണ്ണിത്തോട് എന്നിവിടങ്ങളിൽ നിന്ന് ശ്രീ. തോമസ് വർഗീസും ശ്രീ. എ. കൊച്ചുരാമനും ശ്രീ. കെ. നാരായണനും മെമ്പറന്മാരായി തെരഞ്ഞെടുക്കപ്പെട്ടു. ഇതോടു കൂടി മലയോര ഗ്രാമത്തിന്റെ ശബ്ദം ഗവൺമെൻറിലും മററു പ്രദേശങ്ങളിലും വാർത്താ മാധ്യമങ്ങളിൽ കൂടി ശ്രദ്ധിക്കപ്പെട്ടു.

1964 ഫെബ്രുവരി 14–ൽ നിലവിൽ വന്ന ഗ്രാമസേവക ആഫീസ് ആണ് ആദ്യത്തെ സർക്കാർ സ്ഥാപനം 1965 സെപ്ററംബർ 19 ന് ഫാമിലി വെൽഫയർ സെൻറർ, 1966–ൽ ശ്രീ. തോമസ് വർഗീസ് പ്രസിഡൻറായി തണ്ണിത്തോട് കോപ്പറേററിവ് സൊസൈററി, 1958 ൽ ഹരിജൻ സൊസൈററി തുടങ്ങിയവ നിലവിൽ വന്നു.

1967–ൽ വാർത്താവിനിമയ രംഗത്ത് നിരന്തരമായ 4 വർഷത്തെ കഠിനാധ്വാനത്തിന്റെയും നിവേദനത്തിന്റെയും ഫലമായി 462 രൂ. 36 സ. കെട്ടിവച്ച് ഇൻഡ്യാ ഗവൺമെൻറിൽ നിന്ന് പോസ്ററോഫീസ് അനുവദിച്ചു. 1963 മുതൽ അതുവരെയും എഴുത്തുകൾ ലഭിച്ചിരുന്നത് എലിമുള്ളുംപ്ലാക്കൽ പോസ്ററോഫീസിൽ നിന്നാണ്. 1976–ൽ തേക്കുതോട്ടിലും 1981–ൽ മണ്ണീറയിലും പോസ്ററോഫീസ് പ്രവർത്തനം ആരംഭിച്ചു. 1996–ൽ തണ്ണിത്തോട് പോസ്ററോഫീസ് സബ് പോസ്ററോഫീസായി ഉയർത്തി.

1967– ഡിസംബർ 28–ാം തീയതി തണ്ണിത്തോട്ടിൽ പബ്ലിക്ക് മാർക്കററ് നിലവിൽ വന്നു. ഇതിന് മുമ്പ് ജനങ്ങൾ ആശ്രയിച്ചിരുന്നത് കോന്നി, കല്ലേലിതോട്ടം, ചെങ്ങറത്തോട്ടം, ചിററാർ തുടങ്ങിയ മാർക്കററുകളെയാണ്. സാധനങ്ങൾ തലച്ചുമടായും കാളവണ്ടിയിലുമാണ് എത്തിച്ചിരുന്നത്.

1968 ഫെബ്രുവരി 1–ാം തീയതി ഗവൺമെൻറ് ഡിസ്പെൻസറി ആരോഗ്യവകുപ്പു മന്ത്രി ശ്രീ. ബി. വെല്ലിംഗ്ടൺ ഉദ്ഘാടനം ചെയ്തു. ഇതോടു കൂടിയാണ് നാളതുവരെ ജനങ്ങൾ അനുഭവിച്ച ആരോഗ്യ പ്രശ്നത്തിന് കുറെയെങ്കിലും പരിഹാരം ഉണ്ടായത്. അതിന് മുമ്പ് ജനങ്ങൾ പ്രധാനമായി ആശ്രയിച്ചത് നാട്ടു ചികിൽസയാണ്. വിഷചികിൽസയിൽ ഇരട്ടകല്ലുങ്കൽ ശ്രീ. ഗോവിന്ദനും ശ്രീ. സുകുമാരൻ തുടങ്ങിയവരും ഉണ്ടായിരുന്നു. രോഗം മൂർച്ഛരിച്ചാൽ ഏററവും അടുത്ത ആശുപത്രികളിൽ എത്തിച്ചിരുന്നത് മുളയിൽ ചാക്കുകെട്ടി അതിൽ ആളിനെ കിടത്തി തോളിലേററി കാൽനടയായിട്ടാണ്. സ്ഥിരമായി ആശുപത്രി കെട്ടിടമോ താമസസൗകര്യമോ യാത്രാസൗകര്യമോ ഇല്ലാതിരുന്നതിനാൽ ഡോക്ടർമാർ പലപ്പോഴും ഇല്ലായിരുന്നു. നാട്ടുകാർ സംഭാവനയായി തന്ന ഒരേക്കർ സ്ഥലത്തിൽ നിർമ്മിച്ച ആശുപത്രി കെട്ടിടത്തിന്റെ ഉദ്ഘാടനം 1977–ൽ ആരോഗ്യ മന്ത്രി ശ്രീ. ജെ. ചിത്തരഞ്ജൻ നിർവഹിച്ചു. പിന്നീട് 10 കിടക്കകളോടു കൂടിയ വാർഡ് ആരോഗ്യ മന്ത്രി ശ്രീ. ആർ. രാമചന്ദ്രൻ നായർ ഉദ്ഘാടനം ചെയ്തു. എന്നാൽ രോഗികളെ കിടത്തി ചികിൽസിക്കുന്നുമില്ല. ഫാമിലി വെൽഫയർ സെൻറർ 1973–ൽ ആരോഗ്യ മന്ത്രി ശ്രീ. എൻ. കെ. ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. മണ്ണീറയിൽ 1995–ൽ ഹോമിയോ ആശുപത്രിയും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

## കാവിൽ ജംഗ്ഷൻ പാലം

തണ്ണിത്തോട്ടിലെ ആദ്യത്തെ ജനകീയ സംരംഭം ആരംഭിക്കുന്നത് കാവിൽ ജംഗ്ഷൻ പാലത്തിന്റെ പണിയോട് അനുബന്ധിച്ചാണ്. തണ്ണിത്തോട് പ്രാദേശിക വികസന സമിതി സമാഹരിച്ച തുകയും കോന്നി ബ്ലോക്കിൽ നിന്ന് ലഭിച്ച തുകയും ചേർത്താണ് കാവിൽ ജംഗ്ഷനിലുള്ള പാലം നിർമ്മിച്ചിരിക്കുന്നത്. ഈ പാലത്തിന്റെ പണിക്ക് നേതൃത്വം നൽകിയത് ബഹു. മാക്കീലച്ചൻ ആയിരുന്നു.

1969–ൽ അരുവാപ്പുലം പഞ്ചായത്തിന്റെയും തണ്ണിത്തോട്ടിലെ ജനങ്ങളുടേയും സംയുക്തമായ പങ്കാളിത്തത്തോടു കൂടി നിർമ്മിച്ച കൂത്താടിമൺ തടിപ്പാലത്തിന്റെ ഉദ്ഘാടനം പഞ്ചായത്ത് രാജ് സ്പെഷ്യൽ ഓഫീസർ ശ്രീ. ആർ. രാമചന്ദ്രൻ നായർ നിർവ്വഹിച്ചു.

1970–ൽ മണ്ണൊലിപ്പ് തടയുന്നതിനു വേണ്ടി മണ്ണുസംരക്ഷണ പദ്ധതി ആരംഭിച്ചു.

1973—ൽ കോന്നി പോലീസ് സ്റ്റേഷൻെറ കീഴിൽ തണ്ണിത്തോട്ടിൽ പോലീസ് ഔട്ട് പോസ്റ്റ് അനുവദിച്ചു. 1974—ൽ പബ്ലിക്ക് കോൾ ഓഫീസ് നിലവിൽ വന്നു. 16 കി. മീ. വനത്തിൽ കൂടി ലൈൻ വലിച്ച് ബാഹ്യലോകവുമായി ബന്ധപ്പെടുത്തുന്നതിനുള്ള മാധ്യമമായി പബ്ലിക് കോൾ ഓഫീസ് കേരള പോസ്റ്റ് മാസ്റ്റർ ജനറൽ ശ്രീ. അരുണാചലം നിർവഹിച്ചു.

## പൊതു മേഖലാ സ്ഥാപനം

1974—ൽ പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരളാ ലിമിറ്റഡിൻെറ കീഴിൽ തണ്ണിത്തോട്ടിൽ റബ്ബർ കൃഷിയാരംഭിച്ചു. തണ്ണിത്തോടിനും തേക്കുതോടിനും മദ്ധ്യത്തിൽ കല്ലാററിൻ തീരത്തുള്ള ഇടവനം മന്നം ഷുഗർ മില്ലിൻെറ കീഴിൽ കരിമ്പു കൃഷി നടത്തുന്നതിനു വേണ്ടി വെട്ടിത്തെളിച്ചു. കരിമ്പു കൃഷി ലാഭകരമല്ലെന്നു കണ്ടപ്പോൾ അവർ ആ ഉദ്യമത്തിൽ നിന്ന് പിൻവലിയുകയും വീണ്ടും തേക്ക് പ്ലാൻറ് ചെയ്യുന്നതിനായി വനം വകുപ്പ് ശ്രമിച്ചു. അതിനു വേണ്ടി തേക്ക് തവാരണയ്ക്കുള്ള ശ്രമമാരംഭിച്ചപ്പോൾ പഞ്ചായത്ത് മെമ്പറായിരുന്ന ശ്രീ. തോമസ് വർഗീസിൻെറയും M. L. A. ആയ ശ്രീ. പി. ജെ. തോമസിൻെറയും ബഹുജനങ്ങളുടെയും സംഘടിതമായ എതിർപ്പ് മൂലവും ഗവൺമെൻറിൽ നൽകിയ നിവേദനത്തിൻെറയും സമ്മർദ്ദത്തിൻെറയും ഫലമായി ഈ സ്ഥലം പ്ലാന്റേഷൻ കോർപ്പറേഷന് റബ്ബർ പ്ലാൻറ് ചെയ്യുന്നതിനായി 2500 ഏക്കർ സ്ഥലം അലോട്ട്മെൻറ് ചെയ്തു. ഈ കാലഘട്ടത്തിൽ ശ്രീ. സി. അച്യുതമേനോൻ മുഖ്യമന്ത്രിയും ശ്രീ. കെ. ജി. അടിയോടി വനം മന്ത്രിയും ശ്രീ. വക്കം പുരുഷോത്തമൻ കൃഷി മന്ത്രിയും ശ്രീ. കൊടുമൺ ജി. ഗോപിനാഥൻ നായർ പ്ലാന്റേഷൻ കോർപ്പറേഷൻ ചെയർമാനുമായിരുന്നു. തുടക്കത്തിൽ 500 ഏക്കറും ഒരു ഡിവിഷനുമായിരുന്നത് ഇന്ന് 1500 ഏക്കറായി വർദ്ധിക്കുകയും 3 ഡിവിഷനുമാകുകയും 31 സ്റ്റാഫും 304 തൊഴിലാളികൾ പണിയെടുക്കുകയും ചെയ്യുന്നു.

ഈ സ്ഥാപനം ഇവിടെ തുടങ്ങിയതുകൊണ്ട് രൂക്ഷമായിരുന്ന തൊഴിലില്ലായ്മയും ദാരിദ്ര്യവും പരിഹരിക്കുന്നതിന് ഇന്നും സഹായിച്ചുകൊണ്ടിരിക്കുന്നു. ഈ പഞ്ചായത്തിൽ വ്യാപകമായ രീതിയിൽ അത്യുല്പാദനശേഷിയുള്ള റബ്ബർ കൃഷി ചെയ്യുന്നതിന് ഈ സംരംഭം ഒരു നിമിത്തമായിരുന്നു.

1975—ൽ മൃഗാശുപത്രിയുടെ ഉദ്ഘാടനം കൃഷി മന്ത്രി ശ്രീ. വക്കം പുരുഷോത്തമൻ നിർവഹിച്ചു. 1976—ൽ വില്ലേജാഫീസ് രൂപം കൊണ്ടു. ഉദ്ഘാടനം കൊല്ലം ജില്ലാ കളക്ടർ ശ്രീ. ബാബു ജേക്കബ് നിർവഹിച്ചു. ഈ വില്ലേജ് ഉൾകൊള്ളുന്ന പ്രദേശങ്ങൾ തണ്ണിത്തോട്, തേക്കുതോട്, മണ്ണീറ, കുടപ്പനക്കുളം എന്നിവയായിരുന്നു.

## മുണ്ടോം മൂഴിപ്പാലം

രണ്ടു ദശാബ്ദക്കാലത്തെ നിരന്തരമായ പരിശ്രമത്തിൻെറ ഫലമായി സംസ്ഥാന ഗവൺമെൻറിനും ഇന്ത്യൻ പ്രധാന മന്ത്രിക്കും നൽകിയ നിവേദനങ്ങളുടെ ഫലമായി മലയോര നിവാസികളുടെ ചിരകാലാഭിലാഷം സാക്ഷാത്കരിച്ചുകൊണ്ട് P W D ഏറ്റെടുക്കാത്ത റോഡിൽ കല്ലാററിന് കുറുകെ മുണ്ടോം മൂഴിയിൽ പാലം നിർമ്മിക്കുന്നതിന് ടോക്കൺ ബഡ്ജററിൽ 100 രൂപ ഉൾക്കൊള്ളിച്ച് അന്നത്തെ പൊതുമരാമത്ത് മന്ത്രിയായിരുന്ന ശ്രീ. ററി. കെ ദിവാകരൻ ഭരണാനുമതി നൽകി. തുടർന്ന് 1977—ൽ പാലം പണി പൂർത്തീകരിച്ച് പൊതുമരാമത്ത് മന്ത്രി ശ്രീ. കെ. പങ്കജാക്ഷൻ ഉദ്ഘാടനം നിർവഹിച്ചു.

## റോഡ്

അതുമ്പുംകുളം — തണ്ണിത്തോട് റോഡ് ബസ് വരുന്നതിനുവേണ്ടി ഈ പ്രദേശത്തെ പൊതുജന പങ്കാളിത്തത്തോടുകൂടി 13026 രൂ. സംഭാവന പിരിവും നിർമ്മാണ പ്രവർത്തനം നടത്തിയും 26—1—1977 ൽ പ്രൈവററ് ബസ് സർവ്വീസ് നടത്തുകയും തുടർന്ന് ട്രാൻസ്പോർട്ട് ബസ് സർവ്വീസ് നടത്തുകയും ചെയ്തു.

## പഞ്ചായത്ത് രൂപീകരണം

ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന കാലഘട്ടത്തിൽ 10 – 5 – 1978 ൽ അരുവിപ്പുലം പഞ്ചായത്തിന്റെ 8–ാം വാർഡായ മണ്ണിറയും, തേക്കുതോടും, 9–ാം വാർഡായ തണ്ണിതോടും, കോന്നി പഞ്ചായത്തിന്റെ 9 – ാം വാർഡിൽപ്പെട്ട എലിമുള്ളുംപ്ലാക്കൽ പ്രദേശവും ചേർത്ത് തണ്ണിത്തോട് പഞ്ചായത്ത് നിലവിൽ വന്നു.

തണ്ണിത്തോട് വില്ലേജിലെ കുടപ്പനക്കുളം പ്രദേശമൊഴികെ കോന്നിത്താഴം വില്ലേജിന്റെ ഭാഗമായ എലിമുള്ളുംപ്ലാക്കലും കൂടി ചേർന്ന പ്രദേശമാണ് തണ്ണിത്തോട് പഞ്ചായത്ത്.

ടി പഞ്ചായത്തിന്റെ പ്രഥമ പ്രസിഡൻറായി ശ്രീ. തോമസ് വർഗീസ്, വൈസ് പ്രസിഡൻറായി ശ്രീ. വി. ജനാർദ്ദനൻനായർ ശ്രീ. കെ. നാരായണൻ ശ്രീ. സി. എം. തോമസ്, ശ്രീ. എ. കൊച്ചുരാമൻ, ശ്രീ. എം. ആർ. ചന്ദ്രശേഖര പിള്ള, ശ്രീ. ജോർജ് ജോസഫ്, ശ്രീ. മുഹമ്മദ മൈതീൻ റാവുത്തർ, ശ്രീമതി സൗദാമിനി എന്നിവർ കമ്മിററിയംഗങ്ങളായും ഉള്ള അഡ്മിനിസ്ട്രേററിവ് കമ്മിററിയെ ഗവൺമെൻറ് നിശ്ചയിച്ചു.

ടി പഞ്ചായത്തിന്റെ ഔപചാരികമായ ഉദ്ഘാടനം 1979 മെയ് 3–ാം തീയതി കേരളാ ഗവർണർ ആയിരുന്ന ശ്രീമതി ജ്യോതി വെങ്കിടചെല്ലം നിർവ്വഹിച്ചു.

25–12–1978–ൽ മിനിമം ഗാരൻറി വ്യവസ്ഥയിൽ തണ്ണിത്തോട്ടിൽ വൈദ്യുതി എത്തി. തുടർന്ന് ഈ പ്രദേശത്തിന്റെ എല്ലാ ഭാഗങ്ങളിലും പലസ്കീമുകളിലും ഉൾപ്പെടുത്തി വൈദ്യുതി വിതരണം നടത്തിയിട്ടുണ്ട്.

## ടെലഫോൺ എക്സ്ചേഞ്ച്

31–3–1981–ൽ കേന്ദ്ര വാർത്താവിനിമിയ മന്ത്രിയായിരുന്നു അന്തരിച്ച ശ്രീ. സി. എം. സ്ററീഫന്റെ കാലത്ത് ടെലഫോൺ എക്സ്ചേഞ്ചിന്റെ നിർമ്മാണം നടന്നു.

30–3–1991– ൽ പത്തനംതിട്ടയിലെ ആദ്യത്തെ ഇലക്ട്രോണിക്സ് ടെലഫോൺ എക്സ്ചേഞ്ച് തണ്ണിത്തോട്ടിൽ നിലവിൽ വന്നു. ഇന്ന് ISD, STD സൗകര്യങ്ങൾ ഉള്ളഒരു ടെലഫോൺ എക്സ്ചേഞ്ച് നിലവിലുണ്ട്.

1982– ൽ തണ്ണിത്തോട് പഞ്ചായത്തിനെ ഗ്രാമോത്സവ പഞ്ചായത്തായി തെരഞ്ഞെടുക്കുകയും അതിന്റെ ഫലമായി വിവിധ ഡിപ്പാർട്ടുമെൻറിന്റെ പ്രവർത്തനം ത്വരിതപ്പെടുത്തുകയും ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം ലഭിക്കുകയും ചെയ്തു.

## പോലീസ് സ്റേറഷൻ

1986– ൽ കേരള മുഖ്യമന്ത്രിയായ ശ്രീ. കെ. കരുണാകരൻ അനുവദിച്ച പോലീസ് സ്റേറഷൻ ശ്രീ. ഇ. കെ. നായനാർ മുഖ്യമന്ത്രിയായപ്പോൾ പ്രവർത്തനം ആരംഭിച്ചു.

L. D .F. ഗവൺമെൻറിന്റെ ഭരണകാലത്ത് 1987– ൽ കൃഷിഭവൻ പ്രവർത്തനം തുടങ്ങി.

## ഗതാഗതം, റോഡ്

തണ്ണിത്തോടിന്റെയും മററു സമീപ പ്രദേശങ്ങളുടെയും പുരോഗതിക്കും ഗതാഗത സൗകര്യത്തിനും നിർണ്ണായകമായ സ്വാധീനം ചെലുത്താൻ കഴിയുന്ന ഒരു റോഡാണ് കോന്നി– തണ്ണിത്തോട്– ചിററാർ– ആങ്ങമൂഴി റോഡ്. ഈ റോഡ് പൂർത്തീകരിക്കപ്പെട്ടു കഴിഞ്ഞാൽ പ്രധാന തീർത്ഥാടന കേന്ദ്രമായ ശബരിമലയിലേക്ക് തമിഴ്നാട്ടിൽ നിന്നും വരുന്നവർക്ക് 38 കി. മീ. ലാഭിക്കുവാൻ കഴിയും. ഇതിന് 12 മീററർ വീതിയിൽ സർവ്വേ നടത്തി കല്ലിട്ടിരുന്നു. എന്നാൽ കേന്ദ്ര ഗവൺമെൻറിന്റെ വന സംരക്ഷണനിയമം നിലവിൽ വന്നതുകൊണ്ട് ആ ശ്രമം നടന്നില്ല. 1982–ൽ 3190000 രൂപയുടെ തുകയ്ക്ക് റോഡ് പണി തുടങ്ങുന്നതിനുള്ള ഭരണാനുമതി ലഭിച്ചെങ്കിലും പല സാങ്കേതിക കാരണങ്ങളാൽ പണി ആരംഭിച്ചില്ല. 1987 –ൽ L. D. F. ഗവൺമെൻറിന്റെ കാലത്ത് പൊതുമരാമത്ത് മന്ത്രിയായ ശ്രീ. ററി കെ. ഹംസയുടെ പ്രത്യേക താല്പര്യപ്രകാരം നില

വിലുള്ള വീതിയിൽ വനത്തിൽ മാത്രം പണി തുടങ്ങുന്നതിന് തീരുമാനമാകുകയും തുടർന്ന് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്യുകയും ചെയ്തു. 1991 - ൽ റോഡിന്റെ ഒന്നാം ഘട്ടം പണി പൂർത്തീകരിക്കുകയും പൊതുമരാമത്ത് മന്ത്രി ശ്രീ. പി. കെ. കെ. ബാവ റോഡ് ഉദ്ഘാടനം ചെയ്തു. തുടർന്ന് റോഡിന്റെ രണ്ടാംഘട്ടം പണിയാരംഭിക്കുകയും 1996– ൽ പൂർത്തീകരിക്കുകയും ചെയ്തു. റോഡിന്റെ മൂന്നാം ഘട്ടത്തിന്റെ പണി ദ്രുതഗതിയിൽ നടത്തി പൂർത്തീകരിക്കപ്പെടേണ്ടത് ആവശ്യമാണ്.

## മാവേലി സ്റ്റോർ

പൊതുവിതരണ ശൃംഖലയിലൂടെ ന്യായമായ വിലയിൽ ഭക്ഷ്യ സാധനങ്ങൾ വിതരണം ചെയ്യുന്നതിന് മാവേലി സ്റ്റോർ പ്രവർത്തനം ആരംഭിച്ചു.

## പശ്ചിമഘട്ടം

പശ്ചിമഘട്ട വികസന പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

## സാങ്കേതിക വിദ്യാഭ്യാസം

സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് ഒരു പുതിയ അധ്യായം കുറിച്ചുകൊണ്ട് കേന്ദ്രഗവൺമെന്റിന്റെ അംഗീകാരത്തോടുകൂടി മലങ്കര ഓർത്തഡോക്സ് സഭ–തുമ്പമൺ ഭദ്രാസനത്തിന്റെ ചുമതലയിൽ തണ്ണിത്തോട്ടിൽ ഫാ. പി. എം. സാമുവൽ ഐ. റ്റി. സി. 1996–ൽ പ്രവർത്തനം ആരംഭിച്ചു.

കംപ്യൂട്ടർ പരിശീലനം എലിമുള്ളുംപ്ലാക്കൽ ഗവ. ഹൈസ്കൂളിൽ ആരംഭിക്കുകയും തേക്കുതോട് ഗവ. ഹൈസ്കൂളിൽ തുടങ്ങുന്നതിനുള്ള അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്.

പഞ്ചായത്തിൽ ഒരു മിനി സ്റ്റേഡിയവും ഓപ്പൺ എയർ തീയേറ്ററിന്റെയും ശിലാസ്ഥാപനം തദ്ദേശസ്വയം ഭരണ വകുപ്പു മന്ത്രി ശ്രീ. വി. ജെ. തങ്കപ്പൻ നിർവ്വഹിക്കുകയും തുടർന്ന് ഉദ്ഘാടനം മന്ത്രി ശ്രീ. സി. റ്റി. അഹമ്മദലി നിർവഹിക്കുകയും ചെയ്തു.

തണ്ണിത്തോടിനെ തണ്ണിത്തോടായി മാററിയതിൽ സർവ്വതോമുഖമായ പ്രവർത്തനത്തിൽ പങ്കുചേർത്ത വർത്തമാന പത്രങ്ങളാണ് മലയാള മനോരമ, മലയാളരാജ്യം, കേരളധ്വനി മുതലായവ.

1964 മുതൽ പഞ്ചായത്ത് മെമ്പർ എന്ന നിലയിൽ 1978 വരെയും 1978 മുതൽ 1995 വരെ പഞ്ചായത്ത് പ്രസിഡന്റ് എന്ന നിലയിലും നീണ്ട 31 വർഷക്കാലം കൊണ്ട് തണ്ണിത്തോടിന്റെ മുഖഛായ മാറുന്നതിൽ നിർണ്ണായക പങ്ക് വഹിച്ച ശ്രീ. തോമസ് വർഗീസിന്റെ നിസ്വാർത്ഥ സേവനങ്ങളോട് എന്നും ഈ നാട്ടിലെ ജനങ്ങൾ കടപ്പെട്ടിരിക്കുന്നു.

ആദ്യകാലഘട്ടത്തിൽ തണ്ണിത്തോടിന്റെ സാമൂഹ്യ വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിച്ച പ്രമുഖരിൽ ചിലരാണ് തിരുവനന്തപുരം ആർച്ച് ബിഷപ്പ് അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രീഗോറിയോസ് വന്ദ്യ. പി. ഐ. മാത്യൂസ് റമ്പാൻ, റവ. ഫാ. ലൂക്ക് മാക്കീൽ, റവ. ഫാ. പി. എം. ശമുവേൽ ശ്രീ. സി. വി. ജോൺ, സ്വാതന്ത്ര്യ സമര സേനാനിയായ കുറത്തിയാട്ട് തോമസ്, ശ്രീ. എ. കൊച്ചുരാമൻ. ശ്രീ. ചെല്ലപ്പൻപിള്ള, കാവിൽ കൃഷ്ണപ്പിള്ള, ശ്രീ. രാഘവപണിക്കർ. ശ്രീ. എ. കെ. ഗോവിന്ദൻ, ശ്രീ. സി. എ. തോമസ്, ശ്രീ. എം. ആർ. ചന്ദ്രശേഖരപിള്ള ശ്രീ. കെ. കേശവപിള്ള, ശ്രീ. കെ. കൃഷ്ണൻ. തുടങ്ങിയവർ.

തുടർന്നു വന്ന രണ്ടു തെരഞ്ഞെടുപ്പുകളിലായി വന്ന പഞ്ചായത്ത് ഭരണ സമിതിയംഗങ്ങൾ.

**29–9–1979**

1. ശ്രീ. തോമസ് വർഗീസ്
2. ശ്രീ. എം. എം. തോമസ്
3. ,, ഗീവർഗീസ് ശാമുവേൽ
4. ,, സി. എം. തോമസ്
5. ,, എൻ. കുട്ടപ്പൻ
6. ,, വി. ജനാർദ്ദനൻ നായർ
7. ശ്രീമതി സുമതി തങ്കപ്പൻ
8. ,, എ. കൊച്ചുരാമൻ

**23–1–1988**

1. ശ്രീമതി രുഗ്മിണിയമ്മാൾ
2. ശ്രീ. തോമസ് വർഗീസ്
3. ശ്രീ. എ. കൊച്ചുരാമൻ
4. ശ്രീമതി ജി. സരസമ്മ
5. ,, ജോസഫ് അലക്സാണ്ടർ
6. ശ്രീ. റ്റി. പി. വർഗീസ്
7. ,, എൻ. ലാലാജി
8. ,, കെ. രാജപ്പൻ

വിവിധ കാലഘട്ടങ്ങളിൽ നമ്മെ പ്രതിനിധീകരിച്ച ജനപ്രതിനിധികൾ

**എം. പി. മാർ**

ശ്രീ. ആർ. രവീന്ദ്രവർമ്മ
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
ശ്രീ. കെ. കുഞ്ഞമ്പു
ശ്രീ. പി. സി. ആദിച്ചൻ
,, പി. കെ. കൊടിയൻ
,, കൊടിക്കുന്നിൽ സുരേഷ്

**എം. എൽ. എ മാർ**

ശ്രീ. തോപ്പിൽ ഭാസി
,, ബി. രവീന്ദ്രനാഥ്
,, പി. ജെ. തോമസ്
,, ശശാങ്കൻ നായർ
,, അടൂർ പ്രകാശ്
ശ്രീ. ഹരിചന്ദ്രൻ നായർ
,, പന്തളം പി. ആർ. മാധവൻപിള്ള
,, വി. എസ്. ചന്ദ്രശേഖരപിള്ള
,, എ. പത്മകുമാർ

**ബ്ലോക്ക് പഞ്ചായത്ത് മെമ്പർ** ശ്രീ. പി. സി. ശ്രീകുമാർ

**ജില്ലാ പഞ്ചായത്ത് മെമ്പർ** ,, മാത്യു കുളത്തുങ്കൽ

# 4 ഭൂപ്രകൃതിയും വിഭവങ്ങളും

ദക്ഷിണ സഹ്യാദ്രിയുടെ പടിഞ്ഞാറെ ചരുവിലായി സ്ഥിതി ചെയ്യുന്ന ഹൈലാൻറ് കാർഷിക മേഖലയാണ് തണ്ണിത്തോട് ഗ്രാമ പഞ്ചായത്ത്. ഈ പഞ്ചായത്തിന്റെ വിസ്തീർണ്ണം 45.5 ച.കി.മീററാണ്, പട്ടയ ഭൂമിയും പട്ടയം ലഭിച്ചിട്ടില്ലാത്ത കൈവശ ഭൂമിയും കൂടിച്ചേർന്ന ഈ പഞ്ചായത്ത് റാന്നി,കോന്നി, ഫോറസ്ററ് ഡിവിഷനുകളിൽ ഉൾപ്പെടുന്ന വന മദ്ധ്യത്തിലായി സ്ഥിതിചെയ്യുന്നു. തണ്ണിത്തോട്, കോന്നി താഴം വില്ലേജുകളുടെ പ്രവർത്തന പരിധിക്കുള്ളിൽ ഉൾപ്പെടുന്നതാണ് ഈ പഞ്ചായത്ത്.

## ഭൂപ്രകൃതി

ഭൂപ്രകൃതി അനുസരിച്ച് തണ്ണിത്തോട് പഞ്ചായത്തിനെ പ്രധാനമായും മൂന്നായി തിരിക്കാം.

1 ഉയർന്ന സമതലം
2 ചരിവു പ്രദേശം
3 താഴ്‌വര പ്രദേശം

### 1 ഉയർന്ന സമതലം

ഈ ഭൂവിഭാഗത്തിൽ തുമ്പാക്കുളം, മേൽത്തട്ട്, മൂർത്തിമൺ കോട്ടമുരുപ്പ്, മണ്ണീറ തലമാനം അമ്പലം ഭാഗം, മേക്കണ്ണം ശ്രീലങ്ക എന്നീ പ്രദേശങ്ങൾ ഉൾപ്പെടുന്നു. മലമുകളിൽ താരതമ്യേന നിരപ്പു പ്രദേശമായ ഇവിടെ വളക്കൂറുള്ള ചെമണ്ണും, കറുത്തമണ്ണും കാണപ്പെടുന്നു.

### 2 ചരിവു പ്രദേശം

ഇടത്തരം ചരിവുകളും, കുത്തനെയുള്ള ചരിവുകളും ഉൾപ്പെടുന്ന ഈ ഭൂവിഭാഗമാണ്. വിസ്തൃതിയിൽ ഏററവും കൂടുതൽ അഞ്ചുകുഴി, മേടപ്പാറ, കെ കെ പാറ, വി കെ പാറ, മണ്ണീറ, എലിമുള്ളുംപ്ലാക്കൽ, പറക്കുളം പൂച്ചക്കുളം, തൂമ്പാക്കുളം, മൂർത്തിമൺ, ഏഴാംതല എന്നീ പ്രദേശങ്ങൾ ഈ ഭൂവിഭാഗത്തിൽ ഉൾപ്പെടുന്നു. ഇവിടെ ആഴത്തിലുള്ളതും, ചെമ്മണ്ണു നിറഞ്ഞതുമായ മൺതരമാണ് കൂടുതലായി കാണപ്പെടുന്നത്. ചില ഭാഗങ്ങളിൽ കല്ലുകളുള്ള കറുത്തമണ്ണും. വള്ളാരൻ കല്ലുകൾ ഉള്ള മണ്ണും ചെങ്കല്ലുമണ്ണും കാണപ്പെടുന്നു. ഈ പഞ്ചായത്തിലെ ഏററവും ഉയരമുള്ള പ്രദേശം പറക്കുളത്ത് പ്ലാൻേറഷനിൽ സ്ഥിതി ചെയ്യുന്ന പറക്കുളം കുന്നാണ്. ഈ ഭൂവിഭാഗത്തിലെ പ്രധാനമായ കൃഷി റബ്ബർ, കുരുമുളക്, കശുമാവ്, തെങ്ങ് മരച്ചീനി എന്നിവയാണ്. പ്രധാന പരിസ്ഥിതി പ്രശ്നമായ മണ്ണൊലിപ്പു തടയാൻ ഫലപ്രദമായ ഉപാധികൾ ഇല്ല. നല്ല നീർവാർച്ചയുള്ള ഈ മേഖലയിലെ ദരിദ്രമായ ജല ലഭ്യതകാരണം വേനൽക്കാലത്ത് കടുത്ത ജലക്ഷാമം അനുഭവപ്പെടുന്നു.

### 3 താഴ്‌വര പ്രദേശം

ചരിവു പ്രദേശങ്ങളുടെ തുടർച്ചയായിട്ടാണ് ഈ ഭൂവിഭാഗം സ്ഥിതി ചെയ്യുന്നത്. പ്രധാന തോടുകളുടെ ഇരുവശങ്ങളിലുമായിട്ടുള്ള ഭൂഭാഗങ്ങളാണ് ഇതിൽ പ്രധാനപ്പെട്ടത്. തേക്കുതോടു മൂഴി, തണ്ണിത്തോട് സെൻട്രൽ ജംഗ്ഷനു സമീപമുള്ള പ്രദേശങ്ങളും, കൂത്താടിമൺ പ്രദേശവും ഇതിൽ ഉൾപ്പെടുന്നു. ആഴത്തിൽ ചെമ്മണ്ണുള്ള ഈ പ്രദേശത്ത് മിതമായ ജലലഭ്യതയാണുള്ളത് വാഴ, വെററില, പച്ചക്കറികൾ കുരുമുളക് തെങ്ങ്, മരച്ചീനി, കൊക്കോ, എന്നിവയാണ് പ്രധാന കൃഷികൾ.

## കാലാവസ്ഥ

വനസാമീപ്യം മൂലം ജില്ലാ ശരാശരിയെക്കാൾ കൂടുതൽ മഴ ഇവിടെ ലഭിക്കുന്നുണ്ട്. ജില്ലയുടെ ശരാശരി വാർഷിക വർഷപാതം 8098mm ആണ്. ഇത് സംസ്ഥാന ശരാശരി (30633mm)യേക്കാൾ കൂടുതലാണ്.

ജില്ലയുടെ പ്രതിമാസ ശരാശരി വർഷപാതം (മില്ലിമീററ്റിൽ)

| മാസം | ജനുവരി | ഫെബ്രു. | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലൈ | ആഗ. | സെപ് | ഒക്ടോ | നവം. | ഡിസം |
|---|---|---|---|---|---|---|---|---|---|---|---|---|
| 1992–'93 | 0 | 18 1 | 9.2 | 53.9 | 184.6 | 757 | 767 | 184.6 | 142,2 | 581.5 | 253.7 | 51.2 |
| 1994 | 34.3 | 68.0 | 45.5 | 142.3 | 251.1 | 507.3 | 599 | 404.4 | 168.4 | 664.7 | 242.3 | 62.0 |

ജൂൺ, ജൂലായ് മാസങ്ങളിലാണ് ഏററവും കൂടുതൽ മഴ ലഭിക്കുന്നത്. ഇടവപ്പാതി, തുലാവർഷം എന്നീ രണ്ടു മൺസൂൺ മഴകളാണ് ലഭിക്കുന്നത്. ഏപ്രിൽ, മെയ് മാസങ്ങളിൽ ദുർബ്ബലമായ വേനൽ മഴയും ലഭിക്കാറുണ്ട്.

ഏററവും കൂടുതൽ ചൂടനുഭവപ്പെടുന്നത് മാർച്ച്, ഏപ്രിൽ മാസങ്ങളിലാണ്.

ശരാശരി ഊഷ്മാവ് (1994)

| മാസം | ജനുവരി | ഫെബ്രു. | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലൈ | ആഗ | സെപ് | ഒക്ടോ | നവം. | ഡിസം |
|---|---|---|---|---|---|---|---|---|---|---|---|---|
| Maximum | * 32.2 | .330 | 34 0 | 33,4 | 32.8 | 29.5 | 29.1 | 30.1 | 32.1 | 31.5 | 32.1 | 32 7 |
| Minimum | 22.1 | 22 9 | 24.1 | 24,0 | 23.5 | 21.1 | 20.8 | 22.0 | 23.7 | 23.5 | 24.0 | 23.7 |

* ഡിഗ്രി സെൽഷ്യസ്

### ജലലഭ്യത

മഴ, നദി, തോടുകൾ, കുളങ്ങൾ, കിണറുകൾ എന്നിവയെ ആശ്രയിച്ചാണ് ജല ലഭ്യത നിലകൊള്ളുന്നത്. പഞ്ചായത്തിലൂടെ ഒഴുകുന്ന ഏകനദി കല്ലാററാണ്. ഈ നദി വടശ്ശേരിക്കരയ്ക്കുസമീപം വെച്ച് പമ്പാനദിയിൽ ചേരുന്നു. തേക്കുതോട്, തണ്ണിത്തോട് തോടുകൾ കല്ലാററിൽ ചേരുന്നു. കിണറുകളിൽ ജല ലഭ്യത പൊതുവെ വളരെ കുറവാണ്. മിക്ക കിണറുകളും വേനൽ കാലത്ത് വററിപ്പോകുന്നു. കൂത്താടിമൺ മുതൽ തണ്ണിത്തോട് മൂഴി, അള്ളുങ്കൽ വരെയുള്ള പ്രദേശങ്ങളിലും, തേക്കുതോട് മൂഴി, ഏഴാംതല പ്രദേശങ്ങളിലും ഭേദപ്പെട്ട ജല ലഭ്യത ഉണ്ട്. മററു പ്രദേശങ്ങളിൽ ജല ലഭ്യത കുറവാണ്. മിക്ക തോടുകളും വേനൽക്കാലത്ത് വററിപ്പോകുന്നവയാണ്.

### മണ്ണ്

ചെരിവു പ്രദേശങ്ങളിൽ പ്രധാനമായും ചെമ്മണ്ണാണുള്ളത്. കൂടാതെ വെള്ളാരം കല്ല് കലർന്ന മണ്ണും കാണപ്പെടുന്നു. ചെരിവു പ്രദേശമായതിനാൽ മണ്ണൊലിപ്പു സാധാരണമാണ്. നാമമാത്രമായി നിർമ്മിച്ചിട്ടുള്ള കയ്യാലകൾ ഫലപ്രദമല്ല. ഉയർന്ന സമതല പ്രദേശങ്ങളിൽ ഇളക്കമുള്ള ചെമ്മണ്ണാണുള്ളത്. താഴ്വാരപ്രദേശങ്ങളിലെ പ്രധാന മണ്ണിനങ്ങൾ ചെമ്മണ്ണും, എക്കൽ മണ്ണുമാണ്. തരിശുഭൂമി (കൃഷിക്കുപയുക്തമായത്) പഞ്ചായത്തിലെങ്ങുമില്ല. ഈ പഞ്ചായത്തിലെ മണ്ണ് പൊതുവെ ഫലപുഷ്ടിയുള്ളതാണ്.

## ഭൂവിനിയോഗം

(അവലംബം:— പഠനപര്യടനം, ഗ്രാമസഭാ റിപ്പോർട്ടുകൾ)

തണ്ണിത്തോട് ഗ്രാമപഞ്ചായത്തിന്റെ ആകെ വിസ്തൃതിയുടെ 88%വും കൃഷിഭൂമിയാണ്. ബാക്കിയുള്ള ഭൂമി, റോഡുകൾ, വീടുകൾ മൈതാനങ്ങൾ, പുറമ്പോക്ക്, കെട്ടിടങ്ങൾ എന്നിവയ്ക്കായി ഉപയോഗിച്ചിരിക്കുന്നു. 4871.43 ഏക്കർ കൃഷി ഭൂമിയുണ്ട്. നിലങ്ങളും തരിശു ഭൂമിയും ഇല്ല.

**കൃഷിഭൂമിയുടെ വിനിയോഗം**

| വിള | വിസ്തീർണ്ണം (ഏക്കർ) |
|---|---|
| പച്ചക്കറികൾ | 10 |
| തെങ്ങ് | 300 |
| വാഴ | 175 |
| മരച്ചീനി | 250 |
| കുരുമുളക് | 300 |
| പ്ലാവ് | 5 |
| റബ്ബർ | 3500 |
| കമുക് | 55 |
| മററുവിളകൾ | 276. 43 |

## കാർഷിക വിളകൾ

തണ്ണിത്തോട് പഞ്ചായത്തിൽ മുഖ്യമായും നാണ്യവിളകളാണ് കൃഷി ചെയ്യുന്നത്. പ്രധാന നാണ്യവിള റബ്ബറാണ്. കൂടാതെ കുരുമുളക്, തെങ്ങ്, കമുക്, ഇഞ്ചി, കൊക്കോ, ജാതി, കോലിച്ചി, വാഴ, തുടങ്ങിയവയും കൃഷിചെയ്യുന്നുണ്ട്. കാട്ടുമൃഗങ്ങളുടെ ശല്യം മൂലം ഭക്ഷ്യവിളകൾ നാമമാത്രമായി മാത്രമേ കൃഷി ചെയ്യുന്നുള്ളു.

## ജൈവസമ്പത്ത്

ജൈവ വൈവിധ്യങ്ങളുടെ കലവറയാണ് തണ്ണിത്തോട് പഞ്ചായത്ത് പ്രദേശം. പഞ്ചായത്തിനുചുററുമുള്ള വനപ്രദേശത്ത് ധാരാളം ഔഷധ സസ്യങ്ങൾ വളരുന്നുണ്ട്. കൂടാതെ വരവിധതരത്തിലുള്ള പക്ഷികളും, മൃഗങ്ങളും, മീങ്ങളും ഇവിടെ കാണപ്പെടുന്നു.

## മനുഷ്യവിഭവം

1991—ലെ സെൻസസ് പ്രകാരം തണ്ണിത്തോടു പഞ്ചായത്തിലെ ജനസംഖ്യ 15044 ആണ്. ഇതിൽ 7522 പുരുഷൻമാരും 7492 സ്ത്രീകളുമാണ്. ഈ പഞ്ചായത്തിൽ പുരുഷൻമാർ സ്ത്രീകളെക്കാൾ കൂടുതലാണെന്നുള്ളത് ഒരു പ്രധാന സവിശേഷതയായി നിലനിൽക്കുന്നു. 1981—91—ൽ കാലയളവിൽ ജനസംഖ്യയിൽ 8.23% ആണ്. ഇത് സംസ്ഥാന ശരാശരിയെ [5.45%] ക്കാൾ കൂടുതലാണ്.

## സെൻസസ് റിപ്പോർട്ട് 1991

| വാർഡ് | ജനസംഖ്യ | | ആകെ |
|---|---|---|---|
| | ആൺ | പെൺ | |
| 1 | 1189 | 1093 | 2282 |
| 2 | 1041 | 970 | 2011 |
| 3 | 914 | 938 | 1852 |
| 4 | 704 | 773 | 1477 |
| 5 | 765 | 756 | 1521 |
| 6 | 653 | 663 | 1317 |
| 7 | 906 | 960 | 1866 |
| 8 | 1379 | 1339 | 2718 |
| ആകെ | 7552 | 7492 | 15044 |

തണ്ണിത്തോട് പഞ്ചായത്തിൽ ഉന്നത വിദ്യാഭ്യാസം നേടിയർ ഏകദേശം 1% മാത്രമേയുള്ളൂ. കൃഷി, കെട്ടിടനിർമ്മാണം, തയ്യൽ, ഡ്രൈവിംഗ്, വനം തുടങ്ങിയ മേഖലകളിലാണ് കൂടുതലാളുകളും പണിയെടുക്കുന്നത്. ഈ പഞ്ചായത്തിലെ പ്രധാന തൊഴിൽദായക സ്ഥാപനം പ്ലാന്റേഷൻ കോർപ്പറേഷന്റെ തണ്ണിത്തോട് എസ്റ്റേറ്റാണ്. കേരളത്തിലെ മറ്റു പ്രദേശങ്ങളിലുള്ളതുപോലെ തണ്ണിത്തോട് പഞ്ചായത്തിലും തൊഴിലില്ലായ്മ രൂക്ഷമായി നിലനില്ക്കുന്നുണ്ട്.

# 5 വികസനമേഖലകളുടെ അവലോകനം

# 5 [i] കൃഷിയും ജലസേചനവും

രണ്ടാം ലോക മഹായുദ്ധത്തിനുശേഷം രാജ്യത്തുണ്ടായ രൂക്ഷമായ ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിനായി, സർക്കാർ വനഭൂമി പാട്ട വ്യവസ്ഥയിൽ കർഷകർക്കു നല്കുകയുണ്ടായി. ഇപ്രകാരം ലഭിച്ച ഭൂവിഭാഗമാണ് തണ്ണീർതോട് തേക്കുതോട്, എലിമുള്ളുംപ്ലാക്കൽ, മണ്ണീറ, എന്നീ പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന തണ്ണിത്തോടു പഞ്ചായത്ത്. ഈ പഞ്ചായത്ത് വനമദ്ധ്യത്തിൽ സ്ഥിതി ചെയ്യുന്നു. ഇത് ഈ പഞ്ചായത്തിന്റെ ഒരു പ്രത്യേകതയാണ്. 1940–കളുടെ അവസാനത്തോടു കൂടി വനം വെട്ടിത്തെളിച്ച് കർഷകർ കൃഷി ആരംഭിച്ചു. ആ കാലഘട്ടം മുതൽ പലപ്പോഴായി കൃഷി ഭൂമിയുടെ വിസ്തൃതിയിൽ വർദ്ധനവുണ്ടായിട്ടുണ്ട്.

*പട്ടിക–1*

ഭൂമി സംബന്ധിച്ച വിവരങ്ങൾ [*അവലംബം റിപ്പോർട്ട് ഓഫീസ് രേഖകൾ*]

| വില്ലേജിന്റെ പേര് | ഭൂമിയുടെ വിസ്തീർണ്ണം (ഏക്കർ) | ഉടമസ്ഥരുടെ എണ്ണം | | | | | | |
|---|---|---|---|---|---|---|---|---|
| | പുരയിടം | 1–10 സെൻറ് | 10–25 സെൻറ് | 25–30 സെൻറ് | 50–100 സെൻറ് | 1–2 ഏക്കർ | 2–5 ഏക്കർ | 5–ന് മുകളിൽ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| തണ്ണിത്തോട് | 4259 50<br>* 1098 00 | 1361 | 2712 | 1525 | 1615 | 578 | 50 | 27 |
| കോന്നിതാഴം | 168 22<br>* 10 00 | 51 | 74 | 61 | 56 | 30 | 15 | |
| ആകെ | 5535 72 | 1412 | 2786 | 1586 | 1671 | 608 | 65 | 27 |

* പതിച്ചുകൊടുക്കാവുന്ന റവന്യൂഭൂമി

ഈ പ്രദേശത്തെ 60% ആളുകളും കൃഷിയെ ആശ്രയിച്ചു ജീവിക്കുന്നവരാണ്. കുന്നും സമതലങ്ങളുമായിക്കിടക്കുന്ന ഈ പ്രദേശത്തെ ആദ്യകാല കൃഷികൾ നെല്ല്, മരച്ചീനി, കരിമ്പ് എന്നിവ മാത്രമായിരുന്നു. എന്നാൽ പട്ടയം ലഭിക്കുമെന്ന് ഉറപ്പായതിനുശേഷം തെങ്ങ്, കമുക്, കുരുമുളക്, കാപ്പി, കശുമാവ് എന്നീ ദീർഘകാല വിളകളും, മരച്ചീനി, വാഴ, ചേന, കാച്ചിൽ, ചേമ്പ്, ഇഞ്ചി, പയറുവർഗ്ഗങ്ങൾ എന്നീ ഹ്രസ്വകാല വിളകളും വ്യാപകമായി കൃഷി ചെയ്തു വന്നിരുന്നു. എന്നാൽ കാലഘട്ടത്തിന്റെ മാററത്തിനനുസരിച്ച് ഈ പ്രദേശത്തെ കൃഷിയിലും പലവ്യതിയാനങ്ങളും ഉണ്ടായി. നെൽകൃഷി പൂർണ്ണമായും തുടച്ചുമാററപ്പെട്ടു എന്നതാണ് എടുത്തു പറയേണ്ട സംഗതി. അതിനുശേഷം കൃഷിക്കാർ നാണ്യവിളകളിലേക്ക് കൂടുതൽ ശ്രദ്ധിക്കുവാൻ തുടങ്ങി. അതോടൊപ്പം ഹ്രസ്വകാല വിളകളും കൃഷി ചെയ്തിരുന്നു.

## പ്രധാന വിളകൾ

### 1 നാണ്യവിളകൾ

റബ്ബർ: മററു പ്രദേശങ്ങളിലേപ്പോലെ തന്നെ നാണ്യവിളകളിൽ തണ്ണീർത്തോടു പഞ്ചായത്തും പ്രാധാന്യം നല്കിയിരിക്കുന്നത് റബ്ബറിനു തന്നെയാണ്. വൻകിട തോട്ടങ്ങൾ ആർക്കുമില്ലെങ്കിലും കർഷകർ പ്രധാന വിളയായി റബ്ബർ കൃഷി ചെയ്തു വരുന്നു. ഇതിന്റെ പ്രധാന കാരണം മററു കൃഷികളേക്കാളും സാമ്പത്തിക ഭദ്രത എന്നതു തന്നെയാണ് റബ്ബർ ബോർഡിന്റെ സഹായങ്ങളും, കൃഷിക്കാർക്കുവേണ്ട നിർദ്ദേശങ്ങളും ഒരു പരിധിവരെ ലഭിക്കുന്നുണ്ട്. ഈ മേഖലയിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ റബ്ബർ തോട്ടമുള്ളത്.റബ്ബർ കർഷകർക്ക് ശാസ്ത്രീയ കൃഷിരീതിക്ക് ഒരു മാതൃകയായി നിലകൊള്ളുന്നു. എന്നാൽ ചീക്ക്, പട്ടമരവിപ്പ്, പുഴുക്കുത്ത് എന്നീ രോഗങ്ങളാൽ ഉല്പാദനക്ഷമത ഗണ്യമായ തോതിൽ കുറഞ്ഞിട്ടുണ്ട്. ശാസ്ത്രീയമായ പരിചരണക്കുറവും ഉല്പാദനത്തെ ഒരു പരിധിവരെ ബാധിച്ചിട്ടുണ്ട്. എന്നിരുന്നാലും കൃഷിക്കാർ റബ്ബർ കൃഷിയിൽ കൂടുതൽ ആകൃഷ്ടരായിരിക്കുന്നു.

കശുമാവ്: ഏകദേശം 50% കർഷകർ കശുമാവു കൃഷിയിൽ ഒരു പരിധിവരെ ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. എന്നാൽ ഇത് ഒരു പ്രധാനം നാണ്യവിള എന്ന രീതിയിൽ ആരും തന്നെ കൃഷി ചെയ്യുന്നില്ല. വേണ്ടത്ര പരിചരണം നൽകാത്ത സാഹചര്യത്തിലും ഇവ ധാരാളം ഫലം തരുന്നു. ശാസ്ത്രീയ പരിചരണം നൽകിയാൽ കശുവണ്ടി ഉല്പാദനം മെച്ചപ്പെടുവാൻ കഴിയും.

കമുക്: ഈ പ്രദേശത്തെ പ്രധാന വിളകളിൽ ഒന്നായിരുന്നു കമുക് കൃഷിയുടെ പ്രാധാന്യം നാൾക്കുനാൾ കുറഞ്ഞു വരുന്നതായി നമുക്കു മനസ്സിലാക്കുവാൻ കഴിയും. കൃഷിയിൽ താരതമ്യേന ചെലവു കുറഞ്ഞ കമുക് കൃഷി മഹാവ്യാളി രോഗത്തിൽ ഭൂരിഭാഗവും നശിച്ചു കഴിഞ്ഞു. ഇപ്പോൾ നാമമാത്രമായി മാത്രം കൃഷി ചെയ്യുന്ന കമുക് കാററു വീഴ്ചയുടെയും പ്രധാന ഇരയാണ്. പ്രതിരോധശക്തിയുള്ള വിത്തും ശാസ്ത്രീയമായ കൃഷിരീതിയും കൊണ്ടും വംശനാശം നേരിടുന്ന കമുക് കൃഷി മെച്ചപ്പെടുത്താൻ കഴിയും.

കാപ്പി: തോട്ടവിള എന്ന പ്രാധാന്യത്തിൽ കാപ്പികൃഷി ഇതുവരെ ഈ മേഖലയിൽ ശക്തി പ്രാപിച്ചിട്ടില്ല. പ്രധാനമായും നാടൻ കാപ്പിയാണ് ഭൂരിഭാഗവും കൃഷി ചെയ്യുന്നത് കർഷകരുടെ സാമ്പത്തിക മേഖലയെ പുഷ്ടിപ്പെടുത്താൻ ഒരു പരിധിവരെ ഈ കൃഷികൊണ്ടു സാധിക്കും.

കുരുമുളക്: ഈ മേഖലയിൽ ഗണ്യമായ തോതിൽ കുരുമുളക് കൃഷിയും ചെയ്തുവരുന്നു നാടൻ കൊടിയിനങ്ങളായ നാരായക്കൊടി, കരിമുണ്ട, കോട്ടക്കൊടി, വെള്ളിയറമുണ്ട എന്നിവയാണ് പ്രധാന കൃഷി. ഇലകൊഴിച്ചിൽ, തണ്ടുചീയൽ എന്നീ രോഗങ്ങളാൽ ഉല്പാദനം ഗണ്യമായ തോതിൽ കുറവു വന്നിട്ടുണ്ട് എന്നത് എടുത്തു പറയണ്ട സംഗതിയാണ് ശാസ്ത്രീയമായ കൃഷിരീതിയിൽ കൂടിയും രോഗപ്രതിരോധ മാർഗ്ഗങ്ങൾ അവലംബിക്ക വഴിയും മാത്രമേ മെച്ചപ്പെട്ട രീതിയിൽ ഉല്പാദനം സാദ്ധ്യമാകൂ.

തെങ്ങ്: മററു വിളകളെ അപേക്ഷിച്ച് കർഷകർ ആവേശകരമായി കൃഷിചെയ്ത ഒരു വിളയായിരുന്നു തെങ്ങ് തെങ്ങു കൃഷിക്ക് പററിയ കാലാവസ്ഥയും മണ്ണും വ്യാപകമായി കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനു സഹായിച്ചു. എന്നാൽ കാററുവീഴ്ച, കൂമ്പുചീയൽ എന്നീ രോഗങ്ങൾ തെങ്ങുകൃഷിയെ സാരമായി ബാധിച്ചിട്ടുണ്ട്. കേടായ തെങ്ങുകൾ വെട്ടി മാററി സ്ഥാപിക്കുന്നതിന് കർഷകർക്ക് വേണ്ടത്ര പ്രോത്സാഹനം നൽകാത്തത് ഒരു പ്രധാന കാരണമാണ്.

കൊക്കോ:

ഒരു കാലത്ത് കർഷകന്റെ ആവേശമായിരുന്ന കൊക്കോ കൃഷി വിപണന സാധ്യതയുടെ കുറവു മൂലം നിന്നു പോകാൻ ഇടയായി.

ഈ അവസരത്തിൽ ഒരു വിഭാഗം കർഷകർ കൃഷി നശിപ്പിക്കുന്നതിനു പോലും ഒരു മ്പെട്ടു. എന്നാൽ കുറേ പേർ നശിപ്പിക്കാതിരുന്നതിനാൽ പിന്നീട്, ആദായകരമായി വിററഴിക്കുവാൻ കഴിഞ്ഞു. ഇന്ന് ലാഭകരമായി കൃഷി ചെയ്യാവുന്ന ഒരു വിളയാണ് കൊക്കോ.

മലഇഞ്ചി:

വളരെ വിരളമായെങ്കിലും ഇന്ന് ഈ പ്രദേശങ്ങളിൽ മലഇഞ്ചി കൃഷി ചെയ്തുവരുന്നു. വിലയിടിവും ഭൂമിയുടെ വിഭജനവും ഈ കൃഷിയെ സാരമായി ബാധിച്ചു. വീണ്ടും ആദായകരമായി കൃഷി ആരംഭിച്ചിട്ടുണ്ട്.

## 2 ഹ്രസ്വകാല വിളകൾ

വാഴ

നാടൻ വാഴ ഇനങ്ങളും നേന്ത്രവാഴയും ഇവിടെ വ്യാപകമായി കൃഷി ചെയ്തു വരുന്നു. കൂടുതൽ മേഖലയിലേക്ക് വ്യാപിപ്പിക്കാവുന്നതും ലാഭകരവുമായ കൃഷിയാണ് വാഴകൃഷി.

ഇഞ്ചി:

വ്യാപകമായ തോതിൽ ഈ മേഖലയിൽ ഇഞ്ചി കൃഷി ചെയ്തു വരുന്നു. ആദായകരമായ വരുമാന മാർഗ്ഗമാണിത്. രോഗബാധ ഉണ്ടാകാറുണ്ടെങ്കിലും കൃഷിയിൽ കുറവു വന്നിട്ടില്ല.

പച്ചക്കറി കൃഷി:

ഈ പ്രദേശത്ത് പച്ചക്കറിയുടെ ഏറിയ ഭാഗവും തമിഴ്നാട്ടിൽ നിന്നും കൊണ്ടു വരുന്നതാണ്. നാമമാത്രമായി മാത്രമേ പച്ചക്കറി ഇവിടെ കൃഷി ചെയ്യുന്നുള്ളു. പയറു വർഗ്ഗങ്ങളുടെ കൃഷിയും അപൂർവ്വമാണ്. കൃഷിക്കാരുടെ അലസത ഒരു പരിധി വരെ ഈ മേഖലയെ ബാധിച്ചിട്ടുണ്ട്. മരച്ചീനി, ചേന, ചേമ്പ്, കാച്ചിൽ തുടങ്ങിയ കിഴങ്ങുവർഗ്ഗങ്ങൾ ഗാർഹികാവശ്യത്തിനു മാത്രമായി കൃഷി ചെയ്തു വരുന്നു. കാട്ടുമൃഗങ്ങളുടെ ശല്യം ഈ കൃഷി ഗണ്യമായ രീതിയിൽ കുറയുന്നതിനു ഇടയാക്കിയിട്ടുണ്ട്.

വെററിലകൃഷി:

പഞ്ചായത്തിലെ ചില ഭാഗങ്ങളിൽ വെററില കൃഷി നടക്കുന്നുണ്ട്. പൊതുവേ ആദായകരമാണ്.

കൃഷിയെ അഭിവൃദ്ധിപ്പെടുത്തുന്നതിനു സഹായകരമായ കാലാവസ്ഥ, മണ്ണ്, തുടങ്ങിയ ഘടകങ്ങൾ ലഭ്യമാണ്. അവയെ യഥാവിധി പ്രയോജനപ്പെടുത്തിയാൽ കാർഷിക രംഗത്ത് ഒരു മുന്നേററം നടത്താൻ നമുക്ക് കഴിയും.

## പ്രശ്നങ്ങൾ

1 കാട്ടു മൃഗങ്ങളുടെ (പന്നി) ശല്യം മൂലം ഭക്ഷ്യവിളകൾ ഉത്പാദിപ്പിക്കുവാൻ കഴിയുന്നില്ല.

2 കർഷകർ നട്ടു വളർത്തിയ മരങ്ങൾ വെട്ടി ഉപയോഗിക്കുന്നതിനു കഴിയാത്ത സാഹചര്യം നിലനിൽക്കുന്നു.

3 ശാസ്ത്രീയ മണ്ണുപരിശോധനാ സംവിധാനങ്ങൾ ലഭ്യമല്ല.

4 ആവശ്യാനുസരണം കാർഷികത്തൊഴിലാളികളെ ലഭ്യമല്ല.

5 കാർഷികത്തൊഴിലാളികളുടെ കൂലി വർദ്ധിക്കുന്നുണ്ടെങ്കിലും അവരുടെ സേവന നിലവാരം കുറഞ്ഞുവരുന്നു.

6 കാർഷിക ഉത്പന്നങ്ങൾക്കു ന്യായമായ വില-- ലഭിക്കുന്നില്ല.

7 ശാസ്ത്രീയ കൃഷിരീതികളെക്കുറിച്ചു കർഷകർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമല്ല.

8 രാസവളങ്ങൾ കൂടുതലായി ഉപയോഗിക്കുന്ന പ്രവണത വർദ്ധിച്ചു വരുന്നു.

9 കൈവശ ഭൂമിക്കു പട്ടയം ലഭിക്കാത്ത 400--ഓളം കർഷകകുടുംബങ്ങൾ അധിവസിക്കുന്നു.

10 റബ്ബർ, തെങ്ങ്, കുരുമുളക്, കമുക്, ഇഞ്ചി, തുടങ്ങിയവയ്ക്ക് വ്യാപകമായ രോഗങ്ങൾ ഉണ്ടാകുന്നു.

11 വാണിജ്യ ബാങ്കുകൾ, കാർഷിക വികസന ബാങ്കുകൾ ഇവയിൽ നിന്നും ആവശ്യാനുസരണം വായ്പകൾ ലഭ്യമാകുന്നില്ല.

12 കർഷകരുടെ വായ്പ തിരിച്ചടവ് അനുപാതം— കുറവായതിനാൽ യഥാസമയം വായ്പകൾ ലഭ്യമാകുന്നില്ല.

13 ജലസേചന സൗകര്യങ്ങൾ ലഭ്യമല്ല.

14 ഗതാഗത യോഗ്യമായ റോഡുകളുടെ അഭാവം.

## സാധ്യതകൾ

1 കാട്ടുമൃഗങ്ങളുടെ ശല്യം തടയുന്നതിന് വന— അതിർത്തിയിൽ ഇരുവാപ്പട കെട്ടി മുളളുവേലി സ്ഥാപിക്കുക.

2 കാട്ടുപന്നിയെ വന്യമൃഗ സംരക്ഷണനിയമത്തിൽ നിന്നും ഒഴിവാക്കി, നശിപ്പിക്കുന്നതിന് (കൃഷി ഭൂമിയിൽ കടക്കുന്നവയെ) അനുവാദം നൽകുക.

3 കർഷകർ നട്ടുവളർത്തിയ മരങ്ങൾ മുറിപ്പിച്ച് യഥേഷ്ടം ഉപയോഗിക്കുന്നതിന് അനുവാദം നല്കുക.

4 ഇനിയും പട്ടയം ലഭിക്കാത്ത കൈവശ കർഷകരുടെ ഭൂമിക്ക് പട്ടയം നൽകുക.

5 തോടുകളിൽ തടയണകൾ നിർമ്മിച്ചും ചെറുകിട ജലസേചന പദ്ധതികൾ നടപ്പിലാക്കിയും ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്തുക.

6 ശാസ്ത്രീയ കൃഷി സമ്പ്രദായങ്ങളെക്കുറിച്ച് കർഷകർക്കും തൊഴിലാളികൾക്കും ബോധവൽക്കരണം നൽകുക.

7 മണ്ണു സംരക്ഷണ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുക.

8 പഞ്ചായത്തിൽ ഒരു മണ്ണുപരിശോധനാ ലബോറട്ടറി സ്ഥാപിക്കുക.

9 വിള ഇൻഷ്യൂറൻസ് പദ്ധതി വ്യാപിപ്പിക്കുക.

10 പശ്ചിമഘട്ട വികസനപദ്ധതി, 5, 6, 7, 8, 9, വാർഡുകളിൽ കൂടി നടപ്പിലാക്കുക.

11 പുഷ്പ കൃഷിയും, ഔഷധ സസ്യ കൃഷിയും ആരംഭിക്കുക.

12 കൂൺകൃഷി ലാഭകരമായി നടത്തുവാൻ കഴിയും.

13 എല്ലാ വീടുകളിലും നിർബന്ധമായും പച്ചക്കറികൃഷി നടപ്പിലാക്കുക.

14 ഇടവിളയായി കൈതച്ചക്ക കൃഷി ചെയ്യുക.

## കൃഷിഭവൻ

1987–ൽ കൃഷിഭവൻ പ്രവർത്തനം ആരംഭിച്ചു. നമ്മുടെ നാടിന്റെ കാർഷിക പുരോഗതിക്കാവശ്യമായ സഹായങ്ങൾ ലഭ്യമാക്കുന്നതിന് ഈ സ്ഥാപനത്തിനു കഴിയുന്നില്ല. എങ്കിലും സർക്കാർ സഹായങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കാറുണ്ട്. പഞ്ചായത്തിലെ വിള വിസ്തീർണവും ഉത്പാദനവും സംബന്ധിച്ച വ്യക്തമായ കണക്കുകൾ ലഭിച്ചിട്ടില്ല.

കൃഷിഭവനിലൂടെ വിതരണം ചെയ്തിട്ടുളള വിവിധ നടീൽ വസ്തുക്കളുടെ വിവരം താഴെ കൊടുത്തിരിക്കുന്നു.

## പട്ടിക 3

### നടീൽ വസ്തു വിതരണം

[അവലംബം കൃഷിഭവൻ രേഖകൾ]

| ഇനം | എണ്ണം | | |
|---|---|---|---|
| | 1993–94 | 1994–95 | 1995–96 |
| തെങ്ങ് | 350 | 1403 | 7685 |
| കശുമാവ് | ഇല്ല | 1250 | 200 |
| കുരുമുളക് | 10000 | 4250 | 4450 |
| കമുക് | ഇല്ല | ഇല്ല | 7334 |
| ഗ്രാമ്പു | ,, | ,, | 50 |
| പേര | ,, | ,, | 50 |
| മാവ് | ,, | ,, | 50 |
| ജാതി | ,, | ,, | 50 |

കൃഷി ഭവനിലൂടെ വിതരണം ചെയ്ത ദുരിതാശ്വാസ സഹായത്തിന്റെ കണക്ക് താഴെ കൊടുത്തിരിക്കുന്നു.

## പട്ടിക 4

### ദുരിതാശ്വാസ ധനസഹായ വിതരണം

[അവലംബം കൃഷിഭവൻ രേഖകൾ]

| വർഷം | പ്രശ്ന ബാധിത പ്രദേശത്തിന്റെ വിസ്തീരണം (ഹെക്ടർ) | | | | ധനസഹായം ലഭിച്ചവരുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|
| | വെള്ളപ്പൊക്കം | വരൾച്ച | കൊടുങ്കാററ് | ഉരുൾപൊട്ടൽ | | |
| 1993–94 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 1994–95 | ഇല്ല | ഇല്ല | 15ht | ഇല്ല | 67 പേർ | 20000 |
| 1995–96 | ഇല്ല | ഇല്ല | 27ht | ഇല്ല | 220 പേർ | 125946 |

കുരുമുളകു വികസന സമിതികൾ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. കേരവികസന സമിതി നാമമാത്രമായി മാത്രം പ്രവർത്തിക്കുന്നു.

### പ്രശ്നങ്ങൾ

1 കൃഷി ഭവന്റെ പ്രവർത്തനം തൃപ്തികരമല്ല.

2 കൃഷി ഭവനിൽ നിന്നും കർഷകർക്കാവശ്യമായ സഹായങ്ങൾ കാലാകാലങ്ങളിൽ ലഭിക്കുന്നില്ല.

3 കൃഷിഭവന് സ്വന്തമായി കെട്ടിടമില്ല.

4 കൃഷിഭവനിൽ മതിയായ ജീവനക്കാരില്ല.

5 കൃഷിഭവനിൽ ജീവനക്കാർ എല്ലാ ദിവസവും എത്താറില്ല.

## നിർദേശങ്ങൾ

1 കൃഷിഭവൻ കൃഷിക്കാരുടെ ആശ്രയ കേന്ദ്രമായി മാറുക.

2 കൃഷിഭവന് സ്വന്തമായി കെട്ടിടം നിർമ്മിക്കുക.

3 കാർഷിക ബോധവൽക്കരണ ക്ലാസുകൾ നടപ്പിലാക്കുക.

4 ആധുനിക കൃഷി സമ്പ്രദായങ്ങളെക്കുറിച്ചുള്ള പരിശീലനം കൃഷിക്കാർക്ക് നല്കുക.

5 വിള ഇൻഷ്വുറൻസ് പദ്ധതിയിലെ പോരായ്മകൾ നികത്തി കാര്യക്ഷമമായി നടപ്പിലാക്കുക.

**ജലസേചനം**

തണ്ണിത്തോടു പഞ്ചായത്തിൽ യാതൊരു വിധ ജലസേചന സൗകര്യങ്ങളും നിലവിലില്ല. തന്മൂലം കൃഷി ലാഭകരമായി നടത്താൻ കഴിയുന്നില്ല. ഈ പഞ്ചായത്തിൽ നിരവധി നീരൊഴുക്ക് തോടുകളും വററാത്ത കുളങ്ങളും ഉണ്ട്. ഈ ജലസ്രോതസുകളെ ഫലപ്രദമായി ഉപയോഗിച്ചാൽ കൃഷിയെ അഭിവൃദ്ധിപ്പെടുത്താൻ കഴിയും.

### പട്ടിക 5

### വററാത്തകുളങ്ങൾ

| പേര് | വാർഡ്/സ്ഥലം |
|---|---|
| പറക്കുളം കുളം | 2 പറക്കുളം (പ്ലാൻേറഷൻ) |
| പൂച്ചക്കുളം കുളം | 9 പൂച്ചക്കുളം (വനം) |
| ഇളംചിറ ,, | 9 പൂച്ചക്കുളം |
| മണ്ണീറക്ഷേത്ര കുളം | 6 തലമാനം |
| താഴെപുരയിടത്തിൽ കുളം | 9 കരിമാൻ തോട് |
| തൂക്കിനാൽ കുളം | 7 മേലേപറക്കുളം |
| വെള്ളാശ്ശേരിൽ കുളം | 6 മണ്ണീറ |
| പൊൻപുഴ കുളം | 4 കൂത്താടിമൺ |

## പട്ടിക 6
## പഞ്ചായത്തിലെ പ്രധാന തോടുകളും അരുവികളും

| ഇനം | പേര് | കടന്നുപോകുന്ന വാർഡുകൾ |
|---|---|---|
| 1 | കല്ലാർ | 2, 7, 8 |
| 2 | തണ്ണിത്തോട് തോട് | 1, 2, 3, 4 |
| 3 | മണ്ണീറ തോട് | 6 |
| 4 | എലിമുള്ള് പടിഞ്ഞാറേ തോട് | 6 |
| 5 | മണ്ണീറ നിരവത്തു പടി തോട് | 6 |
| 6 | പൂച്ചക്കുളം തോട് | 9 |
| 7 | തേക്കുതോട് (കരിമാൻ തോട്) | 9, 7 |
| 8 | പറക്കുളം തോട് | 7 |
| 9 | അഞ്ചുപങ്ക് – എലുകടവ് തോട് | 8 |
| 10 | മൂർത്തിമൺ – തേക്കുതോട് മൂഴിതോട് | 8 |
| 11 | ഏഴാംതലനിരവ് തോട് | 8 |
| 12 | മന്ദിരംപടി തോട് | 9 |
| 13 | കെ. കെ. പാറ ,, | 2 |
| 14 | വി. കെ. പാറ തോട് | 1, 2 |
| 15 | പുന്നമൂട്ടിൽപടി തോട് | 1 |
| 16 | അഞ്ചുകുഴി – കൂത്തടിമൺ തോട് | 4 |
| 17 | അമ്പലംപടി തോട് | 4 |
| 18 | കീളേത്തുപടി തോട് | 3, 4 |
| 19 | കോടിയാട്ടുപടി തോട് | 3 |
| 20 | കൊച്ചുവീട്ടിൽപടി തോട് | 1 |
| 21 | കൂത്താടിമൺ തോട് | 4 |
| 22 | മേക്കണ്ണം – സെൻട്രൽ ജംഗ്ഷൻ തോട് | 3, 4 |
| 23 | പേരുവാലി തോട് | 5 |
| 24 | ഇലവുങ്കൽ ,, | 3 |

മുകളിൽ പറഞ്ഞിരിക്കുന്ന തോടുകളിൽ തടയണകൾ നിർമ്മിക്കണം. ഈ പദ്ധതികൾ ജനകീയ പങ്കാളിത്തത്തോടു കൂടി നടപ്പിലാക്കുവാൻ കഴിയും. അതിനോടൊപ്പം കൃഷി ഭൂമികളിൽ ട്രഞ്ച് കുഴിച്ചാൽ മണ്ണിലെ ജലാംശത്തിന്റെ തോത് ഉയർത്തുവാൻ കഴിയും. ഈ മാർഗ്ഗങ്ങളിലൂടെ കൃഷി അഭിവൃദ്ധിപ്പെടുത്താൻ കഴിയും.

### പശ്ചിമഘട്ട വികസന പദ്ധതി

തണ്ണിത്തോടു വാട്ടർ ഷെഡിൽ 1994–95 ൽ ആണ് പശ്ചിമഘട്ട വികസന പദ്ധതി ആരംഭിച്ചത്. ഈ പഞ്ചായത്തിലെ 1, 2, 3, 4 വാർഡുകൾ ഉൾപ്പെടുന്നതാണ് ഈ പദ്ധതി പ്രദേശം

*പട്ടിക 7 [K. L. D. C. രേഖകൾ]*

സോയിൽ കൺസർവേഷൻ സ്കീം

| വർഷം | 1994–95 | 1995–96 |
|---|---|---|
| അനുവദിച്ച തുക | 200000 | 600000 |
| ഇതുവരെ ചെലവാക്കിയ തുക | 200000 | 600000 |

പട്ടിക 8 [K. L. D. C. രേഖകൾ]

മൈനർ ഇറിഗേഷൻ സ്കീം

| വർഷം | സ്കീം | അനുവദിച്ച തുക | ചിലവഴിച്ച തുക | ബാലൻസ് |
|---|---|---|---|---|
| 1994–95 | മേടപ്പാറ തോടിനു കുറുകെയുള്ള ക്രോസ് ബാർ | 200000 | 343928 | 156074 |
| 1995–96 | (a) മേടപ്പാറ ഗ്രൗണ്ട് ലെവൽ ടാങ്ക് | 150000 | | |
| | (b) മേടപ്പാറ തോടിനു സൈഡ് വാരം കെട്ടുന്നതിന് | 150000 | | |

പട്ടിക 9 [അവലംബം: K. L. D. C. രേഖകൾ]

1996–97 – ൽ അനുവദിച്ച തുക

| സ്കീം | തുക |
|---|---|
| സോയിൽ കൺസർവേഷൻ | 500000 |
| മൈനർ ഇറിഗേഷൻ | |
| (a) മേടപ്പാറ തോടിന്റെ സൈഡ്‌വാരം നിർമ്മാണം | 100000 |
| (b) മായപ്പടി ഗ്രൗണ്ട് ലെവൽ ടാങ്ക് | 200000 |
| (c) കെ കെ പാറ ചെക്ക് ഡാം | 200000 |
| ആകെ | 1000000 |

പട്ടിക 10 [K. L. D. C. രേഖകൾ]

Action Plan for soil conservation works in Thannithodu water shed [9 th plan]

| Year | Area in Hect: | Amount |
|---|---|---|
| 1997–98 | 100 Hect: | 1000000 |
| 1998–99 | 100 Hect: | 1000000 |
| 1999–2000 | 100 Hect: | 1000000 |
| 2000–2001 | 100 Hect: | 1000000 |
| 2001–2002 | Nil | Nil |
| Grand Total | | 4000000 |

പട്ടിക 11 [അവലംബം: K. L. D. C. രേഖകൾ]

Action plan for Minor Irrigation works in Thannithodu Water shed during the 9 th plan

| Year | Area | Amount |
|---|---|---|
| 1997–98 | 65 Hec | 1200000 |
| 1998–99 | 95 Hect | 1650000 |
| 1999–2000 | 135 Hect | 5300000 |
| Grand Total | | 8150000 |

### മണ്ണ് സംരക്ഷണം

തണ്ണിത്തോട് പഞ്ചായത്ത് പ്രദേശത്ത് 1970 മുതൽ മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിരുന്നു. നിലവിൽ മണ്ണീറ പ്രദേശത്തു മാത്രമാണ് പദ്ധതി നടപ്പിലിരിക്കുന്നത് മണ്ണു സംരക്ഷണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയതും, നടപ്പിലാക്കികൊണ്ടിരിക്കുന്നതുമായ പ്രവർത്തനങ്ങളുടെ പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക 11 അവലംബം മണ്ണു സംരക്ഷണം K. L. D. C. രേഖകൾ

## മണ്ണു സംരക്ഷണം

| ക്രമനമ്പർ | പദ്ധതിയുടെ പേര് | പദ്ധതി പ്രദേശ വിസ്തീർണ്ണം | അടയൽ തുക | മൊത്തം ഗുണഭോക്താക്കളുടെ എണ്ണം | പദ്ധതി ആരംഭിച്ച വർഷം | പൂർത്തിയായ വർഷം | സംരക്ഷിക്കപ്പെട്ട ഭൂമിയുടെ വിസ്തീർണ്ണം | പ്രയോജനം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം | ചെലവായ തുക |
|---|---|---|---|---|---|---|---|---|---|
| 1 | SCS No. 127 തണ്ണിത്തോട് (LoanScheme) | 635 73 H.T. | 1211600 | 800 | 1981 | 1990 | 346 97 H.T. | 606 | 9924 76 |
| 2 | SCS No. 264 തേക്കുതോട് (LoanScheme) | 1015 17 H.T. | 2570000 | 900 | 1979 | 1990 | 368 60 H.T. | 545 | 1991858 |
| 3 | SCS No. 277 മണ്ണീറ (LoanScheme) | 149 15 H.T. | 1225000 | 364 | 1991 | 1992 | 7 H. T | 25 | 110901 |
| 4 | റീസ്ട്രക്ചേർഡ് മണ്ണീറ (ഇപ്പോഴും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു) | 149 26 H.T. | 3804000 | 364 | 1993 | | 105 087 H.T. | 177 | 1584113 |

# 5 [ii] മൃഗസംരക്ഷണവും മത്സ്യക്കൃഷിയും

## മൃഗസംരക്ഷണം

ഭക്ഷ്യോല്പാദനത്തിനു വേണ്ടി അനുവാദം ലഭിച്ചതിനെ തുടർന്ന് തണ്ണിത്തോട് പ്രദേശത്തിന്റെ വിവിധ ഭാഗങ്ങളിലായി കുടിയേററം ആരംഭിക്കുകയും കൃഷിയും കന്നുകാലിവളർത്തലും മുഖ്യതൊഴിലായി സ്വീകരിക്കുകയും ചെയ്തു. പാലുല്പാദനത്തിനും മാംസത്തിനും പുറമേ കൃഷിക്കാവശ്യമായ ജൈവവളത്തിന്റെ മുഖ്യ സ്രോതസ്സും കന്നുകാലികൾ ആയിരുന്നു. കാലിമേയ്ക്കാനുള്ള സൗകര്യമുണ്ടായിരുന്നതിനാൽ എല്ലാ കർഷകരും കന്നുകാലിവളർത്തലിൽ തല്പരരായിരുന്നു. മററു പ്രദേശങ്ങളിലേക്ക് ഭാരം ചുമന്നുകൊണ്ട് പോകുന്നതിനെ കാളകളെയും ഉപയോഗിച്ചിരുന്നു. കന്നുകാലികളെയും ആടുകളെയും കൂട്ടമായി വന ത്തിൽ വിട്ട് മേയ്ക്കുന്ന രീതി ഉണ്ടായിരുന്നു. ഇപ്പോഴും ചില പ്രദേശങ്ങളിൽ ആ രീതി നില നിൽക്കുന്നുണ്ട്. ബീജസങ്കലന സൗകര്യങ്ങളില്ലാത്തതിനാൽ എരുമയെ വളർത്താൻ കർഷകർ വിമുഖരാണ് അതേസമയം പശുക്കളുടെ എണ്ണ ത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. അത്യുല്പാദന ശേഷിയുള്ളവ തുലോം കു റ വാണ്. 1970–കളിൽ ഉണ്ടായിരുന്ന ബീജദാന സംവിധാനം ഇല്ലാതെ വന്നതാണ് ഇതിനു കാര ണം നാടൻ രീതിയാണ്. കർഷകർ ഇപ്പോഴും സ്വീകരിച്ചു വരുന്നത്. കന്നുകാലിവളർത്തൽ ഉപജീവന മാർഗ്ഗമായി സ്വീകരിച്ചിട്ടുള്ള കുടും ബങ്ങൾ ഏകദേശം 20% മാത്രമാണ്

പഞ്ചായത്തിലെ വളർത്തുമൃഗങ്ങളുടെയും വളർത്തു പക്ഷികളുടെയും പട്ടിക

വളർത്തു മൃഗങ്ങളുടെ സംഖ്യ

**പട്ടിക–1**

*(അവലംബം തണ്ണിത്തോട് മൃഗാശുപത്രി)*

| വാർഡ് നമ്പർ | കാള നാടൻ | | കാള സങ്കരം | | പശു നാടൻ | | പശു സങ്കരം | | എരുമ | | പോത്ത് | ആട് | പട്ടി | പ്രതിരോധ കുത്തിവയ്പു നടത്തിയ പട്ടികൾ | ആന |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | വംശവർദ്ധനവ് | മററുള്ളവ | വംശവർദ്ധനവ് | മററുള്ളവ | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 |
| I | 4 | | | | 238 | 32 | 28 | 6 | | | | 138 | 289 | | |
| II | 1 | | | | 168 | 56 | 28 | 15 | | | | 186 | 375 | | |
| III | | | | | 97 | 15 | 16 | 2 | | | | 54 | 162 | | |
| IV | | | | | 196 | 12 | 38 | 26 | | | | 195 | 241 | | |
| V | 2 | | | | 84 | 14 | 12 | 14 | | | | 120 | 160 | | |
| VI | | | | | 195 | 35 | 21 | 7 | | | | 168 | 190 | | |
| VII | 1 | | | | 107 | 22 | 23 | 5 | | | | 78 | 216 | | |
| VIII | 3 | | | | 268 | 33 | 19 | 21 | | | | 204 | 309 | | |
| IX | 4 | | | | 182 | 142 | 29 | 15 | | | | 270 | 497 | | |
| ആകെ | 15 | | | | 1535 | 361 | 214 | 111 | | | | 1413 | 2236 | 60 | |

## പട്ടിക 2
## വളർത്തു പക്ഷികൾ
*അവലംബം—തണ്ണിത്തോട് മൃഗാശുപത്രിയിലെ രേഖകൾ*

| വാർഡ് | പൂവൻകോഴി | പിടക്കോഴി | | താറാവ് | | മററുള്ളവ |
|---|---|---|---|---|---|---|
| | | മുട്ട ഇടുന്നവ | മുട്ട ഇടാത്തവ | ആൺ | പെൺ | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| I | 370 | 390 | 630 | 3 | 7 | |
| II | 271 | 584 | 760 | 2 | 7 | |
| III | 157 | 714 | 364 | 2 | 5 | |
| IV | 381 | 517 | 387 | 4 | 5 | |
| V | 184 | 208 | 398 | | | |
| VI | 309 | 278 | 398 | | | |
| VII | 240 | 371 | 239 | 1 | 1 | |
| VIII | 397 | 483 | 510 | 5 | 10 | |
| IX | 616 | 379 | 710 | 7 | 20 | |
| ആകെ | 2825 | 3924 | 4396 | 24 | 55 | |

1975—ൽ തണ്ണിത്തോട് കേന്ദ്രമാക്കി സ്ഥാപിതമായ മൃഗാശുപത്രിയാണു മൃഗ ചികിത്സ രംഗത്തെ പഞ്ചായത്തിലെ ഏക ആശ്രയം. എന്നാൽ ഇതിൻെറ പ്രവർത്തനം അപര്യാപ്തമാണ്.

ക്ഷീരോല്പാദന വിപണന രംഗങ്ങളിൽ കർഷകർക്ക് അവലംബമായിട്ടുള്ളത് കോന്നിയിൽ പ്രവർത്തിക്കുന്ന ബ്ലോക്കു ക്ഷീരവികസന ഓഫീസ്സും പഞ്ചായത്തിൻെറ ഒന്നാം വാർഡിൽ പ്രവർത്തിക്കുന്ന ക്ഷീരോല്പാദക സഹകരണ സംഘവുമാണ്. പാലിന് ന്യായമായ വില ലഭിക്കുന്നതിനുള്ള സംവിധാനങ്ങൾ എല്ലാ വാർഡുകളിലും കാര്യക്ഷമമാക്കേണ്ടതുണ്ട്. മെച്ചപ്പെട്ടയിനം മുട്ടക്കോഴികളേയും ഇറച്ചിക്കോഴികളേയും വളർത്തുന്നതിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കുന്നില്ല. മുയൽ വളർത്തൽ, കാടവളർത്തൽ എന്നീ മേഖലകളിലും കൂടുതൽ സംരംഭങ്ങൾ ആരംഭിക്കേണ്ടതുണ്ട്.

### പ്രശ്നങ്ങൾ

1 തണ്ണിത്തോടു മൃഗാശുപത്രിയിൽ സ്ഥിരമായി ഡോക്ടറില്ല.
2 കൃത്രിമ ബീജദാന സൗകര്യമില്ല.
3 കാലിതീററയുടെ അമിതമായ വിലക്കയററം.
4 പുൽ കൃഷി ചെയ്യാനുള്ള സ്ഥല പരിമിതി.
5 ആരോഗ്യകരമായ കാലിത്തൊഴുത്തുകളുടെ അഭാവം.

6 പാലിൻെറ വിലക്കുറവ്.

7 പാൽ വിപണന കേന്ദ്രങ്ങളുടെ അഭാവം.

8 ശാസ്ത്രീയ കാലിവളർത്തലിൽ കർഷകർക്കുള്ള അജ്ഞത.

9 ഉയർന്ന ഇൻഷുറൻസ് നിരക്ക്.

10 നല്ല ഇനം കറവ മാടുകളെയും, ആടുകളെയും ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്.

11 ഗുണ നിലവാരമുള്ള ധാതു ലവണ മിശ്രിതം, മീൻഎണ്ണ എന്നിവയുടെ ദൗർലഭ്യം.

12 കോഴിവളർത്തലിനാവശ്യമായ മേൽത്തരം കോഴിക്കുഞ്ഞുങ്ങളുടെ ദൗർലഭ്യം.

13 പ്രതിരോധ കുത്തിവെയ്പുകൾ എടുക്കാതെ നായ്ക്കളെ വളർത്തുന്നു.

14 തെരുവുനായ്ക്കളുടെ വർദ്ധന.

## സാധ്യതകൾ

1 തണ്ണിത്തോടു മൃഗാശുപത്രിയിൽ സ്ഥിരമായി ഒരു ഡോക്ടറെ നിയമിക്കുകയും ആവശ്യമായ മരുന്നുകളും ലഭ്യമാക്കുക.

2 സഞ്ചരിക്കുന്ന ബീജാദാന കേന്ദ്രം സ്ഥാപിച്ച് അതിൻെറ സേവനം എല്ലാ വാർഡുകളിലും ലഭ്യമാക്കുക.

3 സബ്സിഡി നിരക്കിൽ കാലിതീററ വിതരണം ചെയ്യുക.

4 പുൽകൃഷിക്ക് വിത്തും വളവും സൗജന്യമായി നൽകുക.

5 പഞ്ചായത്തും ക്ഷീരോല്പാദക സഹകരണസംഘങ്ങളും വാണിജ്യാടിസ്ഥാനത്തിൽ തീററപ്പുൽ കൃഷി നടത്തി ന്യായ വിലയ്ക്ക് കർഷകർക്കു ലഭ്യമാക്കുക.

6 ആരോഗ്യകരമായ തൊഴുത്തുകൾ പണിയുന്നതിനെ കർഷകർക്ക് സാങ്കേതിക ജ്ഞാനവും, ചെലവിൻെറ 50% മെങ്കിലും സബ്സിഡിയും ലഭ്യമാക്കുക.

7 ശുദ്ധമായ പാൽ ഉല്പാദനത്തിനുതകുന്ന വസ്തുക്കൾ വിതരണം ചെയ്യുക. **(ഉദാ:– Clean Milk Production Kit)**

8 പാലിൻെറ പ്രാദേശിക ഉപഭോഗം വർദ്ധിപ്പിക്കുന്നതിനായി അംഗൻവാടി, പ്രൈമറി സ്കൂൾ വിദ്യാർത്ഥികൾക്ക് പോഷകാഹാര പരിപാടിയിൽ ഉൾപ്പെടുത്തി പാൽ വിതരണം ചെയ്യുക.

9 എല്ലാ വാർഡുകളിലും ക്ഷീരസഹകരണ സംഘങ്ങൾ സ്ഥാപിക്കുക. തണ്ണിത്തോടു കേന്ദ്രമാക്കി ഒരു മിൽക്ക് ചില്ലിംഗ് പ്ലാൻറു സ്ഥാപിക്കുക.

10 എല്ലാ വാർഡുകളിലും കന്നുകാലി പ്രദർശനം, വന്ധ്യതാനിവാരണ ക്യാമ്പുകൾ, പ്രതിരോധ കുത്തിവെയ്പുകൾ, കർഷക സമ്പർക്ക പരിപാടികൾ എന്നിവ സംഘടിപ്പിക്കുക.

11 പഞ്ചായത്തിലുള്ള എല്ലാ ആടുമാടുകളേയും ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കി ഇൻഷ്വർ ചെയ്യുക.

12 സ്പെഷ്യലൈസ്ഡ് ഡയറിഫാം യൂണിററുകൾ ആരംഭിക്കുക.

13 സബ്സിഡി നിരക്കിൽ അത്യുല്പാദന ശേഷിയുള്ള കന്നു കുട്ടികളെയും ആടുകളെയും വിതരണം ചെയ്യുക.

14 തണ്ണിത്തോടു കേന്ദ്രമാക്കി കാലിച്ചന്ത ആരംഭിക്കുക.

15 ഗുണ നിലവാരമുള്ള ധാതുലവണ മിശ്രിതം, മീനെണ്ണ എന്നിവ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക.

16 ഒരു ഹാച്ചറി സ്ഥാപിച്ച് നല്ലയിനം കോഴി കുഞ്ഞുങ്ങളെ വിതരണം ചെയ്യുക.

17 പഞ്ചായത്തുതലത്തിൽ നായ്ക്കളെ പിടിക്കുവാൻ തയ്യാറുള്ളവരെ കണ്ടെത്തി ആവശ്യമായ പരിശീലനം നൽകി തെരുവു നായ്ക്കളെ പിടിച്ചു നശിപ്പിക്കണം.

18 വളർത്തു നായ്ക്കൾക്കുള്ള ലൈസൻസ് നിർബദ്ധമാക്കുക.

19 പേപ്പട്ടി വിഷബാധയ്ക്കെതിരെ പ്രതിരോധ കുത്തിവെയ്പു നടത്തുക.

20 ആവശ്യമായ സാങ്കേതിക സാമ്പത്തിക സഹായം നൽകി മത്സ്യകൃഷി ആരംഭിക്കുക.

21 വെറററിനറി ഹെൽത്ത് വിസിറററുടെ സേവനം ലഭ്യമാക്കുക.

## 5 (iii) വനം

പരിസ്ഥിതി സംരക്ഷണത്തിൽ വനങ്ങൾ നിർണ്ണായക പങ്ക് വഹിക്കുന്നുണ്ട്. വനങ്ങൾ മനുഷ്യന്റെ സമ്പദ്‌വ്യവസ്ഥ, തൊഴിൽ, സംസ്കാരം എന്നിവയിലും സ്വാധീനം ചെലുത്തുന്നുണ്ട്. എന്നാൽ ജനസംഖ്യയിലുണ്ടായ ക്രമാതീതമായ വർദ്ധനവ് വനനശീകരണത്തിന് കാരണമായി.

റാന്നി, കോന്നി ഫോറസ്റ്റ് ഡിവിഷനുകളിലെ വടശ്ശേരിക്കര, നടുവത്തുമൂഴി റേഞ്ചുകളിലുള്ള വനഭൂമിയാണ് തണ്ണിത്തോടിനു ചുററുമുള്ളത്. ഈ വനം റിസർവ് വിഭാഗത്തിൽ പെടുന്നു. നിത്യഹരിത വനങ്ങളും ഇലപൊഴിയും കാടുകളും ഉൾപ്പെട്ടതാണിപ്രദേശം.

സാംസ്കാരിക രംഗത്തിനും ഇവിടുത്തെ കാടുകൾ മികച്ച സംഭാവനകളാണ് നൽകിവരുന്നത്. ആയിരത്തോളം വർഷം പഴക്കമുള്ളതായി കണക്കാക്കപ്പെടുന്ന ആലുവാംകുടി ശ്രീ മഹാദേവർ ക്ഷേത്രം, ചാവരുപാണ്ഡി ക്ഷേത്രം എന്നിവ വനമദ്ധ്യത്തിലാണ് സ്ഥിതി ചെയ്യുന്നത്.

ജൈവ വൈവിധ്യം നിറഞ്ഞതാണ് ഇവിടുത്തെ വനം. വിവിധയിനം പക്ഷികളും മൃഗങ്ങളും ഇവിടെ ധാരാളമായി കണ്ടുവരുന്നു.

**പട്ടിക–1**

വനത്തിൽ കാണുന്ന വിവിധയിനം പക്ഷി–മൃഗാദികൾ

*(അവലംബം സാട്ടറിവ്)*

| മൃഗങ്ങൾ | പക്ഷികൾ |
|---|---|
| ആന, കടുവ, പുലി | മയിൽ, മാടത്ത, തത്ത, കാട്ടുകോഴി, |
| കരടി, കുരങ്ങൻ, കേഴ | വേഴാമ്പൽ, കുളക്കോഴി, മൈന, |
| കൂരൻ, മ്ലാവ്, പന്നി | നീർക്കാക്ക, പൊൻമാൻ, കൊക്ക്, |
| കാട്ടുപോത്ത്, മുയൽ | കുരുവികൾ, മരംകൊത്തി, |
| മലയണ്ണാൻ, മരപ്പട്ടി | കുയിൽ, കാക്ക, മണ്ണാത്തിപ്പുള്ള്, |
| പാറാൻ, മുള്ളൻപന്നി | തേൻകിളി, ചക്കയ്ക്കുപ്പുണ്ടോകിളി, |
| കീരി, പെരുമ്പാമ്പ്, മലമ്പാമ്പ് | പനംകാക്ക, ശരപ്പക്ഷി, ഓമനപ്രാവ്, |
| വിഷപ്പാമ്പുകൾ, ആമ, ഉടുമ്പ് വരയൻപൂച്ച തുടങ്ങിയവ | ഓലേഞ്ഞാലി, വാനമ്പാടി, |
| | ചെമ്പൻനത്ത്, കൃഷ്ണപരുന്ത്, |
| | വാലുകുലിക്കി പക്ഷി, ചക്കിപ്പരുന്ത് |
| | തീക്കുരുവി, അരിപ്രാവ്. |

പഞ്ചായത്തിലും സമീപസ്ഥലങ്ങളായ വന പ്രദേശങ്ങളിലുമായി അൻപതിൽ താഴെ ആദിവാസി കുടുംബങ്ങൾ താമസിക്കുന്നുണ്ട്. സമ്പദ്‌വ്യവസ്ഥയ്ക്ക് മികച്ച സംഭാവന നൽകിക്കൊണ്ട് വനവിഭവങ്ങൾ ധാരാളമായി ലഭിക്കുന്നു.

## പട്ടിക 2

വന–വിഭവങ്ങൾ (*അവലംബം നാട്ടറിവ്*)

| മരങ്ങൾ | ഔഷധസസ്യങ്ങൾ | മററുവിഭവങ്ങൾ |
|---|---|---|
| തേക്ക്, വീട്ടി, തേന്മാവ്, പേഴ്, വെൺതേക്ക്, കടമരം, കമ്പകം, അകിൽ, മരുതി, ആഞ്ഞിലി, പുന്ന, മണിമരുത്, വേങ്ങ, ഇലവ്, കാട്ടുമാവ്, ചീനിമരം, വെള്ളപൈൻ, കണിക്കൊന്ന, ചെംനെല്ലി, വെട്ടി, നെടുന്നരം, വയണ, കല്ലുമാണിക്യം, കരിങ്ങഴ, പൂവണ്ണ്, വാക, പെരുമരം, മഞ്ഞക്കടമ്പ്, പൂച്ചക്കടമ്പ്, മൈല, ഉന്നം, ഏഴിലംപാല, അമ്പഴം, മരവെട്ടി, കാട്ടത്തി, വള്ളിപ്പാല, പൊന്നമ്പൂവ്, പാതിരി, പാച്ചോററി, നെല്ലി, കാട്ടുപന, അന്തൽ, വേപ്പ്, ഞാവൽ, ആററുവഞ്ചി, മലംപൂവരശ്, കുന്തിരിക്കപൈൻ, ചാര്, കാര, താന്നി, കനല, തേരകം, കടപ്പാവ്, മരോട്ടി, ഉതി, കുളമാവ്, ഇലഞ്ഞി, പോങ്ങ്, മഹാഗണി, അശോകം, മുള്ളുമുരുക്ക് തുടങ്ങിയവ | കരിങ്കുറിഞ്ഞി<br>കുറുന്തോട്ടി<br>ചതുരമുല്ല, കാട്ടുള്ളി,<br>കാട്ടുമുല്ല, ഓരില<br>മൂവില, വലംപിരിയൻ<br>ഇടംപിരിയൻ<br>കൈയോന്നി, കാട്ടമൃത്<br>അത്തുമ്പ്, ശതാവരി<br>പുല്ലാഞ്ഞി<br>കാട്ടുപടവലം<br>കാട്ടുപാവൽ, കാട്ടുചേന<br>കാട്ടുതൃപ്പലി<br>കീഴാർനെല്ലി<br>കോടാശാരി<br>ആനച്ചുവടി, പാണൽ<br>കൊക്കോവള്ളി<br>പാൽമതക്ക്<br>നിലംപുള്ളടി<br>നറുനീണ്ടി, കുടങ്ങൽ<br>നിലനാരകം<br>സർപ്പഗന്ധി<br>ചിററമൃത്, അമക്കൂരം<br>അടപൊതിയൻ<br>കാട്ടുഞാണ്ട<br>കാട്ടുമുളക്<br>മധുരംകൊല്ലി<br>കറുന്തകാളി<br>കല്ലൂർവഞ്ചി<br>കുടുക്കമൂലി<br>തുടങ്ങിയവ | കുന്തിരിക്കം, തേൻ<br>ചൂരൽ, ഈററ, മുള<br>തുടങ്ങിയവ |

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി സാമൂഹ്യ വനവൽക്കരണ പദ്ധതി നടപ്പിലാക്കപ്പെടുന്നുണ്ട്. എന്നാൽ ഇതിൽ വ്യാപകമായി ക്രമക്കേടുകൾ നടക്കുന്നതായി പരാതി ഉയർന്നിട്ടുണ്ട്.

കോന്നി—ചിററാർ—ആങ്ങമൂഴി റോഡിന്റെ അധികഭാഗവും വനമധ്യത്തിലൂടെയാണ് കടന്നുപോകുന്നത്. ഇതിൽ ചിററാർ— തണ്ണിത്തോട് റോഡിന്റെ ടാറിംഗും മററും നടക്കേണ്ടതുണ്ട് ഇതു പൂർത്തിയായാൽ ശബരിമല യാത്രയ്ക്ക് 38 കി.മീ ലാഭിക്കാം എന്നാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കൂടാതെ, വിനോദസഞ്ചാരികളേയും വളരെയേറെ ആകർഷിക്കുവാൻ കഴിയും. ഇപ്രകാരം ഇവർക്കൊരു ഇടത്താവളമായി മാറുന്ന തണ്ണിത്തോടും വികസനത്തിന്റെ പാതയിലേയ്ക്ക് നീങ്ങുമെന്നതിൽ സംശയമില്ല.

## പ്രശ്നങ്ങൾ:

1 ഉൾവനങ്ങളിലുണ്ടാകുന്ന തടിനാശം.
2 വനവിഭവങ്ങളുടെ ചൂഷണം.
3 ചിററാർ— തണ്ണിത്തോട് റോഡിന്റെ പണിമുടങ്ങിക്കിടക്കുന്നു.
4 സാമൂഹ്യ വനവൽക്കരണത്തിലെ ക്രമക്കേടുകൾ.
5 ടാങ്കിയ കൃഷിക്ക് അനുവാദം ലഭിക്കുന്നില്ല.
6 കള്ളത്തടി വെട്ട്
7 വിറകും മററും ശേഖരിക്കാൻ അനുവാദം ലഭിക്കുന്നില്ല.
8 കാട്ടു തീ മൂലമുണ്ടാകുന്ന വനനശീകരണം.
9 കാട്ടുമൃഗങ്ങൾ—മൂലമുണ്ടാകുന്ന കൃഷിനാശം.
10 സാമൂഹ്യ വനവൽക്കരണത്തിനാവശ്യമായ ചെടികളുടെ ദൗർലഭ്യം.
11 ക്ഷേത്രസംരക്ഷണം.

## സാധ്യതകൾ

1 ഉൾവനങ്ങളിൽ വീണടിയുന്ന മരങ്ങളുടെ തടി ഉപയോഗപ്രദമാക്കുക. ഇതിനായി തണ്ണിത്തോട് കേന്ദ്രമായി ഒരു തടി സംസ്കരണ ഫാക്ടറി ആരംഭിക്കാം.
2 ഈററ, മുള, തേൻ, ചൂരൽ തുടങ്ങിയ വനവിഭവങ്ങളുടെ ചൂഷണം കർശനമായി നിയന്ത്രിച്ച് സാമ്പത്തിക ഭദ്രത കൈവരിക്കാം.
3 ചിററാർ—തണ്ണിത്തോട് റോഡിന്റെ ടാറിംഗ് ജോലി അടിയന്തിരമായി പൂർത്തിയാക്കൽ.
4 സാമൂഹ്യ വനവൽക്കരണ പദ്ധതിയിലെ ക്രമക്കേടുകൾ ഒഴിവാക്കുവാനായി ഇതിന്റെ ചുമതല പൂർണ്ണമായും പഞ്ചായത്ത് സമതിയെ ഏൽപ്പിക്കുക.
5 ടാങ്കിയ കൃഷിക്ക് അനുവാദം നൽകൽ.
6 കള്ളത്തടിവെട്ട് കർശനമായി തടയൽ.
7 വനങ്ങളിൽ നിന്നും വിറകും മററും ശേഖരിക്കുവാനുള്ള അനുവാദം നൽകുക.
8 കാട്ടുതീ തടയാൻ പ്രാദേശിക ജനവിഭാഗങ്ങൾക്ക് പരിശീലനം നൽകൽ.
9 കാട്ടുമൃഗങ്ങൾമൂലം കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് നഷ്ടപരിഹാര തുക നൽകുക.
10 സാമൂഹ്യ വനവൽക്കരണത്തിനാവശ്യമായ ചെടികൾ ലഭ്യമാക്കുക.
11 വന മധ്യത്തിൽ സ്ഥിതിചെയ്യുന്ന ക്ഷേത്രങ്ങൾ സംരക്ഷിക്കുന്നതിനായി സാമ്പത്തിക സഹായവും മററും ലഭ്യമാക്കൽ.
12 ആദിവാസി കുടുംബങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുവാൻ വേണ്ട സഹായം നൽകുക.

# 5 (iv) വ്യവസായം

പത്തനംതിട്ട ജില്ലയിൽ വ്യാവസായി ഏററവും പിന്നിൽ നില്ക്കുന്ന പ്രദേശമാണ് തണ്ണിത്തോട് പഞ്ചായത്ത് ഇവിടെ വൻകിട വ്യവസായങ്ങൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല. നാമമാത്രമായി ചില ചെറുകിട വ്യവസായ യൂണിററുകൾ മാത്രം പ്രവർത്തിക്കുന്നുണ്ട്.

*പട്ടിക 1*

നിലവിലുള്ള ചെറുകിട വ്യവസായ യൂണിററുകൾ

| ക്രമ നമ്പർ | പേര് | വാർഡ് |
|---|---|---|
| 1 | വനിതാ തയ്യൽ സഹകരണ സംഘം | 3 |
| 2 | വനിതാ ക്ഷീരോല്പാദന യൂണിററ് | 1 |
| 3 | വെൽഡിംഗ് വർക്ക്ഷോപ്പ് [2 എണ്ണം] | 3, 1 |
| 4 | ഹോളോ ബ്രിക്സ് യൂണിററുകൾ [3 എണ്ണം] | 1, 3 |
| 5 | അടയ്ക്കാ സംസ്കരണ യൂണിററുകൾ [3 എണ്ണം] | 4, 8, 9 |
| 6 | അംബേദ്കർ കോളനി ഈററ, പനമ്പ്വ്യവസായ സഹകരണസംഘം | 7 |
| 7 | പാറപൊട്ടിക്കൽ യൂണിററുകൾ [2എണ്ണം] | 4, 7 |
| 8 | ധാന്യങ്ങൾ പൊടിക്കുന്ന യൂണിററുകൾ [4 എണ്ണം] | 8, 3 |

അവലംബം: ഗ്രാമസഭാ റിപ്പോർട്ടുകൾ

നമ്മുടെ പഞ്ചായത്തിലുള്ള കടുത്ത തൊഴിലില്ലായ്മ പരിഹരിക്കണമെങ്കിൽ വൻകിട–ചെറുകിട വ്യവസായ യൂണിററുകൾ അടിയന്തരമായി ആരംഭിക്കേണ്ടിയിരിക്കുന്നു. അതിനുള്ള സാഹചര്യങ്ങൾ നമ്മുടെ പഞ്ചായത്തിൽ നിലനില്ക്കുന്നുണ്ട്.

ചുരുങ്ങിയ മുതൽ മുടക്കിൽ കമ്പോളം ലഭിക്കാൻ സാധ്യതയുള്ള വ്യവസായങ്ങൾ.

പട്ടിക 2

| വിഭാഗം | നമ്പർ | ഇനം |
|---|---|---|
| ജനറൽ S.S.I. | 1 | ശാസ്ത്രീയമായ കോഴി വളർത്തൽ [ഇറച്ചിക്കോഴി] |
| | 2 | മരം ഫർണിച്ചർ |
| | 3 | ഹവായ് ചെരുപ്പ് |
| | 4 | ലിക്വിഡ് ഡിറ്റർജൻറ് |
| | 5 | ഓട്ടോ ഇലക്ട്രിക് വർക്ക്ഷോപ്പ് |
| | 6 | ഇലക്ട്രിക്കൽ ജനറൽ വർക്ക്ഷോപ്പ് |
| | 7 | ജനറൽ എൻജിനീയറിംഗ് |
| | 8 | ഇരുചക്രവാഹനങ്ങളുടെ വർക്ക്ഷോപ്പ് |
| | 9 | സിന്തറ്റിക് വിനാഗിരി |
| | 10 | ചിപ്സ് നിർമ്മാണം |
| | 11 | ചക്കപ്പഴം സംസ്കരണ യൂണിറ്റുകൾ |
| | 12 | അലക്ക് സോപ്പ് |
| | 13 | സോപ്പ് പൊടി നിർമ്മാണം |
| | 14 | പേപ്പർ കവർ നിർമ്മാണം |
| സഹകരണസംഘം | 1 | കുട, നോട്ട് ബുക്ക് നിർമ്മാണം |
| | 2 | കറിപൗഡർ നിർമ്മാണം |
| | 3 | കരിങ്കല്ല് ഉടച്ച് ജില്ലിയാക്കൽ |
| | 4 | സിമൻറുകൊണ്ടുള്ള ജനാല, വാതിൽ, പൂച്ചട്ടി നിർമ്മാണം |
| | 5 | ഇഷ്ടിക നിർമ്മാണം |
| | 6 | സിമൻറ് ഇഷ്ടിക നിർമ്മാണം |
| | 7 | റെഡിമെയ്ഡ് വസ്ത്രങ്ങൾ |

അവലംബം: ഗ്രാമസഭാ റിപ്പോർട്ടുകൾ

മുകളിൽ 2—ാം പട്ടികയിൽ കൊടുത്തിരിക്കുന്ന ചെറുകിട വ്യവസായ യൂണിറ്റുകൾ കൂടാതെ മററു വ്യവസായ യൂണിററുകളും ആരംഭിക്കുവാൻ കഴിയും.

## 1 തടി ഉപയോഗിച്ചുള്ളത്

റബ്ബർ തടി അടക്കം എല്ലാത്തരം തടികളും ഉപയോഗിച്ചുള്ള വ്യവസായങ്ങൾക്ക് സാധ്യതയുണ്ട്. എന്നാൽ കേന്ദ്രവന നിയമം തടിഉപയോഗിച്ചുള്ള വ്യവസായങ്ങൾക്ക് തടസ്സമായി നില്ക്കുന്നു. ഈ നിയമത്തിന് അയവുവരുത്തണം. അങ്ങനെ വന്നാൽ പ്ലൈവുഡ് വ്യവസായം, ഫർണിച്ചർ നിർമ്മാണവ്യവസായം, തുടങ്ങിയവ ആരംഭിക്കുവാൻ കഴിയും. ഗുണനിലവാരം കൂടിയ തേക്കുതടികൾ സുലഭമായി ലഭിക്കുന്ന നമ്മുടെ പ്രദേശത്ത് തേക്കുതടി സംസ്ക്കരണ യൂണിററുകൾ ആരംഭിക്കുവാൻ കഴിഞ്ഞാൽ ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിയും. വ്യവസായങ്ങൾ തുടങ്ങുന്നതിനാവശ്യമായ സമ്പത്ത് സഹകരണമേഖലയിൽ തൊഴിലാളികളെ സംഘടിപ്പിച്ച് കണ്ടെത്തുവാൻ കഴിയും.

## 2 റബ്ബർ

പഞ്ചായത്തിലെ 85%ഭൂമിയും റബ്ബർ കൃഷിക്കായി ഉപയോഗിക്കുന്നു. ആകെയുള്ള കർഷകരിൽ 90%വും റബ്ബർ കൃഷി നടത്തുന്നു. കൂടാതെ പ്ലാന്റേഷൻ കോർപ്പറേഷൻ വക തണ്ണിത്തോട് എസ്റ്റേററിലെ മുഖ്യ കൃഷിയും റബ്ബറാണ്. 1995_ൽ 416.17 ടൺ റബ്ബർ, തണ്ണിത്തോട് എസ്റ്റേററിൽ നിന്നും ഉല്പാദിപ്പിച്ചിട്ടുണ്ട്. അതുകൂടാതെ നമ്മുടെ പഞ്ചായത്ത് പ്രദേശത്തുനിന്നും 120— ടണ്ണിൽ കൂടുതൽ റബ്ബറും ഉല്പാദിപ്പിക്കുന്നുണ്ട്. ഉല്പാദനം വർദ്ധിപ്പിക്കുവാൻ കഴിയുന്ന സാഹചര്യങ്ങൾ നിലനില്ക്കുന്നു ഈ റബ്ബർ ഉപയോഗിച്ച് വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള സാധ്യതയുണ്ട്. ആവശ്യമായ പണം തൊഴിലാളികളിൽ നിന്നും ഷെയറായും, ബാങ്ക് ലോണായും, വിദേശമലയാളികളുടെ ഷെയറായും സ്വരൂപിക്കുവാൻ കഴിയും.

## 3 ഈററ

നമ്മുടെ സംസ്ഥാനത്ത് ഏററവും കൂടതൽ ഗുണമേന്മയുള്ള ഈററ വിളയുള്ള റാന്നി കോന്നി ഫോറസ്ററ് ഡിവിഷനുകളിൽപ്പെട്ട വടശ്ശേരിക്കര, നടുവത്തുകുഴി ഫോറസ്ററ് റെയിഞ്ചുകളിൽപ്പെടുന്ന വനപ്രദേശം നമ്മുടെ പഞ്ചായത്തിനെ വലയം ചെയ്തു കിടക്കുന്നു. ഇത്തരം ഈററ ഉപയോഗിച്ച് ബാംബുകോർപ്പറേഷന്റെ സഹായത്തോടുകൂടി ഒരു ഈററ സംസ്കരണ യൂണിററ് ആരംഭിക്കുവാൻ കഴിയും ഈററവെട്ട്, ലോഡിംഗ് എന്നീ രംഗങ്ങളിൽ ഏതാണ്ട് 300—ഓളം ആളുകൾക്ക് തൊഴിൽ ലഭിക്കുന്നുണ്ട്. ഈററ ഉപയോഗിച്ചുള്ള വിവിധ ഉല്പന്നങ്ങൾ നിർമ്മിക്കുവാൻ കഴിയും അതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുവാൻ കഴിയണം. നമ്മുടെ പ്രദേശത്ത് നിരവധി ആളുടെകൾക്ക് തൊഴിൽ ലഭ്യമാക്കുവാൻ മേഖലയിലും കഴിയും.

## 4 ജൈവവള നിർമ്മാണം

നമ്മുടെ കർഷകർ രാസവളമാണ് മുഖ്യമായും ഉപയോഗിക്കുന്നത് തൻമൂലം മണ്ണിന്റെ ഫലപുഷ്ടി കുറയ്ക്കുകയും കർഷകർക്ക് സാമ്പത്തിക നഷ്ടമുണ്ടാവുകയും ചെയ്യുന്നു. ഈ പ്രശ്നത്തിനൊരു പരിഹാരമാണ് ജൈവവളം ധാരാളം പച്ചിലയും, ചാണകവും ലഭ്യമാകുന്ന അവസ്ഥ ഉള്ളതിനാൽ ഒരോ ഓരോ ജൈവവള യൂണിററുകൾ ആരംഭിക്കുവാൻ കഴിയും ജൈവവളങ്ങൾക്ക് നമ്മുടെ പഞ്ചായത്തിന് പുറത്തും വിപണി കണ്ടെത്തുവാൻ കഴിയും.

## 5 സുഗന്ധദ്രവ്യ നിർമ്മാണം

നമ്മുടെ പഞ്ചായത്തിൽ ഇഞ്ചി, കുരുമുളക്, മഞ്ഞൾ, ജാതി തുടങ്ങിയവ ധാരാളമായി കൃഷി ചെയ്തു വരുന്നുണ്ട്. ഇവ ശേഖരിച്ച് ഒരു സുഗന്ധവ്യജ്ഞന സംസ്കരണ യൂണിററ് ആരംഭിക്കുവാൻ കഴിയും. അതിനായി സ്പൈസസ് ബോർഡിന്റെ സഹായം തേടാവുന്നതാണ്.

മുകളിൽ പറഞ്ഞിരിക്കുന്ന സാധ്യതകൾ നടപ്പിലാകണമെങ്കിൽ ഗതാഗതസൗകര്യങ്ങൾ വർദ്ധിപ്പിക്കണം. കൂടാതെ വൈദ്യുതിരംഗത്തെ പ്രശ്നങ്ങളും, കേന്ദ്രവനനിയമവുമായി ബന്ധപ്പെട്ടു നില്ക്കുന്ന പ്രശ്നങ്ങളും പരിഹരിക്കേതായിട്ടുണ്ട്, സാങ്കേതിക പരിജ്ഞാനമില്ലായ്മയും ഒരു തടസ്സമാണ്. അതോടൊപ്പം ധനകാര്യസ്ഥാപനങ്ങൾ ആവശ്യമായ സാമ്പത്തിക വായ്പകൾ കുറഞ്ഞ പലിശനിരക്കിലും, കാലതാമസം കൂടാതെയും ലഭ്യമാക്കണം.

# ഗതാഗതവും ഊർജ്ജവും

## ഗതാഗതം

തണ്ണിത്തോടു പഞ്ചായത്തിൽ കേരളത്തിന്റെ ഇതര പഞ്ചായത്തുകളെ അപേക്ഷിച്ച് ഗതാഗത സൗകര്യം നന്നേ കുറവാണ്. നിലവിലുള്ള റോഡുകൾ തന്നെ സഞ്ചാര യോഗ്യമല്ല. സംഘടിത ജനശക്തിയുടെ പ്രതീകങ്ങളാണ് ഈ മേഖലയിലെ എല്ലാ റോഡുകളും.110 കി. മീ റോഡു ശൃംഖലയാണ് തണ്ണിത്തോടു പഞ്ചയാത്തിനാകയുള്ളത്. ഇതിൽ 35 കി. മീ റോഡ് 9-ാം വാർഡിലും 17 കി. മീ. റോഡ് 8-ാം വാർഡിലും ബാക്കിയുള്ള വാർഡുകളിൽ 7 കി. മീ. മുതൽ 13 കി. മീ. വരയാണ് റോഡു ശൃംഖലയുള്ളത്. P.W.D റോഡുകൾ 11.5 കി. മീ. ആണ്. ഇതിൽ എലിമുള്ളുംപ്ലാക്കൽ മുതൽ തണ്ണിത്തോടു ഗവ : ഹോസ്പിറ്റൽ വരയുള്ള 6 കി. മീ റോഡ് പണിപൂർത്തീകരിച്ചതും, തണ്ണിത്തോടു മൂഴികരിമാൻതോട് 5.5 കി. മീ റോഡ് പണിപൂർത്തിയാവാനുള്ളതുമാണ്. ബാക്കിയുള്ള റോഡുകൾ ശക്തിയായ മലവെള്ളപ്പാച്ചിലിൽ ഒലിച്ചുപോയതിനാൽ സഞ്ചാരയോഗ്യമല്ല.

ആദ്യകാലഘട്ടങ്ങളിൽ ഒരിഞ്ച് നടപ്പാത പോലും ഇല്ലാതിരുന്ന ഈ മേഖലയിൽ, ഇന്നു കാണുന്ന P.W.D റോഡുകളിൽ പണം ചിലവഴിച്ചിട്ടുള്ളത് മുണ്ടോംമൂഴി പാലത്തിനും, എലിമുള്ളുംപ്ലാക്കൽ മുതൽ തണ്ണിത്തോടു ഗവ. ആശുപത്രി വരെയുള്ള റോഡിന്റെ പുനരുദ്ധാരണത്തിനു മാത്രമാണ്, പഞ്ചായത്തിന്റെ പണം ഉപയോഗിച്ച് 5.8 കി. മീ. റോഡാണ് പുനരുദ്ധാരണം പ്രവർത്തനം (ഭൂരിപക്ഷവും - ഭാഗികമായി ) നടത്തിയിട്ടുള്ളത്.

ജെ. ആർ. വൈ, ആർ. എൽ. ഇ.ജി.പി,എൻ. ആർ. ഇ. പി തുടങ്ങിയ സ്കീമുകളിൽ ഉൾപ്പെടുത്തി 12.650 കി. മീറ്ററു ഫ്ളഡ്ഡിന്റെ പണം ഉപയോഗിച്ച് 67.7 കി. മീറ്ററും റോഡാണ് പുനരുദ്ധാരണം നടത്തിയിട്ടുള്ളത്. നിലവിൽ 67.7 കി. മീ റോഡുകൾ മാത്രമേ പഞ്ചായത്ത് എറ്റെടുത്തിട്ടുള്ളു. അവശേഷിക്കുന്ന 42.2 കി. മീ. റോഡുകൾ അടിയന്തരമായി ഏറ്റെടുക്കേണ്ടതാണ്. ഒരു ച. കീ. മീറ്ററിന് 2.5 കി. മീ റോഡു ശൃംഖലയാണ് പഞ്ചായത്തിലുള്ളത്. സംസ്ഥാന ശരാശരിയിലും (3.2 കി. മീ) താഴെയാണിത്.

## പട്ടിക (1)

### പഞ്ചായത്തിലെ നിലവിലുള്ള ടാറിങ് റോഡുകൾ

| നമ്പ : | റോഡ് | ഉടമസ്ഥത | ദൂരം | വീതി | യാത്രസൗകര്യം |
|---|---|---|---|---|---|
| 1 | എലിമുള്ളുംപ്ലാക്കൽ- തണ്ണിത്തോട് ഗവ : ഹോസ്പിറ്റൽ | P.W.D | 6 കി.മീ | 8 മീ | ഉണ്ട് |
| 2 | തണ്ണിത്തോട് P . C .K. റോഡ് | P.C.K | 2 കി.മീ | 8 മീ | ഉണ്ട് |
| 3 | ബഥാൻ റോഡ് | J.R.Y | 1.2കി.മീ | 7 മീ | ഉണ്ട് |
| 4 | തണ്ണിത്തോട് H . S - V . K. പാറ റോഡ് | Flood | 800 മീ | 8 മീ | ഉണ്ട് |

# പട്ടിക (2)

## പഞ്ചായത്തിലെ നിലവിലുള്ള മെറ്റൽ റോഡുകൾ

| നമ്പർ | റോഡ് | നീളം | വീതി |
|---|---|---|---|
| 1. | വലിയകാവ് ജംഗ് : മേടപ്പാറ | 1.5 കി. മീ | 8 മീ |
| 2. | തണ്ണിത്തോടു മൂഴി - കെ.കെ പാറ | 1 കി. മീ | 8 മീ |
| 3. | എ.കെ.ജി.ജംഗ് : മേക്കണ്ണം | 600 മീ. | 8 മീ |
| 4. | മാർക്കറ്റ് ജംഗ് : അഞ്ചുക്കുഴി | 1 കി. മീ | 8 മീ |
| 5. | സി.വി.ജംഗ്ഷൻ കച്ചിപൊയ്കപടി | 300 മീ. | 8 മീ |

# പട്ടിക (3)

## നിർമ്മാണ പ്രവർത്തനം നടക്കുന്ന റോഡുകൾ

| നമ്പ: | റോഡ് | നീളം | വീതി |
|---|---|---|---|
| 1 | മണ്ണീറ വടക്കേക്കര ആദ്യഭാഗം | 500 മീ. | 8 മീ |
| 2 | വി.കെ.പാറ – പി.സി.കെ റോഡ് | 500 മീ | 8 മീ |
| 3 | തണ്ണിത്തോടു സെൻട്രൽ ജംഗ് : കൂത്താടിമൺ | 750 മീ | 8 മീ |
| 4 | വലിയകാവ് ജംഗ് - മേടപ്പാറ | 1 കി.മീ | 8 മീ |
| 5 | എ.കെ.ജി.ജംഗ് - മേക്കണ്ണം | 700 മീ | 8 മീ |
| 6 | തണ്ണിത്തോടു മൂഴി - കരിമാൻ തോട് (M.L.A റോഡ്) | 3 കി.മീ | 8 മീ |
| 7 | കൂത്താടിമൺ - മേപ്പാറ. വടക്കേകര (ആദ്യഭാഗം) | 300 മീ | 8 മീ |

# പട്ടിക (3)

## മൺ റോഡുകൾ (അവംലംബം ഗ്രാമസഭാ റിപ്പോർട്ടറുകൾ)

| വാർഡ് | റോഡ് | നീളം |
|---|---|---|
| 1 | മേടപ്പാറ മഹാത്മാഗാന്ധി റോഡ് | 1 കി. മീ |
| | വി.കെ.പാറ വടക്കേക്കര റോഡ് | 900 മീ |
| | പഞ്ചായത്ത് പടി സ്റ്റേഡിയം | 200 മീ |
| 2 | വി.കെ. പാറ താഴത്തേട്ട് റോഡ് | 800 മീ |
| | മായ പ്പടി റോഡ് | 500 മീ |
| | ചിറയത്ത് പടി - കാവി പാറ റോഡ് | 800 മീ |
| | കെ.കെ പാറ മേത്തട്ട് റോഡ് | 700 മീ |
| | അള്ളുങ്കൽ മേത്താട്ട് റോഡ് | 500 മീ |
| 3 | ഈട്ടിമൂട്ടി - കറുകയിൽ പടി റോഡ് | 1 കി.മീ |
| | പട്ടികജാതി കോളനി - കറുകയിൽ പടി - പുത്തൻ പുരയിൽപടി റോഡ് | 700 മീ |
| | പുത്തൻ പുരപടി - കാട്ടുമുറി റോഡ് | 700 മീ |
| | മീൻ മുട്ടി പടി - മുളമൂട്ടിൽ പടി റോഡ് | 800 മീ |
| 4 | കറുകയിൽ പടി - മേക്കണ്ണം അഞ്ചുകുഴി റോഡ് | 2 കി. മീ |
| | ഇടയത്തുപടി - മേക്കണ്ണം റോഡ് | 1.5 കി.മീ |
| | മീമ്മൂട്ടിപടി - പാലമൂട്ടി പടി | 500 മീ |
| | ഇടക്കണ്ണം - പടിപ്പുരപ്പടി | 500 മീ |

| | | |
|---|---|---|
| | അമ്പലപ്പടി - പടിപ്പുരപടി | 1.കി. മീ |
| | റ്റി.വി. റോഡ് | 700 മീ |
| | കൂത്താടിമൺ - മേടപ്പാറ വടക്കേക്കര | 1 കി. മീ |
| | തട്ടാവറപ്പടി - മുളമൂട്ടിപ്പടിവഴി - മൂക്കാത്തിരത്തും പടി റോഡ് | 1 കി. മീ |
| 5 | കാട്ടുമുറി - സ്കൂറം - എലിമുള്ള് ജംഗ് - റോഡ് | 1 കി.മീ |
| | എലിമുള്ള് ജംഗ് : മുരുപ്പേൽ പടി റോഡ് | 1 കി. മീ |
| | നിരവേൽ പടി - ആവോലിക്കുഴി റോഡ് | 1 കി. മീ |
| | കാപ്പിൽ പടി - അള്ളുങ്കൽ റോഡ് | 1 കി. മീ |
| | S.N.D.P ജംഗ് : പേരുവാലി റോഡ് | 800 മീ |
| 6 | അറയിൽപ്പടി ഇടമുരുപ്പ് വഴി നാരങ്ങാനം പടി | 1.5 കി. മീ |
| | തൊണ്ടുകണ്ടത്തിൻ പടി - തലമാനം - നാരങ്ങാനം പടി | 3 കി. മീ |
| | മണ്ണീറ പള്ളി പ്പടി - വടക്കേക്കര റോഡ് 2-ാം ഭാഗം | 2.200 കി. മീ |
| | തലമാനം ക്ഷേത്രം പടി ഈട്ടിമുട്ടിപടിറോഡ് | 700 മീ |
| | അരിയ്ക്കത്തറ പടി - ആശാരി പറമ്പ് | 800 മീ |
| | ഫോറസ്റ്റ് സ്റ്റേഷൻ പടി - സലിം പടി | 400 മീ |
| 7 | ഹരിജൻ കോളനി റോഡ് | 300 മീ |
| | മാർത്തോമ്മ ജംഗ്. മേലേപറക്കുളം | 1.5 കി. മീ |
| | മുളമൂട്ടിൽ പടി - കൊറ്റുവേലിപടി - പുളിമുക്ക് - മേലേ പറക്കുളം റോഡ് | 2.5 കി. മീ |

| | | |
|---|---|---|
| | കൊറ്റുവേലി പടി - കരിമാൻ തോട് | 1.3 കി. മീ |
| | ശ്രീലങ്ക  റോഡ് | 500 മീ |
| 8 | മാർത്തോമ്മാ പള്ളി പടി - കൊറ്റുവേലിപ്പടി | 1.3 കി. മീ |
| | തേക്കുതോട് മൂഴി - ഏഴാംതല | 3 മീ |
| | പുളിഞ്ചാൽ റോഡ് | 800 മീ |
| | തേക്കുതോട് മൂഴി - മൂർത്തിമൺ റോഡ് | 3 കി. മീ |
| | മൂർത്തിമൺ അമ്പലപ്പടി - കരിക്കുറ്റിയ്ക്കൽ റോഡ് | 2.00 കി. മീ |
| | തേക്കുതോട് മാർക്കറ്റ് - ചരിവുകാലാപടി | 800 മീ |
| | മാർക്കറ്റ് - കൂളത്തൂപ്പുഴപ്പടി | 1 കി. മീ |
| | കരിമാൻ തോട് - കാവുങ്കൽ പടി - കൂളത്തൂപ്പുഴപ്പടി | 1.2 കി. മീ |
| | തേക്കുതോട് മൂഴി - ചരുവിളപടി - മണിമരുതി കൂട്ടം റോഡ് | 2 കി. മീ |
| 9 | കരിമാൻ തോട് - ജംഗ്:  തൂമ്പാക്കുള്ളം ആലുവാകുടി | 5 കി. മീ |
| | തൂമ്പാക്കുളം മേത്തട്ട് | 3 കി. മീ |
| | മേത്തട്ട് - പായിസ പ്പാറ | 1 കി. മീ |
| | പള്ളിപ്പടി - മന്ദിരംപടി -കരിമാൻ തോട് | 2 കി. മീ |
| | ഉഷാവിലാസം പടി - കളീക്കൽ മുരുപ്പേൽ പടി | 800 മീ |
| | മുരുപ്പേൽ പടി - കരുവിനാക്കുഴി പടി വഴി - കുന്നുംപുറത്ത് പടി | 2.5 കി. മീ |
| | കരിമാൻ തോട് - പൂച്ചക്കുളം മൺപിലാവ് | 5 കി. മീ |

| | | |
|---|---|---|
| | പൂച്ചക്കുളം ജംഗ് - തൂമ്പാക്കുളം | 1.5 കി. മീ |
| | പൂച്ചക്കുളം - വടക്കേക്കര | 600 മീ |
| | കരിമാൻ തോട് ജംഗ് - P.C.K ബി ഡിവിഷൻ | 2 കി. മീ |
| | P.C.K.B ഡിവിഷൻ - പൂച്ചകുളം | 1 കി. മീ |
| | വാലുമണ്ണിപടി - ശ്രീലങ്ക | 700 മീ |
| | ആഞ്ഞിലി മൂട്ടിൽ പടി - കാവിൻെറ പടിഞ്ഞാറ്റേതിൽ പടി | 1 കി. മീ |
| | തേക്കുതോട് - H.S.പറക്കുളം | 200 മീ |
| | കാവിങ്കൽ പടി - അറപ്പുര പടി റോഡ് | 1 കി. മീ |

## പൂതുതായി നിർമ്മിക്കേണ്ട റോഡുകൾ

ആദികാലത്തു റോഡു നിർമ്മാണത്തിനുണ്ടായിരുന്ന സംഘ ശക്തി കൊണ്ടു മാത്രമേ പുതിയ റോഡുകൾ നിർമ്മിക്കാൻ നമുക്കു കഴിയുകയുള്ളു.

## പട്ടിക (5)

| നമ്പർ | റോഡ് | നീളം |
|---|---|---|
| 1. | ചിറയത്ത് - നിരവേൽ പടി | 1 കി. മീ |
| 2. | K.K. പാറ - മേൽത്തട്ട് | 1 കി. മീ |
| 3. | അള്ളുങ്കൽ മേൽത്തട്ട് | 500 മീ |
| 4. | V.Kപാറ -കുളങ്ങരപടി - P.C.K.B. ഡിവിഷൻ | 500 മീ |
| 5. | ബഥാൻ റോഡ് - കൊല്ലനേത്ത് പടി | 600 മീ |
| 6. | മഞ്ഞത്തറപടി - മഹാത്മ റോഡ് - മേത്തട്ട് - വെടിമുരുപ്പ് | 800 മീ |
| 7. | ക്ഷേത്രം പടി - വാഴവിള പടി | 400 മീ |

| | | |
|---|---|---|
| 8. | കേശവസദനംപടി - ബദാം റോഡ് | 400 മീ |
| 9. | മേക്കണ്ണു പടി - മുളമൂട്ടിൽപ്പടി - മേത്തട്ട് | 750 മീ |
| 10. | U.P.S പടി - തേക്കുമല പടി | 500 മീ |
| 11. | സെൻട്രൽ ജംഗ് : എവർഷൈൻ പടി | 400 മീ |
| 12. | മുണ്ടപ്ലാക്കൽ പടി - അപ്പൂപ്പൻ പടി റോഡ് | 500 മീ |
| 13. | മണ്ണീറ അംഗൻ വാടി - വടക്കേക്കര ബൗണ്ടറി | 800 മീ |
| 14. | റേഷൻ കട പടി - വടക്കേക്കര മാർത്തോമ്മ പടി | 500 മീ |
| 15. | മണ്ണീറ L.P.S വഴി - പടിഞ്ഞാറേ ബൗണ്ടറി | 500 മീ |
| 16. | പടിപ്പുരേത്ത് പടി - ശ്രീലങ്ക | 1 കി.മീ |
| 17. | പറക്കുളം - ഹരിജൻ കോളനി - എബനേസർ | 800 മീ |
| 18. | മണ്ണീലേത്ത് പടി - കാപ്പിലേത്ത് പടി | 500 മീ |
| 19. | പടിപ്പുരേത്ത് വഴി - 8 ഏക്കർ വഴി - P.C.K. റോഡ് | 800 മീ |
| 20 | ഏഴാന്തല കോളനി റോഡ് | 700 മീ |
| 21. | വാലുതുണ്ടിപ്പടി മുതൽ കോട്ടമുരുപ്പ് വരെ | 1 കി. മീ |
| 22. | വാളുവാട്ടിപടി മണിമരുതിക്കൂട്ടം റോഡ് | 1 കി. മീ |
| 23. | തറയിൽ പടി - തടത്തിൽ ക്ഷേത്രം മണിമരുതി കൂട്ടം | 1 കി. മീ |
| 24. | കരിമാൻ തോട് - മുരുപ്പേൽ പടി - കരിമ്പാനക്കുഴി തൂമ്പാക്കുളം റോഡ് - കുന്നുംപുറത്ത് റോഡ് | 2 കി. മീ |
| 25 | തൂമ്പാക്കുളം - മഠത്തിലേത്ത് പടി - ഊത്തുക്കുടി | 500 മീ |
| 26. | പള്ളിപ്പടി - തോട്ടുവശം റോഡ് | 300 മീ |

| | | |
|---|---|---|
| 27. | കള്ളുവേലി പടി - ഇലവും പതാൽ വരെ | 300 മീ |
| 28. | പൂച്ചക്കുളം - ആശാരിപറമ്പ് ജോസഫ് പടി | 100 മീ |
| 29. | പൂച്ചക്കുളം ദീപാസദനം പടി - കമുകിനാം കുഴിപ്പടി | 250 മീ |
| 30. | സ്ക്കൂറം വാർഡ് - ആഞ്ഞിലിമൂട്ടി പടി-<br>കാവിൻെറ പടിഞ്ഞാറേൽ പടി വരെ | 500 മീ |
| 31. | കരിമാൻ തോട് - മന്ദിരം റോഡ്-<br>ഹരിജൻ കോളനി - മൂർത്തിമൺ റോഡ് | 1.5 കി.മീ |

( അവംലംബം - ഗ്രാമസഭാ റിപ്പോർട്ടറുകറം )

## പ്രധാന പ്രശ്നങ്ങറം

1. റോഡുകളുടെ നിർമ്മാണത്തിനാവശ്യമായ ഫണ്ടുകളുടെ അപര്യാപ്തത.
2. റോഡു നിർമ്മാണത്തിലെ വ്യാപകമായ അഴിമതിയും കാലതാമസവും ഒഴിവാക്കുക.
3. റോഡുകറംക്ക് ഓടകറം ഇല്ല.
4. ബസ്സുകളുടെ അപര്യാപ്തത.
5. തണ്ണിത്തോടു - മണിയാർ റോഡ് ടാർ ചെയ്ത് ബസ് സർവ്വീസ് ആരംഭിക്കുക.
6. റോഡുകളുടെ സംരക്ഷണപ്രവർത്തനങ്ങറം നടക്കുന്നില്ല

## സാധ്യതകറം

1. കോന്നി - ആങ്ങമൂഴി റോഡിലെ അവശേഷിക്കുന്ന ഭാഗമായ തണ്ണിത്തോട് - കൂത്താടിമൺ - ചിറ്റാർ റോഡ് ഏറ്റെടുത്ത് ഗതാഗത യോഗ്യമാക്കണം. ഈ റോഡ് പൂർത്തിയായാൽ ശബരിമലയിലെത്തുന്നതിന് 38 കി. മീ ലാഭിക്കുവാൻ കഴിയു.കൂടാതെ ശബരിമല തീർത്ഥാടന കാലത്തുണ്ടാകുന്ന ഗതാഗതകുരുക്ക് ഇല്ലാതാക്കുവാൻ സാധിക്കും.
2. തണ്ണിത്തോട് മൂഴി - തൂമ്പാക്കുളം - ആലുവാംകുടി ക്ഷേത്രം - ഗുരുനാഥൻ മണ്ണുവഴി സീതത്തോടിനുള്ള റോഡ് P.W.Dഎറ്റെടുത്ത് ഗതാഗതയോഗ്യമാക്കണം.
3. മൂണ്ടോംമൂഴി - മണ്ണീറ - കല്ലേലി - അച്ചൻകോവിൽ ക്ഷേത്രം റോഡ് P.W.Dഎറ്റെടുത്ത് ഗതാഗത-യോഗ്യമാക്കണം.
4. മണ്ണീറ, തലമാനം, വടക്കേക്കര റോഡ് നിർമ്മിക്കുക.
5. കരിമാൻതോട് - പൂച്ചക്കുളം - മൺപിലാവ് റോഡ് നിർമ്മിക്കുക.
6. തണ്ണിത്തോട് സെൻട്രൽ ജംഗ് അഞ്ചുകുഴി റോഡ് റീ ടാറിങ് ചെയ്യുക.
7. തണ്ണിത്തോട് മൂഴി - മേക്കണ്ണു - അഞ്ചുകുഴിറോഡ് ഗതാഗതയോഗ്യമാക്കുക.
8. തേക്കുതോട് മർത്തോമ്മപടി മേലേ പറക്കുളം പുളിമുക്ക് - കൊറുംവേലിപ്പടി റോഡ് ടാർ ചെയ്യുക.
9. തേക്കുതോടി മൂഴി - മൂർത്തിമൺ റോഡ്, തണ്ണിത്തോട് മൂഴി - കെ . കെ . പാറ - പറക്കുളം റോഡ്, കരിമാൻ തോട് - മന്ദിരംപടി റോഡ്, എലിമുള്ളും പ്ലാക്കൽ -S.N.D.P. പടി , പട്ടിക ജാതി കോളനി - പേതുവാലി റോഡ്, കരിമാൻ തോടു ജംഗ് - മേലേ പൂച്ചക്കുളം റോഡ്, തണ്ണിത്തോടു ഈട്ടിമുട്ടിപ്പടി - ഗിരിജൻ കോളനി - കറുകയിൽ പടി റോഡ്, വി.കെ.പാറ ജംഗ് - പറക്കുളം റോഡ്, വലിയകാവ് ജംഗ് - മേടപ്പാറ റോഡ്, കൂത്താടിമൺ വടക്കേക്കര റോഡ് തുടങ്ങിയ റോഡുകറം ടാർ ചെയ്യുക.

മുകളിൽ കൊടുത്തിട്ടുള്ള പ്രധാനപ്പെട്ട റോഡുകൾ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ, സംസ്ഥാന ഗവൺമെൻറ് എന്നിവയുടെ സഹായത്തോടെയും ബഹുജന പങ്കാളിത്തത്തോടുകൂടിയും മാത്രമേ ഗതാഗതയോഗ്യമാക്കിത്തീർക്കുവാൻ കഴിയുകയുള്ളു.

3 1. എല്ലാ റോഡുകൾക്കും ഓടകൾ നിർമ്മിക്കുക.
2. അതുമ്പുംകുളം - തണ്ണിത്തോടു റോഡിലെ നിലവിലുള്ള ചപ്പാത്തുകളുടെ സ്ഥാനത്ത് കലുങ്കുകൾ നിർമ്മിക്കുക.
3. അതുമ്പുംകുളം - തണ്ണിത്തോടു റോഡിലെ ഒന്നാംഘട്ടം റീ - ടാർ ചെയ്യുക.
4. കൂത്താടിമൺ പാലം അടിയന്തരമായി നിർമ്മിക്കുക.
5. തണ്ണിത്തോടു പഞ്ചായത്തിൽ നിന്നും തിരുവനന്തപുരം, കോട്ടയം എന്നീ റൂട്ടുകളിലേക്ക് കെ . എസ് . ആർ . ടി . സി . ബസ് സർവ്വീസുകൾ ആരംഭിക്കുക.
6. പത്തനംതിട്ട, റാന്നി, അടൂർ എന്നീ പ്രദേശങ്ങളിലേക്ക് കെ. എസ്. ആർ. ടി .സി. ബസ് സർവ്വീസുകൾ ആരംഭിക്കുക.
7. റോഡ് സംരക്ഷണം കർശനമാക്കണം.

# ഊർജ്ജം

1978 - ഡിസംബർ 25-ാം തീയതി സായം സന്ധ്യയിൽ തണ്ണിത്തോടു ബസ്സ്റ്റാൻറിനു സമീപമുള്ള ട്രാൻസ്ഫോർമറിലെ ബൾബു പ്രകാശിച്ചതോടുകൂടി നമ്മുടെ ഗ്രാമത്തിലും വൈദ്യുതി കടന്നു വന്നു. പക്ഷെ നാളിതുവരെയായും പഞ്ചായത്തിൻെറ എല്ലാ മേഖലകളിലും വൈദ്യുതി കടന്നു ചെന്നിട്ടില്ല. കൂടൽ സബ്സ്റ്റേഷനിൽ നിന്നുമാണ് ഈ പഞ്ചായത്തിൽ വൈദ്യുതി എത്തിച്ചേരുന്നത്.

## പട്ടിക (1)

### വൈദ്യുതി ഉപഭോക്തക്കളെ സംബന്ധിക്കുന്ന വിവരങ്ങൾ

| ഗാർഹികം | കാർഷികം | വ്യാപാരം | വ്യാവസായികം | പൊതുസ്ഥാപനം |
|---|---|---|---|---|
| 1685 | 9 | 150 | 6 | 50 |

## പട്ടിക (2)

( അവലംബം - വൈദ്യുതി ബോർഡു കണക്കുകൾ )

### കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകളുടെ എണ്ണം

| Ordinary | OTP | OYEC | H.G.OIH | Last Application Date |
|---|---|---|---|---|
| 35 | 10 | 10 | 7 | 17.10.96 |

## പട്ടിക (3)

(അവലംബം - വൈദ്യുതി ബോർഡു കണക്കുകൾ)

സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം

| ബൾബ് | | | | ട്യൂബ് | മെർക്കുറിവേപ്പർ | സോഡിയംവേപ്പർ |
|---|---|---|---|---|---|---|
| 25 W | 40 W | 60 W | 100 W | | | |
| ഇല്ല | 60 | 150 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |

* ആകെ 210 സ്ട്രീറ്റു ലൈറ്റുകൾ നിലവിലുണ്ട്

ഈ മേഖലയിൽ വൈദ്യുതികരിച്ച മൂന്നു പട്ടിക ജാതി കോളനികളാണ് നിലവിലുള്ളത്. ഈ വർഷം, ഓർഡനറി - 12, O.T.P -22, O.Y.E.C. -60 എന്ന ക്രമത്തിൽ വൈദ്യുതി കണക്ഷൻ നല്കിയിട്ടുണ്ട്.

## പട്ടിക (2)

(അവലംബം - വൈദ്യുതി ബോർഡു കണക്കുകൾ)

### പഞ്ചായത്ത് പരിധിയിൽ സ്ഥിതിചെയ്യുന്ന L.T. ട്രാൻഫോർമറുകൾ

| ക്രമ നമ്പർ | വാർഡ് | സ്ഥിതി ചെയ്യുന്ന സ്ഥലം |
|---|---|---|
| 1 | 5 | എലിമുള്ളംപ്ലാക്കൽ |
| 2 | 6 | മണ്ണീറ |
| 3 | 3 | തണ്ണിത്തോടു മൂഴി |
| 4 | 1 | തണ്ണിത്തോട് |
| 5 | 3 | മേക്കണ്ണം |
| 6 | 8 | തേക്കുത്തോട് |
| 7 | 8 | മൂർത്തിമൺ |
| 8 | 7 | പറക്കുളം |
| 9 | 9 | പൂച്ചക്കുളം |
| 10 | 9 | തൂമ്പാക്കുളം |
| 11 | 9 | മന്ദിരംപടി |

## പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ വിവിധ മേഖലകളിൽ ഇനിയും വൈദ്യുതി എത്തിച്ചേർന്നിട്ടില്ല.

### പട്ടിക (5)

(അവലംബം വിവിധ ഗ്രാമസഭ റിപ്പോർട്ടുകൾ)

### അപേക്ഷ നൽകിയിട്ടും വൈദ്യുതി എത്താത്ത പ്രദേശങ്ങൾ

| പ്രദേശം | വൈദ്യുത ലൈൻ വലിക്കണ്ട ദൂരം | കുടുംബങ്ങളുടെ എണ്ണം |
|---|---|---|
| മേടപ്പാറ വടക്കേകര | 900 മീ. | 22 |
| മുണ്ടൻപ്ലാക്കൽ പടി -മേക്കണ്ണം അപ്പൂപ്പൻ തോട് | 600 മീ. | 17 |
| കേശവസദനം പടി ബദാം റോഡ് | 500 മീ | 15 |
| കരിമാൻ തോട് സ്കൂൾ ജംഗ് മേലേ പൂച്ചക്കുളം | 1.5 കി. മീ | 40 |
| കരിമാൻ തോട് ഉഷാവിലാസം പടി കളീക്കൽ മുരുപ്പേൽ പടി | 300 മീ | 12 |
| പറക്കുളം ഹരിജൻ കോളനി | 100 മീ | 10 |

2. എല്ലാ വാർഡുകളിലും സ്ട്രിറ്റു ലൈറ്റുകൾ സ്ഥാപിച്ചിട്ടില്ല.
3. പഞ്ചായത്തിലെ പത്ത് പട്ടിക ജാതി കോളനികളും ഒരു പട്ടികവർഗ്ഗ കോളനിയും വൈദ്യുതികരിക്കേണ്ടതാണ്.
4. ഈ പഞ്ചായത്തിലെ മണിമരുതിക്കുട്ടം, ശ്രീലങ്ക, മേലേ പൂച്ചക്കുളം, തൂമ്പാക്കുളം മേത്തട്ട്, മൂർത്തിമൺ മേത്തട്ട് ഭാഗങ്ങൾ എന്നിവിടങ്ങളിലെ കൈവശഭൂമിയിൽ താമസിക്കുന്നവർക്കു വൈദ്യുതി ലഭിക്കുന്നതിനുള്ള നിയമതടസ്സം നീക്കം ചെയ്യുക.
5. വിറക് ക്ഷാമം അനുഭവപ്പെടുന്നു.
6. അപ്രഖ്യാപിത ലോഡ് - ഷെഡ്ഡിംഗ്
7. വോൾട്ടേജു ക്ഷാമം
8. വൈദ്യുതിലൈൻ കടന്നുപോകുന്ന പ്രദേശങ്ങളിൽ മരച്ചില്ലകളും മറ്റും യഥാസമയം മുറിച്ചു മാറ്റുന്നില്ല.
9. ജീവനക്കാരുടെ അഭാവം ഈ മേഖലയിലെ വൈദ്യുതി വിതരണത്തെ സാരമായി ബാധിക്കുന്നു.

## സാദ്ധ്യതകൾ

1 ആങ്ങമൂഴിയിൽ നിന്നും നീലിപിലാവു വഴി റോഡു മാർഗ്ഗം പുതിയ 11 k.v.ലൈൻ വലിയ്ക്കുക.

2. തണ്ണിത്തോട്ടിൽ കൂടി കടന്നുപോകുന്ന 220 k.v.വൈദ്യുത ലൈനിൽ നിന്നും നേരിട്ട് വൈദ്യുതി എത്തിക്കാൻ ആവശ്യ മായ സബ്സ്റ്റേഷൻ സ്ഥാപിക്കുക.

3 കോന്നിയിൽ നിന്നും തണ്ണിത്തോട്ടിലേക്കു വരുന്ന 11 k.v. ലൈൻ വനത്തിൽ നിന്നും മാറ്റി റോഡുമാർഗ്ഗം ആക്കിയാൽ വൈദ്യുതി പ്രസരണ നഷ്ടവും, പ്രകൃതി ക്ഷോഭം മൂലമുണ്ടാകുന്ന വൈദ്യുത തടസ്സവും ഒഴിവാക്കാൻ കഴിയും.

4. സ്ട്രീറ്റ് ലൈറ്റുകൾക്ക് ട്രാൻസ്ഫോർമറുകൾ കേന്ദ്രീകരിച്ചു് മീറ്ററുകൾ സ്ഥാപിക്കുക. മീറ്റർ റീഡിംഗിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി ചാർജ്ജ് ഈടാക്കുക.

5. നിലവിലുള്ള സബ്ബ് എഞ്ചീനിയർ ആഫീസ് പ്രവർത്തനം കാര്യക്ഷമമാക്കുക.

6. സബ്ബ് എഞ്ചിനിയർ ആഫിസിൽ സ്ഥിരമായി ക്യാഷ് - കൗണ്ടർ അനുവദിക്കുക.

7. ഇലക്ട്രിസിറ്റി സബ്ബ് എഞ്ചിനിയറുടെ ആഫീസിന് സ്വന്തമായി കെട്ടിടം സ്ഥാപിക്കുക.

8. കൂടുതൽ കപ്പാസിറ്റിയുള്ള ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.

9. കല്ലാറിലെ രണ്ടാറ്റുമുഴി കേന്ദ്രീകരിച്ച് ജലവൈദ്യുത പദ്ധതിക്കു സാദ്ധ്യതയുണ്ട്

10. പഞ്ചായത്തു കേന്ദ്രികരിച്ച് L.P.G. ഗ്യാസ് എജൻസി ആരംഭിക്കുക.

11. തണ്ണിത്തോടു കേന്ദ്രമാക്കി ഒരു പെട്രോൾ / ഡീസൽ പമ്പു സ്ഥാപിക്കുക.

12. വൈദ്യുതി എത്താത്ത മേഖലകളിൽ സൗരോർജ്ജം കൊണ്ടു പ്രവർത്തിക്കുന്ന ഉപകരണങ്ങൾ സ്ഥാപിക്കുക.

13. ഇന്ധനക്ഷമത കൂടിയതും പുകയില്ലാത്തതുമായ അടുപ്പുകൾ പ്രചരിപ്പിക്കുക.

14. പാരമ്പര്യേതര ഊർജ്ജ ഉപകരണങ്ങളെക്കുറിച്ച് ANERT ന്റെ സഹായത്തോടെ പ്രചരണ പരിപാടികൾ സംഘടിപ്പിക്കുക

15. അനാവശ്യമായ വൈദ്യുതി ഉപയോഗത്തിനെതിരെ ബോധവൽക്കരണം നടപ്പാക്കുക.

16. സബ്ബ് എഞ്ചിനിയർ ഓഫീസ് കേന്ദ്രീകരിച്ച് ജനകീയ കമ്മറ്റികൾ രൂപീകരിക്കുക.

17. ഗോവർ ഗ്യാസ് പ്ലാൻറുകൾ ആരംഭിക്കണം

# മാർക്കറ്റ്

ഈ പഞ്ചായത്തിൽ തണ്ണിത്തോട് തേക്കുതോട് മാർക്കറ്റുകളാണ് നിലവിലുള്ളത്. 50 സെൻറു വീതം ഭൂവിസ്തൃതിയുള്ള മാർക്കറ്റുകളാണ് ഇവ രണ്ടും. തണ്ണിത്തോടു മാർക്കറ്റ് ചൊവ്വ, വെള്ളി ദിവസങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. തണ്ണിത്തോടു മാർക്കറ്റുമായി ബന്ധപ്പെട്ട് നിരവധി പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. മാർക്കറ്റിൽ നിന്നു വമിക്കുന്ന ദുർഗന്ധം പരിസരവാസികൾക്ക് ഒരു ശാപമായി മാറിയിരിക്കുന്നു. അത് ഒഴിവാക്കുന്നതിനായി ശാസ്ത്രീയമായ അറവുശാല നിർമ്മിക്കണം. കൂടാതെ ചപ്പുചവറുകളും മാലിന്യങ്ങളും നിക്ഷേപിക്കുന്നതിന് ടാങ്കുകൾ നിർമ്മിക്കണം. മാർക്കറ്റിന് ചുറ്റുമതിൽ നിർമ്മിക്കുക. അതോടൊപ്പം മാർക്കറ്റിനുള്ളിലെ റോഡ് കോൺക്രീറ്റ് ചെയ്യണം. മാർക്കറ്റിനുള്ളിൽ ആവശ്യമായ സ്റ്റാളുകൾ നിർമ്മിച്ചു നൽകണം. ബസുകൾ മാർക്കറ്റ് ജംഗഷനിലൂടെ കടന്നു പോകുന്നതിന് സംവിധാനം ഉണ്ടാക്കണം .

തേക്കുത്തോട് മാർക്കറ്റ് രേഖകളിൽ മാത്രമാണ് നിലനിൽക്കുന്നത്. ഈ മാർക്കറ്റു പ്രവർത്തനക്ഷമമാക്കേണ്ടിയിരിക്കുന്നു. വഴിവക്കുകൾകേന്ദ്രീകരിച്ചാണ് മാർക്കറ്റിന്റെ പ്രവർത്തനം. ഈ മാർക്കറ്റിലും ശാസ്ത്രീയമായ അറവുശാലകളും, സ്റ്റാളുകളുംചുറ്റുമതിലും നിർമ്മിക്കണം.

തണ്ണിത്തോടു പഞ്ചായത്തിൽ കന്നുകാലി ചന്ത ആരംഭിക്കേണ്ടതു അനിവാര്യമാണ്. മാർക്കറ്റുകളിലെ ശുചീകരണത്തിൽ തൊഴിലാളികളെ നിയമിക്കണം. ഇത്തരത്തിൽ മാർക്കറ്റുകളെ സജീവമാക്കുന്നതിനും പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനും കഴിയും.

# പാർപ്പിടവും സാമൂഹ്യക്ഷേമവും

## പാർപ്പിടം

തണ്ണിത്തോടു പഞ്ചായത്തിലെ പാർപ്പിട സ്ഥിതി സാമാന്യം തൃപ്തികരമാണ്. 60% വീടുകൾ ഓടു മേഞ്ഞതും 12.5% ഓലമേഞ്ഞതും 2.5% കോൺക്രീറ്റുമേൽക്കൂരയുള്ളതും 25% കുടിലുകളുമാണ്. 70% വീടുകൾക്കും രണ്ടു മുറികളും അടുക്കളയും മാത്രമാണുള്ളത്. 78.5% വീടുകൾക്കും കക്കൂസുകൾ ഇല്ല. കുടിലുകൾ എല്ലാംതന്നെ വാസയോഗ്യമല്ല. നാണ്യവിളകളുടെ കൃഷി, പ്ലാന്റേഷൻ കോർപ്പറേഷന്റെ ഒരു യൂണിറ്റായ തണ്ണിത്തോടു റബ്ബർ പ്ലാന്റേഷന്റെ പ്രവർത്തനം വിവിധ കെട്ടിട നിർമ്മാണ മേഖലയിൽ കാര്യമായ സ്വാധീനമീണ്ടാക്കിയിട്ടുണ്ട്. ഓടിട്ട 80% വീടുകളുടെയും ചുമരുകൾ മൺകട്ടകൊണ്ടു നിർമ്മിച്ചിരിക്കുന്നു. 60% വീടുകളുടെയും തറ പരമ്പരാഗത രീതിയിൽ ചാണകവും മണ്ണും മെഴുകിയതാണ്. കുടിലുകളുടെ മേൽക്കൂര ഈറയില, പുല്ല് എന്നിവ കൊണ്ടു മേഞ്ഞിരിക്കുന്നു.

പത്തനംതിട്ട ജില്ലാ സഹകരണബാങ്ക്, പത്തനംതിട്ട ജില്ലാ ഭൂപണയ ബാങ്ക്, ഭവനനിർമാണ ബോർഡ്, പട്ടികജാതി വികസന കോർപ്പറേഷൻ പുനരധിവാസ ഭവനനിർമ്മാണ പദ്ധതി എന്നിവയിൽ നിന്നും വായ്പാസൗകര്യം ലഭ്യമായതോടുകൂടി ഭവനനിർമ്മാണ രംഗത്ത് പുരോഗതി കൈവരിക്കാൻ വിവിധ പരിപാടികളിലായി 73 വീടുകൾ അനുവദിച്ചതിൽ 60 വീടുകളുടെ പണി പൂർത്തീകരിക്കുകയും ഭവനനിർമ്മാണ ബോർഡിന്റെ പദ്ധതികളിൽ 77 വീടുകളുടെ പണി വിവിധ ഘട്ടങ്ങളിലായി നടന്നു കൊണ്ടിരിക്കുകയും ചെയ്യുന്നു. ഒമ്പതാം പഞ്ചവത്സരപദ്ധതിയിൽ എല്ലാ കുടുംബങ്ങൾക്കും വാസയോഗ്യമായ വീടുകൾ ലഭ്യമാക്കുന്നതിന് ജനകീയ പങ്കാളിത്തത്തോടു കൂടി പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കേണ്ടതാണ്.

# വീടുകളുടെ തരംതിരിവ് വാർഡുതലത്തിൽ

## പട്ടിക 1.

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽ കൂടുതൽ നിലകളുള്ള കെട്ടിടങ്ങളുടെ എണ്ണം | മേൽക്കൂരയുടെ സ്വഭാവം ഒരുനിലയുള്ള കെട്ടിടങ്ങൾ | | | |
|---|---|---|---|---|---|---|
| | | | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ |
| 1 | 437 | 1 | 15 | 333 | 8 | 80 |
| 2 | 520 | 3 | 8 | 353 | 56 | 100 |
| 3 | 470 | 2 | 7 | 271 | 83 | 107 |
| 4 | 436 | - | 4 | 280 | 76 | 76 |
| 5 | 244 | - | 8 | 169 | 32 | 35 |
| 6 | 386 | 2 | 8 | 187 | 60 | 129 |
| 7 | 355 | 3 | 12 | 214 | 26 | 100 |
| 8 | 572 | 1 | 24 | 343 | 100 | 104 |
| 9 | 775 | - | 7 | 380 | 93 | 295 |
| ആകെ | 4195 | 12 | 93 | 2530 | 534 | 1026 |

# വാസയോഗ്യമല്ലാത്ത വീടുകളുടെ പട്ടിക വാർഡുതലത്തിൽ

## പട്ടിക 2

| വാർഡു നമ്പർ | വീടുകളുടെ എണ്ണം |
|---|---|
| 1 | 88 |
| 2 | 156 |
| 3 | 190 |
| 4 | 157 |
| 5 | 67 |
| 6 | 189 |
| 7 | 126 |
| 8 | 204 |
| 9 | 388 |
| ആകെ | 1550 |

### പ്രശ്നങ്ങാം

1. പട്ടയഭൂമിയിൽ നിന്നും മരം മുറിക്കുവാനുള്ള അവകാശമില്ല.
2. കൈവശ ഭൂമിയുള്ള എല്ലാ കുംടുംബങ്ങാംക്കും പട്ടയം ലഭിച്ചിട്ടില്ല.
3. കെട്ടിട നിർമ്മാണ സാധനങ്ങളുടെ ദൗർലഭ്യം.
4. സ്വന്തമായി ഭൂമിയില്ലാത്തവർക്ക് വീടു വയ്ക്കുവാൻ സ്ഥലം അനുവദിക്കുന്ന പദ്ധതി ഫലപ്രദമായി നടപ്പിലാക്കിയിട്ടില്ല.
5 ലക്ഷം വീടു കോളനിയിൽ വീടുകാം വച്ചു നല്കിയിട്ടില്ല.

### സാധ്യതകാം

1. ഭവനനിർമ്മാണ സഹകരണസംഘം സ്ഥാപിക്കുക.
2. പട്ടയ ഭൂമിയിലുള്ള മരങ്ങാം മുറിക്കുവാനുള്ള അവകാശം കൈവശക്കാരനു കിട്ടുവാനുള്ള നടപടികാം സ്വീകരിക്കുക.
3 കൈവശ ഭൂമിക്ക് പട്ടയം നൽകുക.
4. കെട്ടിട നിർമ്മാണ സാമഗ്രികാം നിർമ്മിക്കുന്നതിനുള്ള വ്യവസായ യൂണിറ്റുകാം സ്ഥാപിക്കുക.
5. അഞ്ചു വർഷത്തിനുള്ളിൽ ഈ പഞ്ചായത്തിൽ വീടില്ലാത്തവർക്കെല്ലാം വീടു നൽകുന്നതിനുവേണ്ടി ജനപങ്കാളിത്തത്തോടു കൂടി പദ്ധതികാം ആവിഷക്കരിച്ചു നടപ്പാക്കുക.
6. കല്ലാറിൽ നിന്നും മണൽ വരാനുള്ള അധികാരം പഞ്ചായത്ത് ഏറ്റെടുക്കുക.
7. നിർമ്മിതി കേന്ദ്രത്തിന്റെ ഒരു യൂണിറ്റ് സ്ഥാപിക്കുക.

# സാമൂഹ്യക്ഷേമം

തണ്ണിത്തോടു ഗ്രാമപഞ്ചായത്തിൽ I.R.D.P സർവ്വേപ്രകാരം ദാരിദ്രരേഖയ്ക്ക് താഴെ ജീവിക്കുന്ന 2540 കുടുംബങ്ങാം ഉണ്ട്. ഇതിൽ 312 കുടുംബങ്ങാം പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവയാണ്. 356 കുടുംബങ്ങാംക്ക് സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട്. അതിൽ 129 കുടുംബങ്ങാം പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവരാണ്. ട്രൈസം പദ്ധതിയിലൂടെ പരിശീലനം നേടിയ 49 പേർ ഉണ്ട്. അതിൽ 9 പേർ സ്വയം തൊഴിൽ കണ്ടെത്തിയിട്ടുണ്ട്.

പട്ടിക - 3

I.R.D.P സർവ്വേപ്രകാരം ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ വിവരം വാർഡുതലത്തിൽ

| വാർഡ് | സർവ്വേപ്രകാരം കണ്ടെത്തിയ ആകെ കുംടുംബങ്ങളുടെ എണ്ണം | ഇതിൽ SC /ST കുടുംബങ്ങാം | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങളുടെഎണ്ണം | ഇതിൽ SC /ST | സഹായംലഭിച്ചതു വഴി ദാരിദ്ര്യരേഖയ്ക്കു മുകളിൽ എത്തിയ കുടുംബങ്ങാം | ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ആകെ കുടുംബങ്ങാം |
|---|---|---|---|---|---|---|
| | | തണ്ണിത്തോടു സർക്കിാം | | | | |
| 1 | 294 | 41 | | | | 294 |
| 2 | 239 | 12 | | | | 239 |
| 3 | 238 | 78 | 178 | 61 | | 338 |
| | | എലിമുള്ളുംപ്ലാക്കൽ സർക്കിാം | | | | |
| 4 | 362 | 24 | | | | 362 |
| 5 | 178 | 25 | | | | 178 |
| 6 | 148 | 35 | | | | 148 |
| 7 | 286 | 15 | | | | 286 |
| 8 | 294 | 21 | | | | 294 |
| 9 | 401 | 61 | 178 | 68 | | 401 |
| ആകെ | 2540 | 312 | 356 | 129 | | 2540 |

D.W.C.R.A - പദ്ധതിപ്രകാരം നടത്തുന്ന രണ്ട് ആടുവളർത്തൽ യൂണിറ്റുകളിലായി 20 വനിതകാം പണിയെടുക്കുന്നു.

ഈ ഗ്രാമ പഞ്ചായത്തിൽ 3296 കുടുംബങ്ങളിൽ കക്കൂസില്ല. 1992-നു ശേഷം 32 കക്കൂസുകാം അനുവദിച്ചിട്ടുണ്ട്. അതിൽ 30 എണ്ണത്തിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ട്.

5 വയസ്സിനുതാഴെ പ്രായമുള്ള 1112 കുട്ടികാംക്കായി 18 അംഗൻവാടികളുണ്ട്. 1995 -96 വർഷത്തിൽ ഇവിടെ 185 ജനനവും 7 ശിശുമരണവും നടന്നിട്ടുണ്ട്. ശിശുമരണ നിരക്ക് കേരള സംസ്ഥാന ശരാശരിയേക്കാാം കൂടുതലാണ്. സംസ്ഥാന ശരാശരി 16 ഉം ഈ പഞ്ചായത്തിലെ ശരാശരിനിരക്ക് 38 ഉം ആണ്.

പട്ടിക - 4

അംഗൻവാടികളുടെ പട്ടിക വാർഡുതലത്തിൽ.

| ക്രമ നമ്പർ | വാർഡു നമ്പർ | സെൻറർ നമ്പർ | സ്ഥിതിചെയ്യുന്ന സ്ഥലം | കെട്ടിട വിവരം | സ്ഥല വിവരം | നിലവിലുള്ള സ്ഥിതി |
|---|---|---|---|---|---|---|
| 1 | 1 | 126 | മേടപ്പാറ | ഇല്ല | ഉണ്ട് | പ്രവർത്തനമുണ്ട് |
| 2 | 1 | 124 | മേടപ്പാറ | ഇല്ല | ഇല്ല | പ്രവർത്തനമുണ്ട് |
| 3 | 2 | 127 | വി.കെ. പാറ | ഇല്ല | ഇല്ല | പ്രവർത്തനമുണ്ട് |
| 4 | 2 | 128 | അള്ളുങ്കൽ | ഇല്ല | ഇല്ല | പ്രവർത്തനമുണ്ട് |
| 5 | 3 | 129 | തണ്ണിത്തോടു യൂ പി സ്ക്കൂറം ജംഗ്ഷൻ | ഇല്ല | ഇല്ല | പ്രവർത്തനമുണ്ട് |
| 6 | 4 | 125 | തണ്ണിത്തോടു ചന്ത യ്ക്കു സമീപം | ഇല്ല | ഇല്ല | പ്രവർത്തനമുണ്ട് |
| 7 | 4 | 130 | മേക്കണ്ണം | ഇല്ല | ഇല്ല | പ്രവർത്തനമുണ്ട് |
| 8 | 4 | 132 | മേക്കണ്ണം | ഇല്ല | ഇല്ല | പ്രവർത്തനമുണ്ട് |
| 9 | 5 | 131 | എലിമുള്ളുംപ്ലാക്കൽ | ഉണ്ട് | ഉണ്ട് | പ്രവർത്തനമുണ്ട് |
| 10 | 6 | 133 | മണ്ണീറ | ഇല്ല | ഉണ്ട് | പ്രവർത്തനമുണ്ട് |
| 11 | 6 | 134 | തലമാനം | ഉണ്ട് | ഉണ്ട് | പ്രവർത്തനമുണ്ട് |
| 12 | 7 | 135 | താഴെ പറക്കുള്ളം | ഉണ്ട് | ഉണ്ട് | പ്രവർത്തനമുണ്ട് |
| 13 | 7 | 136 | തേക്കുതോടു മൂഴി | ഇല്ല | ഇല്ല | പ്രവർത്തനമുണ്ട് |
| 14 | 8 | 137 | ഏഴാം തല | ഉണ്ട് | ഉണ്ട് | പ്രവർത്തനമുണ്ട് |
| 15 | 8 | 138 | മൂർത്തിമൺ | ഉണ്ട് | ഉണ്ട് | പ്രവർത്തനമുണ്ട് |
| 16 | 9 | 139 | തൂമ്പാക്കുള്ളം | ഉണ്ട് | ഉണ്ട് | പ്രവർത്തനമുണ്ട് |
| 17 | 9 | 140 | പൂച്ചക്കുള്ളം | ഇല്ല | ഉണ്ട് | പ്രവർത്തനമുണ്ട് |
| 18 | 9 | 175 | കരിമാൻ തോട് | ഇല്ല | ഇല്ല | പ്രവർത്തനമുണ്ട് |

ഗുരുതരമായ പോഷകാഹാരക്കുറവനുഭവപ്പെടുന്നില്ലെങ്കിലും മിതമായി പോഷകാഹാരക്കുറവുള്ള 402 കുട്ടികളും ലഘുവായി പോഷകാഹാരക്കുറവുള്ള 68 കുട്ടികളും നമ്മുടെ പഞ്ചായത്തിലുണ്ട്.

തണ്ണിത്തോടു പഞ്ചായത്തിൽ ലഭിക്കുന്ന വിവിധ പെൻഷനുകളുടെ പട്ടിക താഴെ കൊടുക്കുന്നു.

## പട്ടിക-5

## പെൻഷനുകൾ,ധനസഹായം എന്നിവ ലഭിക്കുന്ന വിവരണം

## (അവലംബം - ബ്ലോക്കോഫീസ്, കോന്നി)

| വിധവാപെൻഷൻ | വികലാംഗ പെൻഷൻ | വാർദ്ധക്യ പെൻഷൻ | കർഷകത്തൊഴിലാളി പെൻഷൻ | തൊഴിലില്ലായ്മ വേതനം | ആകെ |
|---|---|---|---|---|---|
| 28 | 39 | 17 | 61 | 177 | 322 |

## പൊതുവിതരണം

പഞ്ചായത്തിൽ 9 റേഷൻ കടകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്.

## പട്ടിക 6

# പഞ്ചായത്തിലെ റേഷൻകടകളെ സംബ്ധിക്കുന്ന പട്ടിക

1995 - 96

| ക്രമനമ്പർ | വാർഡ് നമ്പർ | കടനമ്പർ | സ്ഥിതിചെയ്യുന്നസ്ഥലം | റേഷൻ കാർഡുകളുടെ എണ്ണം |
|---|---|---|---|---|
| 1 | 1 | 162 | കൂത്താടിമൺ | 368 |
| 2 | 3 | 236 | തണ്ണിത്തോടു മൂഴി | 319 |
| 3 | 3 | 161 | തണ്ണിത്തോട് കാവിൽ ജംഗ്ഷൻ | 449 |
| 4 | 3 | 160 | തണ്ണിത്തോട് ജംഗ്ഷൻ | 303 |
| 5 | 5 | 169 | എലിമുള്ളുപ്ലാക്കൽ | 282 |
| 6 | 6 | 166 | മണ്ണീറ | 303 |
| 7 | 7 | 163 | താഴെ പറക്കുളം | 313 |
| 8 | 8 | 164 | തേക്കുതോടുമൂഴി | 502 |
| 9 | 9 | 165 | കരിമാൻ തോട് | 466 |
| | | | ആകെ | 3244 |

ഈ പഞ്ചായത്തിൽ 2 , 4 വാർഡു ഒഴികെ എല്ലാ വാർഡുകളിലും റേഷൻ കട പ്രവർത്തിക്കുന്നുണ്ട് .

പ്രവർത്തനംഇല്ല

1995 - 1996 വർഷത്തെ ഈ പഞ്ചായത്തിലെ പൊതുവിതരണ സംവിധാനത്തിന്റെ
(അവലംബം - പൊതുവിതരണകേന്ദ്രങ്ങളുടെ റിപ്പോർട്ടുകൾ

| വർഷം | | കാർഡുകളുടെ എണ്ണം | | ഗുണഭോക്താക്കളുടെ എണ്ണം | | | വിതരണം ചെയ്ത ഭക്ഷ്യ വസ്തുക്കൾ (ക്വിൻറൽ) | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | ആകെ | മേജർ | മൈനർ | ആകെ | അരി | ഗോതമ്പ് | റവ | മൈദ | പഞ്ചസാര |
| 1995 -1996 | 2064 | 1180 | 3244 | 13042 | 2575 | 15617 | 1665.17 | 774.68 | 57.54 | 273.57 | 1140.6 |

| | | മണ്ണെണ്ണ | | |
|---|---|---|---|---|
| പാംഓയിൽ | ആകെ | പെർമിറ്റുകളുടെ എണ്ണം | പെർമിറ്റു വഴി വിതരണംചെയ്ത ലിറ്റർ | കാർഡുവഴി വിതരണം ചെയ്തു(ലിറ്റർ) |
| 2874.35 | 10647.47 | 17 | 2037 | 223875 |

ആകെ പൊതു വിതരണ കേന്ദ്രങ്ങൾ 1

മാവേലിസ്റ്റോർ

## പ്രശ്നങ്ങൾ

1. I.R.D.P ലിസ്റ്റിൽ അർഹതയുള്ളവരെയെല്ലാം ചേർത്തിട്ടില്ല.
2. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിൽ ക്രമക്കേടുകൾ നടക്കുന്നു.
3. V.E.O മാരുടെ സേവനം തൃപ്തികരമല്ല.
4. V.E.O ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം ഇല്ല.
5. I.R.D.P പദ്ധതികളെക്കുറിച്ച് ജനങ്ങൾക്ക് ബോധവൽക്കരണം കിട്ടുന്നില്ല.
6. പല അംഗൻവാടികളുടെ പ്രവർത്തനം തൃപ്തികരമല്ല. അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടങ്ങളും കളിപ്പാട്ടങ്ങളുമില്ല.
7. അംഗൻവാടികളുടെ പ്രവരത്തനവുമായി രക്ഷാകർത്തക്കളുടെ സഹകരണം തൃപ്തികരമല്ല.
8. അർഹരായവർക്ക് യഥാസമയം പെൻഷനുകൾ ലഭിക്കുന്നില്ല.
9. പൊതുവിതരണ കേന്ദ്രങ്ങളിൽ നിന്നും വാങ്ങുന്ന സാധനങ്ങൾക്ക് ബില്ലുകൾ കിട്ടുന്നില്ല.
10. പലപൊതുവിതരണ കേന്ദ്രങ്ങളിലെയും അളവുതൂക്കങ്ങളിൽ ക്രമക്കേടുകൾ നിലനിൽക്കുന്നു.
11. പഞ്ചായത്തിൻെറ പ്രാധാനകേന്ദ്രങ്ങളിൽ കക്കൂസുകളും മൂത്രപ്പുരകളും ഇല്ല.

## സാദ്ധ്യതകൾ

1 I.R.D.P ലിസ്റ്റിൽ അർഹതയുള്ള കുടുംബങ്ങളെ ചേർക്കുക.
2. രണ്ടുവാർഡുകൾക്ക് ഒരു V.E.O എന്ന ക്രമത്തിൽ നിയമിക്കുക.
3. V.E.O ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടങ്ങൾ നിർമ്മിക്കുക.
4. I.R.D.P പദ്ധതികളെപ്പറ്റി ഓരോ വാർഡിലും ബോധവൽക്കരണ ക്ലാസുകൾ നടത്തുക.
5. അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടങ്ങൾ നിർമ്മിക്കുക.
6. അംഗൻവാടി ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുകയും അവർക്ക് പരിശീലനം നൽകുകയും ചെയ്യുക.
7. ഗ്രാമപഞ്ചായത്തിൻെറ മേൽനോട്ടത്തിൽ അംഗൻവാടികളടെ പ്രവർത്തനം കാര്യക്ഷമമാക്കുക.
8. പെൻഷൻ കുടിശ്ശിഖ യഥാസമയം വിതരണം ചെയ്യുക.
9. വിവിധ പെൻഷനുകൾക്ക് അർഹരായവരെ കണ്ടെത്തുന്നതിനും വിതരണചെയ്യുന്നതിനുമുള്ള അധികാരം ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമാക്കുക.
10. വൃദ്ധമന്ദിരവും അഗതിമന്ദിരവും സ്ഥാപിക്കുക.
11. വികലാംഗർക്ക് ബങ്കുകൾ നിർമ്മിച്ചു നൽകുന്നതിനും സ്വയംതൊഴിൽ കണ്ടെത്തുന്നതിനും നടപടികൾ സ്വീകരിക്കു ക.
12. കുട്ടികൾ ,ഗർഭിണികൾ എന്നിവർക്ക് പോഷകാഹാരവും വിദഗ്ദ്ധ ചികിത്സയും ലഭിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുക.
13. പഞ്ചായത്തിലെ കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിലെ അപാകതകൾ പരിഹരിച്ച് നികുതി പുനർനിർണ്ണയം നടത്തുക.
14. റേഷൻകാർഡുക്കളിൽ രേഖപ്പെടുത്തിയിരിക്കുന്ന വരുമാനത്തിൽ കാണുന്ന ക്രമക്കേടുപരിഹരിക്കുക.
15. പഞ്ചായത്തിൻെറ പ്രധാനകേന്ദ്രങ്ങളിൽ കക്കൂസും മൂത്രപ്പുരയും നിർമ്മിക്കുക.
16. തേക്കുതോടു കേന്ദ്രമാക്കി ഒരു മാവേലിസ്റ്റോർ സ്ഥാപിക്കുക.

# വിദ്യാഭ്യാസം

## ആമുഖമായി....

മനുഷ്യന്റെ ജനനം മുതൽ മരണം വരെ നിസ്തന്ദ്രം തുടരുന്ന ഒരു പ്രക്രിയയാണ് വിദ്യാഭ്യാസം. ജീവിതാനുഭവങ്ങളിൽ നിന്നും പരിസ്ഥിയിൽ നിന്നും മനുഷ്യൻ നേടുന്ന അറിവ് അനൗപചാരിക വിദ്യാഭ്യാസത്തിന്റെ പട്ടികയിലുൾപ്പെടുമ്പോൾ വൈഖരികളിലുറഞ്ഞു കിടക്കുന്ന വാക്കുകളെ വക്കുകളുടയാതെ പുറത്തെടുത്ത് അവയുടെ സഫലമായ നിർവഹണം വ്രതാനുഷ്ഠാനത്തിന്റെ വിശുദ്ധിയോടെ നിർവഹിക്കുന്ന ഒരു കൂട്ടം അധ്യാപകരും വിദ്യാന്വേഷികളായ കുട്ടികളും കുട്ടികളുടെ പഠനപ്രവർത്തനങ്ങളിൽ ശ്രദ്ധാലുക്കളായ രക്ഷിതാക്കളും ചേരുമ്പോൾ ഔചാരിക വിദ്യാഭ്യാസത്തിന് വേദിയാകും.

## ഇങ്ങനെ നടന്നിരുന്നു...

പട്ടണിയകറ്റാൻ കാടുകയറിയ ജനങ്ങൾക്ക് ജീവിത സംഘർഷങ്ങൾക്കിടയിൽ തങ്ങളുടെ പിൻ തലമുറയുടെ വിദ്യാഭ്യാസത്തെപ്പറ്റി ചിന്തിക്കുവാനേ കഴിഞ്ഞിരുന്നില്ല. മാത്രവുമല്ല, ഗതാഗതസൗകര്യങ്ങളുടെ കുറവും ദാരിദ്ര്യവും പതിനേഴ് കിലോമീറ്റർ അകലെ കോന്നിയിലുള്ള വിദ്യാലയങ്ങളിൽ കുട്ടികളെ അയയ്ക്കുവാൻ ഇവരെ അനുവദിച്ചുമില്ല. അങ്ങിനെ, വിദ്യാഭ്യാസം തുടരേണ്ടവർക്കും തുടങ്ങേണ്ടവർക്കും അത് മുടക്കേണ്ട സാഹചര്യമുണ്ടായി. കാലക്രമേണ, പട്ടിണിക്കും ദാരിദ്ര്യത്തിനും ഒരു പരിധി വരെ പരിഹാരം കണ്ട കർഷകരും കർഷക തൊഴിലാളികളും നാടിന്റെ വിവിധങ്ങളായ വികസന പ്രവർത്തനങ്ങൾക്കൊപ്പം വിദ്യാഭ്യാസ കാര്യത്തിലും ശ്രദ്ധ പതിപ്പിക്കുവാൻ തുടങ്ങി. തത്ഫലമായി കുടിപ്പള്ളിക്കൂടം മാതൃകയിലുള്ള "വിദ്യാസംഘങ്ങൾ" ആരംഭിച്ചു.

അംഗീകൃത വിദ്യാലയങ്ങൾ സ്ഥാപിച്ച് കിട്ടുന്നതിനുള്ള പ്രവർത്തനങ്ങൾ സഫലമായത് 1954 - 55 ലാണ്. പഞ്ചായത്തിന്റെ മുൻ വൈസ്പ്രസിഡന്റ് ശ്രീ.ഏ. കൊച്ചു രാമന്റെ മാനേജുമെന്റിൽ ആരംഭിച്ച "പയൽ സ്കൂളിന്"(എൽ.പി വിഭാഗം) സർക്കാർ അംഗീകാരം നൽകി. കാലക്രമേണ ഈ വിദ്യാലയം സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലാകുകയും അപ്പർ പ്രൈമറി വിദ്യാലയമായി പ്രവർത്തിച്ചു വരികയും ചെയ്യുന്നു.

തേക്കുതോട്, എലിമുള്ളുംപ്ലാക്കൽ എന്നിവിടങ്ങളിൽ സർക്കാർ ഹൈസ്കൂളുണ്ട്. ഇവയ്ക്കു പുറമേ അഭിവന്ദ്യ തിരുവനന്തപുരം ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസിന്റെ നേതൃത്വത്തിൽ ആരംഭിച്ച സെന്റ് ബനഡിക്ട് എം.എസ്.സി.ഹൈസ്കൂളും പഞ്ചായത്തിന്റെ മുൻ പ്രസിഡന്റ് ശ്രീ. തോമസ് വർഗ്ഗീസ് മനേജരായുള്ള മണ്ണീറ സെന്റ് തോമസ് എൽ. പി.എസും സർക്കാർ എയ്ഡഡ് സ്കൂളായി തുടരുന്നു. ഇവയ്ക്കു പുറമേ സർക്കാർ അംഗീകാരമില്ലാത്ത മൂന്നു സമാന്തര സ്കൂളുകളും പഞ്ചയാത്തിലുണ്ട്. സ്വകാര്യ മേഖലയിലുള്ള ഒരു ഐ.റ്റി.സി, ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, കമ്പ്യൂട്ടർ ട്രയിനിംഗ് സെൻറർ എന്നിവ സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിച്ചു വരുന്നു. കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസത്തിന് സഹായകമായി അംഗൻവാടികളും കുടിപ്പള്ളിക്കൂടങ്ങളും ഈ നാട്ടിലുണ്ട്.

കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

| സ്കൂളിൻെറ പേര് | സ്റ്റാൻഡേർഡ് | ആകെ കുട്ടികൾ | | | SC/ST കുട്ടികളുടെ എണ്ണം | | | തോറ്റു പഠിക്കുന്നവർ SC/ST കുട്ടികൾ | | | തോറ്റു പഠിക്കുന്നവർ മറ്റുള്ളവർ | | | പഠനം നിർത്തിയവർ കുട്ടികൾ | | | പഠനം നിർത്തിയവർ മറ്റുള്ളവർ | | | പഠനം നിർത്തിവരുടെ മൊത്തം എണ്ണം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | |
| | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 |
| ഗവ ഹൈസ്ക്കൂൾ, എലിമുള്ളുംപ്ലാക്കൽ | 1 - 10 | 187 | 154 | 341 | 27 | 26 | 53 | 6 | 4 | 10 | 6 | 5 | 11 | 2 | 2 | 4 | 2 | 5 | 7 | 11 |
| ഗവ. ഹൈസ്ക്കൂൾ തേക്കുതോട് | 1 - 10 | 430 | 427 | 859 | 80 | 68 | 148 | | | | 41 | 21 | 62 | | | | 25 | 4 | 29 | 29 |
| സെൻറ് ബനഡിക്ട് Mschs തണ്ണിത്തോട് (എയിഡഡ്) | 5 - 10 | 339 | 335 | 694 | 38 | 28 | 66 | 11 | 8 | 19 | 36 | 38 | 74 | 3 | 4 | 7 | 3 | 2 | 5 | 12 |
| ഗവ. സ്കൂൾ wup തണ്ണിത്തോട് | 1 - 7 | 287 | 233 | 520 | 63 | 48 | 111 | 7 | 9 | 16 | 9 | 14 | 23 | | | | 6 | 1 | 7 | 7 |
| സെൻറ് തോമസ് lps മണ്ണീറ (എയിഡഡ്) | 1 - 5 | 55 | 64 | 119 | 4 | 8 | 12 | 2 | 1 | 3 | 2 | 4 | 6 | | | | | | | |
| എബൻഎസ്സേർ EMUPS തേക്കുതോട് (അൺഎയിഡഡ്) | പ്രീപ്രൈമറി - 7 വരെ | 57 | 53 | 110 | | | | | | | | | | | | | | | | |
| | ആകെ | 1355 | 1288 | 2643 | 212 | 178 | 390 | 26 | 22 | 48 | 94 | 82 | 176 | 5 | 6 | 11 | 36 | 12 | 48 | 59 |

ഇതു കൂടാതെ തണ്ണിത്തോട്, തേക്കുതോട് എന്നീ സ്ഥലങ്ങളിലായി ഏകദേശം 400 കുട്ടികൾ സമാന്തരസ്ക്കൂളുകളിൽ പഠനം നടത്തുന്നു.

മൂവായിരത്തോളം വിദ്യാർത്ഥികൾ പഠനം നടത്തുന്ന ഈ പഞ്ചായത്തിലെ വിവിധ സ്കൂളുകളിലായി 105 അദ്ധ്യാപകർ പ്രവൃത്തിയെടുക്കുന്നു.

## പട്ടിക (2)

### അദ്ധ്യാപകരുടെ എണ്ണം

| സ്കൂളിൻെറ പേര് | ആകെ അനുവദിച്ച പോസ്റ്റ് | നിലവിലുള്ളവരുടെ എണ്ണം | ഒഴിവുകളുടെ എണ്ണം |
|---|---|---|---|
| ഗവ.HS എലിമുള്ളുംപ്ലാക്കൽ | 14 | 14 | 0 |
| സെൻറ്. തോമസ് L.P.S | 4 | 4 | 0 |
| സെൻറ്: ബന: M.S.C.H.S | 35 | 35 | 0 |
| ഗവ :U.P.S തണ്ണിത്തോട് | 18 | 17 | 1 |
| ഗവ :H.S തേക്കുതോട് | 31 | 28 | 3 |
| എബനേസ്സർ E.M.U.P.S തേക്കുതോട് | 7 | 7 | 0 |
| ആകെ | 109 | 105 | 4 |

പഞ്ചായത്തിലെ വിവിധ സ്കൂളുകളിലെ അക്കാദമിക് സൗകര്യങ്ങൾ വളരെ കുറ
വിശദാംശങ്ങൾ പട്ടിക 3 - ൽ കൊടുത്തിരിക്കുന്നു.

| സ്കൂളിന്റെ പേര് | ലൈബ്രറി ഉണ്ട്/ ഇല്ല പ്രവർത്തിക്കുന്നു/ പ്രവർത്തിക്കുന്നില്ല | ലാബോട്ടറി / സയൻസ് കോർണർ ഉണ്ട് / ഇല്ല പ്രവർത്തിക്കുന്നു /പ്രവർത്തിക്കുന്നില്ല | പഠനോപകരണങ്ങൾ (മാപ്പുകൾ, ചാർട്ടുകൾ, ഗ്ലോബുകൾ)വേണ്ടത്ര ഉണ്ട് / ഇല്ല | ദൃശ്യ - ശ്രാവ്യ ഉപകരണങ്ങൾ - | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | | | റേഡിയോ | ടേപ്പ്റെക്കോഡർ | ടി.വി.സെറ്റ് | വി.സി.ആർ /വി.സി.പി | സിനിമാ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ഓവർ ഹെഡ്പ്രൊജക്ടർ |
| ഗവ . ഹൈസ്ക്കൂൾ എലിമുള്ളുംപ്ലാക്കൽ | ഉണ്ട് | ഉണ്ട് | വേണ്ടത്രയുണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് |
| ഗവ . ഹൈസ്ക്കൂൾ തേക്കുതോട് | ഉണ്ട് | ഉണ്ട് | വേണ്ടത്രയില്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| സെൻറ് ബനഡിക്ട് MSC ഹൈസ്ക്കൂൾ തണ്ണിതോട് | ഉണ്ട് | ഉണ്ട് | വേണ്ടത്രയില്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് |
| ഗവ . W.U.P സ്ക്കൂൾ തണ്ണിതോട് | നാമ മാത്രം | പ്രവർത്തിക്കുന്നു | ഒട്ടുമില്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| ST. തോമസ് L.P സ്ക്കൂൾ,മണ്ണീറ | ഇല്ല | ഇല്ല | വേണ്ടത്രയില്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| എബൻഎസ്സർ E.M.UPS തേക്കുതോട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |

| - എണ്ണം | ബ്ലാക്ക് ബോർഡ് | | 95-96 ലഭിച്ച അദ്ധ്യയന ദിവസം | സമരങ്ങളിലൂടെ നഷ്ടപ്പെട്ട അദ്ധ്യയന ദിനങ്ങൾ | പ്രത്യേക പൊതു അവധി കളിലൂടെ നഷ്ടമായ അദ്ധ്യയനദിനങ്ങളുടെ എണ്ണം | മാതൃസംഗമം സജീവം/ സജീവമല്ല | ക്ലാസ് പി.ടി.എ കൾ പ്രവർത്തിക്കുന്നു /പ്രവർത്തിക്കുന്നില്ല |
|---|---|---|---|---|---|---|---|
| കമ്പ്യൂട്ടർ | ആവശ്യമുള്ളത് | നിലവിലുള്ളത് | | | | | |
| ഉണ്ട് | 16 | 16 | 195 | ഇല്ല | 16 | സജീവം | പ്രവർത്തിക്കുന്നു |
| ഇല്ല | - | 6 | 194 | ഇല്ല | 2 | സജീവം | പ്രവർത്തിക്കുന്നു |
| ഇല്ല | 19 | 19 | 182 | ഇല്ല | 15 | സജീവം | പ്രവർത്തിക്കുന്നു |
| ഇല്ല | 16 | ഭിത്തിബോർഡുകൾ ഉപയോഗ പ്രദമല്ല | 196 | ഇല്ല | 15 | സജീവം | പ്രവർത്തിക്കുന്നു |
| ഇല്ല | 4 | 4 | 196 | ഇല്ല | 4 | സജീവം | പ്രവർത്തിക്കുന്നു |
| ഇല്ല | 9 | 9 | 190 | ഇല്ല | | സജീവം | പ്രവർത്തിക്കുന്നു |

## രംഗത്തെ പ്രശ്നങ്ങൾ :

1. വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമല്ല.
2. അധ്യാപക - വിദ്യാർത്ഥി അനുപാതത്തിലുള്ള വർദ്ധന.
3. ജീവനക്കാരുടെ കുറവ്.
4. ഫർണിച്ചറുകൾ, ബോധനോപകരണങ്ങൾ എന്നിവയുടെ അപര്യപ്തത.
5. സ്കൂളുകളിലെ പഠന നിലവാരം ആശാസ്യമല്ല.
6. പി.റ്റി.എ, മാതൃസംഗമം പ്രവർത്തനം കാര്യക്ഷമമല്ല.
7. രക്ഷിതാക്കളുടെ താത്പര്യമില്ലായ്മ.
8. സർക്കാർ സ്ക്കൂളുകളിലെ ഡിവിഷൻ കുറയുന്നു.
9. പട്ടികവർഗ - പട്ടികജാതി വിദ്യാർത്ഥികളുടെ ഹാജർനില തൃപ്തികരമല്ല.
10. വായനശാലകളും ഗ്രന്ഥശാലകളും സജീവങ്ങളല്ല.
11. പാഠ്യേതര പ്രവർത്തനങ്ങളിലെ മുരടിപ്പ്.
12. ആധുനിക ബോധനോപാധികൾ, പരിശീലനം ഇവയുടെ കുറവ്.
13. സ്കൂൾ കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ.
14. കുടിവെള്ളക്ഷാമം.
15. ഉച്ചഭക്ഷണ പരിപാടിയുടെ സാമ്പത്തിക ബാധ്യത.
16. വിദ്യാർത്ഥി രാഷ്ട്രീയം.
17. അനർഹമായ ക്ലാസ് പ്രമോഷൻ.
18. മികച്ച വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം ലഭിക്കുന്നില്ല.
19. ആരോഗ്യ പരിപാലനത്തിലുള്ള ശ്രദ്ധക്കുറവ്.
20. സമീപസ്ഥങ്ങളായ സ്കൂളുകളുടെ കുറവ്.
21. പ്രീ - പ്രൈമറി വിദ്യാഭ്യാസം സാർവത്രികമല്ല.
22. ഉന്നത വിദ്യാഭ്യാസത്തിനുള്ള സൗകര്യമില്ല.

## പ്രശ്ന പരിഹാര സാധ്യതകൾ :

വിദ്യാലയങ്ങൾക്ക് കളിസ്ഥലവും ചുറ്റുമതിലും നിർമ്മിക്കൽ.

അധ്യാപക - വിദ്യാർത്ഥി അനുപാതം 1 : 30 ആക്കൽ.

യാത്രാ സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, ജീവനക്കാർക്കു വേണ്ട ക്വാർട്ടേസ് നിർമ്മിക്കൽ.

ആവശ്യമുള്ള ബോധനോപകരണങ്ങൾ, ഫർണിച്ചറുകൾ എന്നിവ ലഭ്യമാക്കൽ.

സ്ക്കൂളുകളുടെ ഭൗതിക സാഹചര്യങ്ങളും അക്കാദമിക്ക് സൗകര്യങ്ങളും വർദ്ധിപ്പിക്കൽ, അദ്ധ്യാപക - വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം കാര്യക്ഷമമാക്കൽ, രക്ഷാകർത്താക്കളുടെ സ്ക്കൂൾ സന്ദർശനം പതിവാക്കുക.

ക്ലാസ് തല പി.റ്റി.എ. മാതൃസംഗമം എന്നിവ രൂപീകരിച്ച് പ്രവർത്തനം കാര്യക്ഷമമാക്കുക.

വിദ്യാഭ്യാസത്തിൻെറ പ്രസക്തിയെക്കുറിച്ച് രക്ഷാകർത്താക്കളെ ബോധവൽക്കരിക്കൽ.

8. അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന വിദ്യാലയങ്ങൾ കർശനമായി നിയന്ത്രിക്കൽ.

9. പട്ടികവർഗ വിഭാഗത്തിലുള്ള കുട്ടികളേയും രക്ഷിതാക്കളേയും ബോധവൽക്കരിക്കുക, സാമ്പത്തികാനുകൂല്യങ്ങളും മറ്റും ആകർഷകമാക്കുക.

10. പഞ്ചായത്ത് വായനശാലകളും മറ്റ് വായനശാലകളും സജീവ സാംസ്ക്കാരിക കേന്ദ്രങ്ങളാക്കി മാറ്റുക.സന്നദ്ധസംഘടനകളുടേയും മറ്റും സഹായത്താൽ സ്കൂൾ ഗ്രന്ഥശാലകൾ സമ്പന്നമാക്കുക.

11. സംഗീതം, ചിത്രരചന തുടങ്ങിയ വിഷയങ്ങൾ അഭ്യസിപ്പിക്കുന്ന സ്പെഷ്യലിറ്റ് അധ്യാപകരെ എല്ലാ വിദ്യാലയങ്ങളിലും നിയമിക്കുക. കലാ - സാംസ്കാരിക പരിപാടികൾ വാർഡ്, പഞ്ചായത്ത് അടിസ്ഥാനത്തിൽ സംഘടിപ്പിക്കുകയും വിജയികൾക്ക് പുരസ്കാരങ്ങൾ നല്കുകയും ചെയ്യുക.

12. സ്കൂൾ കോംപ്ലക്സുകളുടെ പ്രവർത്തനം പുന:സംഘടിപ്പിക്കൽ, ആധുനിക ബോധന രീതികൾ ആവിഷ്കരിക്കുവാൻ പരിശീലനക്കളരികൾ സംഘടിപ്പിക്കൽ.

13. സ്ക്കൂൾ സംരക്ഷണവേലകൾ യഥാസമയം നിർവഹിക്കുന്നുവെന്ന് ഉറപ്പുവരുത്തൽ. ഇതിനായി പി. റ്റി . എ യുടെ പൂർണ്ണ സഹായം തേടാവുന്നതാണ്.

14. കിണർ / കുഴൽ കിണർ ഇല്ലാത്ത വിദ്യാലയങ്ങളിൽ ആയത് സ്ഥാപിക്കൽ.

15. ഉച്ചഭക്ഷണ പരിപാടിയുടെ സാമ്പത്തിക ബാധ്യത മുഴുവനായി പഞ്ചായത്ത് എറ്റെടുക്കുക. പാചകത്തിനാവശ്യമായ പുരകളും കമ്യൂണിറ്റി അടുപ്പുകളും നിർമ്മിക്കുക.

16. സ്ക്കൂൾ കാമ്പസുകൾ പൂർണ്ണമായും രാഷ്ട്രീയ വിമുക്തമാക്കുക.

17. വളരെ താഴ്ന്ന നിലവാരം പുലർത്തുന്ന കുട്ടികൾക്കുള്ള ക്ലാസ് പ്രമോഷൻ നിർത്താലക്കാൽ.

18. മികച്ച വിദ്യാർത്ഥികൾക്ക് വാർഡ് തലത്തിൽ / പഞ്ചാ യത്ത് തലത്തിൽ സ്കോളർഷിപ്പ് ഏർപ്പെടുത്തൽ.

19. ആരോഗ്യ പ്രവർത്തന സ്കൂൾ സന്ദർശന പരിപാടികളും സ്കൂൾ ഹെൽത്ത് ക്ലബിന്റെ പ്രവർത്തനവും കാര്യക്ഷമമാക്കുക.

20. ഒന്ന്, നാല് വാർഡുകൾ ഉൾക്കൊള്ളിച്ച് കൂത്താടിമണ്ണിലും തേക്കുതോട് മൂഴി കേന്ദ്രീകരിച്ച് ഓരോ എൽ.പി. സ്ക്കൂൾ. യു.പി സ്കൂളായി അപ്ഗ്രേഡ് ചെയ്യുക.

21. നിലവിലുള്ള എല്ലാ എൽ.പി സ്ക്കൂളുകളോടും അനുബന്ധിച്ച് മലയാള മാധ്യമത്തിലുള്ള പ്രീ-പ്രൈമറി വിദ്യാലയങ്ങൾ ആരംഭിക്കുക.

22. നിലവിലുള്ള ഹൈസ്ക്കൂളുകളോടനുബന്ധിച്ച് പ്ലസ് ടു തലത്തിലുള്ള കോഴ്സുകൾ ആരംഭിക്കുക. തണ്ണിത്തോട് കേന്ദ്രീകരിച്ച് ഒരു ആർട്സ് ആൻറ് സയൻസ് കോളേജും തേക്കുതോട് കേന്ദ്രീകരിച്ച് ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനവും ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കൽ.

# 5 (viii) കുടിവെള്ളവും പൊതുജനാരോഗ്യവും

## കുടിവെള്ളം

പേരുകൊണ്ട് തണ്ണിത്തോടാണെങ്കിലും ജല ക്ഷാമം വളരെ രൂക്ഷമായ ഒരു പഞ്ചായത്താണിത്. ജനസംഖ്യയിൽ തൊണ്ണൂറു ശതമാനവും കുടിവെള്ളത്തിനായി കിണറുകളെയാണ് ആശ്രയിക്കുന്നത്. വർഷത്തിൽ ആറുമാസത്തിലധികവും കിണറുകളിൽ നിന്ന് ജലം ലഭിക്കാറില്ല. ഏകദേശം 3600– കിണറുകൾ ഉള്ളതിൽ 100– കിണറുകളിൽ നിന്നുപോലും ആവശ്യാനുസരണം ജലം ലഭിക്കുന്നില്ല.

കുടിവെള്ള ക്ഷാമ പരിഹാരത്തിനായി ലോക ബാങ്കിന്റെ സഹായത്തോടുകൂടി ഒരു ജലസേചന പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. എന്നാൽ ഈ പദ്ധതി നടപ്പിൽ വരുത്തുവാനുള്ള നടപടികൾ ഇതുവരെയും ആരംഭിച്ചിട്ടില്ല, 'തിരിക്കയം പദ്ധതി' എന്ന പേരിലുള്ള ഈ പദ്ധതി നടപ്പിൽ വന്നു കഴിഞ്ഞാൽ അമ്പതു ശതമാനത്തോളം ജനങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും.

### പ്രശ്നങ്ങളും പരിഹാരനിർദേശങ്ങളും

| വാർഡ് | പ്രശ്നമേഖല | നിർദ്ദേശിക്കുന്ന പരിഹാര മാർഗങ്ങൾ |
|---|---|---|
| 1 | മേടപ്പാറ, ബഥാൻറോഡ്, ഭാഗം, വി. കെ.പാറ, വടക്കേക്കര റോഡ് ഭാഗം, കൊല്ലൻ പടി ഭാഗം, മഹാത്മാഗാന്ധി റോഡിന്റെ ഇടതുവശം. | നായാടി കോളനി, മഞ്ജു ഭവനപടി ബഥാൻ റോഡ് ഭാഗം, എന്നിവിടങ്ങളിൽ കുഴൽ കിണറുകൾ സ്ഥാപിക്കുക. നീരുറവകൾക്ക് ചുററും ടാങ്ക് കെട്ടി ടാപ്പ് ഘടിപ്പിക്കുക. ആഴം കുറഞ്ഞ കിണറുകളുടെ ആഴം വർദ്ധിപ്പിക്കുക. |
| 2 | വി. കെ. പാറ പ്രദേശം, സഞ്ജയ് റോഡിന്റെ മുകൾഭാഗം, കാവിൽ പാറയുടെ മുകൾഭാഗം, കെ. കെ. പാറയുടെ മുകൾഭാഗം, അള്ളുങ്കൽ, പാറകുളം. | കുഴൽ കിണറുകൾ സ്ഥാപിക്കുക നീരുറവകൾക്ക് ചുററും ടാങ്ക് കെട്ടി ടാപ്പ് ഘടിപ്പിക്കുക. കല്ലാറിൽ നിന്നും വെള്ളം പമ്പു ചെയ്ത് പാറകുളം നിരവിൽ കേന്ദ്രീകരിച്ചാൽ കുറഞ്ഞ ചെലവിൽ ശുദ്ധജലം എത്തിക്കുവാൻ കഴിയും. |
| 3 | മാർക്കററിന്റെ മുകൾവശം, കാവിൽ ജംഗ്ഷന്റെ മുകൾഭാഗം, യു. പി. സ്കൂളിന്റെ മുകൾഭാഗം, കോളനികൾ, ശാസ്ത്രിപടി, പട്ടികജാതി–പട്ടികവർഗ | കുഴൽ കിണറുകൾ സ്ഥാപിക്കുക. വററാത്ത കിണറുകളുടെ ആഴം വർദ്ധിപ്പിക്കുക. നീരുറവകൾ സംരക്ഷിച്ച് അവയ്ക്കു ചുററും ടാങ്ക് കെട്ടി ടാപ്പ് ഘടിപ്പിക്കുക. |
| 4 | [illegible]ണ്ണം, ഇടക്കണ്ണം, അഞ്ചുകുഴി, കൂത്താടിമൺ, മേടപ്പാറ, വടക്കേക്കര. | കുഴൽ കിണറുകൾ സ്ഥാപിക്കുക നീരുറവകൾക്ക് ടാങ്ക് കെട്ടി പൈപ്പ് ലൈൻ ഘടിപ്പിക്കുക. |

| | | |
|---|---|---|
| 5 | എലിമുള്ളുംപ്ലാക്കൽ ജംഗ്ഷൻ, ജംഗ്ഷന് വടക്കു പടിഞ്ഞാറുഭാഗം, ജംഗ്ഷന് തെക്കു–കിഴക്കു ഭാഗം, ജംഗ്ഷന് വടക്കു–കിഴക്കു ഭാഗം. | കുഴൽ കിണറുകൾ സ്ഥാപിക്കുക പൊതു കിണറുകൾ സ ഥാപിക്കുക. പുതിയ കുടി വെള്ള–വിതരണ പദ്ധതി ആവിഷ്കരിക്കുക. |
| 6 | താഴെ വാർഡ്, ഇടമുരുപ്പ് ഭാഗം, തലമാനം, വടക്കേക്കര. | കുഴൽ കിണറുകൾ സ്ഥാപിക്കുക. വറ്റാത്ത അമ്പലക്കുളത്തിൻെറ ആഴം വർദ്ധിപ്പിച്ച് പൈപ്പ് ലൈൻ സ്ഥാപിക്കുക. നീരുറവകൾക്ക് ചുററും ടാങ്ക് കെട്ടി ടാപ്പ് ഘടിപ്പിക്കുക. |
| 7 | മേലേ പറക്കുളം പള്ളിഭാഗം, ശ്രീലങ്ക, താഴേ പാറക്കുളം, പൂച്ചക്കുളത്തിൻെറ ഒരു ഭാഗം. | കുഴൽ കിണറുകൾ സ്ഥാപിക്കുക. വററാത്ത കിണറുകളുടെ ആഴം വർദ്ധിപ്പിക്കുക. P C K ബി ഡിവിഷനിലെ കുളം സംരക്ഷിച്ച് പൈപ്പ് ലൈൻ ഘടിപ്പിക്കുക. |
| 8 | മൂർത്തിമൺ, അലങ്കാരത്ത് പടി, മാർക്കററ് റോഡുമുതൽ ചരുവിള പടി വരെ, മണിമരുതിക്കൂട്ടം, കോട്ടമുരുപ്പ്, കുളത്തുപ്പുഴപടി, പുത്തൻ പുരയ്ക്കൽ പടി, മാർക്കററ് മുതൽ ചവണിക്കോട്ട് പടിവരെ, മാർത്തോമ്മാപള്ളി പടി. | കുഴൽ കിണറുകൾ സ്ഥാപിക്കുക. കല്ലടയാറിൽ ചെക്ക് ഡാം നിർമ്മിച്ച് പൈപ്പ് ലൈൻ ഘടിപ്പിക്കുക. നീരുറവകൾക്ക് ചുററും ടാങ്ക് നിർമ്മിച്ച് ടാപ്പ് ഘടിപ്പിക്കുക.<br>വററാത്ത കിണറുകളുടെ ആഴം വർദ്ധിപ്പിക്കുക. |
| 9 | സ്കൂൾ വാർഡ്, പൂച്ചക്കുളം, തൂമ്പാക്കുളം, തൂമ്പാക്കുളം മേൽത്തട്ട് തൂമ്പാക്കുളം കിഴക്ക്, പൂച്ചക്കുളം മുകൾഭാഗം, കരിമാൻതോട്, മൂർത്തിമൺ, മൂർത്തിമൺ താഴേ ഭാഗം. | കുഴൽ കിണറുകൾ സ്ഥാപിക്കുക. വററാത്ത കിണറുകളുടെ ആഴം വർദ്ധിപ്പിക്കുക.<br>നീരുറവകൾക്ക് ചുററും ടാങ്ക് കെട്ടി പൈപ്പ് ഘടിപ്പിക്കുക.<br>താഴേ പുരയിടത്തിലെ കുളത്തിന് ചുററും ടാങ്ക് കെട്ടി ഉപയോഗിക്കുക |

പഞ്ചായത്തിൽ ആകെയുള്ള 4002, വീടുകളിൽ 1738, വീടുകളിൽ കിണറുകൾ ഇല്ല. ഈ വീട്ടുകാർ കുടിവെള്ളത്തിനായി വളരെയേറെ ബുദ്ധിമുട്ടനുഭവിക്കുന്നുണ്ട്.

### പട്ടിക 1

കിണറില്ലാത്ത വീടുകളുടെ വിവരം (അവലംബം അംഗവാടി റിപ്പോർട്ട്)

| വാർഡ് | ആകെ വീട് | കിണറില്ലാത്ത വീടുകൾ |
|---|---|---|
| 1 | 450 | 136 |
| 2 | 400 | 150 |
| 3 | 400 | 100 |
| 4 | 430 | 125 |
| 5 | 267 | 74 |
| 6 | 410 | 256 |
| 7 | 350 | 205 |
| 8 | 550 | 230 |
| 9 | 675 | 462 |
| ആകെ | 4002 | 1738 |

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി പത്തോളം കുഴൽ കിണറുകൾ ഉണ്ട്. എന്നാൽ ഇവയിൽ നാലെണ്ണം മാത്രമേ ഇപ്പോൾ പ്രവർത്തന ക്ഷമമായിട്ടുള്ളൂ.

## ജലക്ഷാമ പരിഹാരം- സാധ്യതകൾ

1 തിരിക്കയം പദ്ധതി:

ലോകബാങ്ക് സഹായത്തോടുകൂടി നടപ്പിലാക്കുവാൻ അനുമതി ലഭിച്ചിരിക്കുന്ന പ്രസ്തുത പദ്ധതി യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കുക.

2 ചെറുകിട കുടിനീർ പദ്ധതികൾ:

തിരിക്കയം പദ്ധതിയിൽ ഉൾപ്പെടാത്ത 5, 6. വാർഡുകളായ എലിമുള്ളുംപ്ലാക്കൽ, മണ്ണീറ പ്രദേശങ്ങളിൽ കല്ലാറിൽനിന്നും ജലം സംഭരിപ്പ് പൈപ്പ് ലൈൻ സ്ഥാപിക്കാം.

3 പഞ്ചായത്തുതല പദ്ധതികൾ:

കല്ലാറിൽനിന്നും വെള്ളം സംഭരിച്ച് പറക്കുളം നിരവിൽ കേന്ദ്രീകരിച്ച് രണ്ടാം വാർഡിലെ വലിയ കുറവൻപാറ, കൊച്ചുകുറവൻ പാറ പ്രദേശങ്ങളിലും തേക്കുതോടിന്റെ ഏതാനും പ്രദേശങ്ങളിലും ശുദ്ധജലമെത്തിക്കാം.

## പൊതുജനാരോഗ്യം

പഞ്ചായത്തിൽ പൊതുജനാരോഗ്യ പരിപാലനത്തിനായി ഒരു ഗവ. ഡിസ്പെൻസറി 1968 ൽ സ്ഥാപിതമായി. നാട്ടുകാർ സംഭാവന നൽകിയ ഭൂമിയിൽ കെട്ടിടം നിർമ്മിക്കുകയും 1974 ൽ പി. എച്ച്. സെൻററായി ഉയർത്തപ്പെടുകയും ചെയ്തു. ഇതോടെ രോഗികളെ കിടത്തി ചികിത്സിക്കത്തക്ക സൗകര്യം ലഭിച്ചു. അടുത്ത കാലത്തായി സ്ഥാപിച്ച പുതിയ കെട്ടിടവും ആശുപത്രിയുടെ പ്രവർത്തനങ്ങൾക്ക് സഹായകമാകുന്നുണ്ട്. ഒരു ഡോക്ടറുടെ സേവനവും ഇവിടെ ലഭ്യമാണ്.

പഞ്ചായത്തിന്റെ ഒന്നാം വാർഡിൽ സ്ഥിതി ചെയ്യുന്ന പി. എച്ച് സെൻററിന്റെ കീഴിൽ 2,3,4,5 വാർഡുകളിൽ കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ ഉണ്ട്. 6–ാം വാർഡിൽ (മണ്ണീറ) പ്രാഥമികാരോഗ്യ ഉപകേന്ദ്രം ഉണ്ട്. 7,8,9 വാർഡുകളിലായി വ്യാപിച്ചുകിടക്കുന്ന തേക്കുതോട് പ്രദേശത്ത് നാമമാത്രമായി രണ്ട് കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതായി രേഖയുണ്ട്. 6–ാം വാർഡിൽ (മണ്ണീറ) ഒരു ഗവ. ഹോമിയോ ഡിസ്പെൻസറി പ്രവർത്തിക്കുന്നുണ്ട്. ഇവ കൂടാതെ സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന നാല് അലോപ്പതി ഡിസ്പെൻസറികളും മൂന്ന് ആയുർവേദ ഡിസ്പെൻസറികളും പഞ്ചായത്തിൽ ഉണ്ട്. രണ്ട് സ്വകാര്യ മെഡിക്കൽ സ്റ്റോറുകളുടേയും ഒരു സ്വകാര്യ ലബോറട്ടറി ക്ലിനിക്കിന്റേയും സേവനം പഞ്ചായത്തിൽ ലഭ്യമാണ്.

ഈ പഞ്ചായത്തിൽ പകർച്ചവ്യാധികളായ ടൈഫോയ്ഡ്, ചെങ്കണ്ണ്, ഛർദ്ദി, അതിസാരം, മഞ്ഞപ്പിത്തം, മലേറിയ തുടങ്ങിയവ കണ്ടുവരുന്നു. പ്രമേഹം, ഉദര സംബന്ധമായ രോഗങ്ങൾ, ക്യാൻസർ, തളർവാതം, ദന്തക്ഷയം, ക്ഷയരോഗം, വിളർച്ച തുടങ്ങിയവയും കുട്ടികൾക്കുണ്ടാകുന്ന പ്രധാന രോഗങ്ങളാണ്.

ആരോഗ്യ പരിപാലനത്തിനായി ആവശ്യം വേണ്ടതാണ് കക്കൂസുകൾ. ലഭ്യമായ കണക്കുകൾ അനുസരിച്ച് പഞ്ചായത്തിലെ എൺപതു ശതമാനത്തോളം വീടുകൾക്കും കക്കൂസുകളില്ല, സാമ്പത്തിക ബുദ്ധിമുട്ടാണ് ഇതിനു പ്രധാന കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്.

## പട്ടിക 1

### കക്കൂസില്ലാത്ത വീടുകളുടെ വിവരം

[അവലംബം ഗ്രാമസഭാ റിപ്പോർട്ടുകൾ]

| വാർഡ് | വീടുകളുടെ എണ്ണം | കക്കൂസില്ലാത്ത വീടുകൾ |
|---|---|---|
| 1 | 450 | 400 |
| 2 | 470 | 376 |
| 3 | 400 | 320 |
| 4 | 430 | 350 |
| 5 | 267 | 220 |
| 6 | 410 | 350 |
| 7 | 350 | 280 |
| 8 | 550 | 400 |
| 9 | 675 | 600 |
| ആകെ | 4002 | 3296 |

### പ്രശ്നങ്ങൾ

1 പി. എച്ച് സെൻറർ ഒന്നാം വാർഡിൽ സ്ഥിതി ചെയ്യുന്നതു കാരണം എല്ലാ വാർഡുകളിലേയും ജനങ്ങൾക്ക് എത്തിച്ചേരുവാൻ സാധിക്കുന്നില്ല.

2 ഇപ്പോഴുള്ള ബസ് സർവീസുകൾ ആശുപത്രി ജംഗ്ഷൻ വരെ നീട്ടുന്നില്ല.

3 ആശുപത്രിയുടെ പ്രവർത്തനത്തിന് വൈദ്യുതിയും വെള്ളവും ലഭ്യമല്ല.

4 രോഗികളെ കിടത്തി ചികിത്സിക്കുന്നതിനാവശ്യമായ കിടക്കകളും മററു ഫർണിച്ചറുകളുടേയും അഭാവം.

5 ജീവനക്കാരുടെ എണ്ണത്തിലുള്ള കുറവ്.

6 ഓപ്പറേഷൻ തീയററും ലബോറട്ടറിയും ഇല്ല.

7 സ്ററാഫ് നഴ്സിൻെറ അഭാവം.

8 ജീവനക്കാർക്ക് ക്വാർട്ടേഴ്സ് സൗകര്യമില്ല.

9 ഗൈനക്കോളജിസ്റ്റിൻെറ സേവനം ലഭ്യമല്ല.

10 ജീവൻ രക്ഷാ മരുന്നുകളുടെ സ്റ്റോക്ക് ഇല്ലായ്മ.

11 ആംബുലൻസ് സൗകര്യം ഇല്ലായ്മ.

12 ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നില്ല.

13 2,4,9 വാർഡുകളിൽ കുടുംബ ക്ഷേമ കേന്ദ്രങ്ങൾ ഇല്ല.

14 5,7,8 വാർഡുകളിലെ കുടുംബ ക്ഷേമ കേന്ദ്രങ്ങൾക്ക് സ്വന്തമായി കെട്ടിടങ്ങളില്ല.

## സാധ്യതകൾ

1 തേക്കുതോട്ടിൽ ഒരു ഗവ. അലോപ്പതി ഡിസ്പെൻസറി സ്ഥാപിക്കുക.

2 എലിമുള്ളുംപ്ലാക്കലിൽ ഒരു ഗവ. ആയുർവേദ ആശുപത്രി സ്ഥാപിക്കുക.

3 നിലവിലുള്ള ബസ് സർവീസുകൾ ആശുപത്രി ജംഗ്ഷൻവരെ നീട്ടുക.

4 പി. എച്ച് സെൻററിൽ രോഗികളെ കിടത്തി ചികിത്സിക്കുവാൻ ആവശ്യമായ കിടക്കകളും ഫർണിച്ചറുകളും ലഭ്യമാക്കുക.

5 ജീവനക്കാരുടെ ഒഴിവുകൾ നികത്തുക.

6 പി. എച്ച് സെൻററിൽ രാത്രികാല സേവനം ലഭ്യമാകത്തക്ക വിധത്തിൽ ഒരു മുഴുവൻ സമയ ആശുപത്രിയായി ഉയർത്തുക.

7 വനിതാ ഡോക്ടറേയും ഗൈനക്കോളജിസ്റ്റിനേയും നിയമിക്കുക.

8 ഓപ്പറേഷൻ തീയേററർ, എക്സ്-റേ, ലബോറട്ടറി ക്ലിനിക്കുകൾ എന്നിവ സ്ഥാപിക്കുക.

9 സ്ററാഫ് നഴ്സിനെ നിയമിക്കുക.

10 ജീവനക്കാർക്ക് ക്വാർട്ടേഴ്സ് സംവിധാനം ഏർപ്പെടുത്തുക.

11 വൈദ്യുതി, ശുദ്ധജലം എന്നിവ ലഭ്യമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക.

12 ജീവൻ രക്ഷാ മരുന്നുകളുടെ ലഭ്യത ഉറപ്പാക്കുക.

13 അടിയന്തിരമായി ആംബുലൻസ് സൗകര്യം ലഭ്യമാക്കുക.

14 ഇടയ്ക്കിടയ്ക്ക് ആരോഗ്യ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക.

15 2,4,9 വാർഡുകളിൽ കുടുംബ ക്ഷേമ കേന്ദ്രങ്ങൾ ആരംഭിക്കുക.

16 5,7,8 വാർഡുകളിലെ കുടുംബ ക്ഷേമ കേന്ദ്രങ്ങൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിച്ചു നൽകുക.

17 3–ാം വാർഡിലെ കുടുംബക്ഷേമ കേന്ദ്രത്തിന് ശുദ്ധജലം ലഭ്യമാക്കുക.

18 ഹെൽത്ത് ഇൻഷ്വുറൻസ് പദ്ധതി നടപ്പാക്കുക.

19 ഹെൽത്ത് കാർഡ് സൗകര്യം ലഭ്യമാക്കുക.

20 ആഴ്ചയിൽ ഒരു ദിവസമെങ്കിലും ഡോക്ടറുടെ സേവനം തേക്കുതോട്ടിലും ലഭ്യമാക്കുക.

21 സന്നദ്ധ സംഘടനകളുടെ സഹായത്തോടെ കക്കൂസില്ലാത്ത ഓരോ വീടിനും കക്കൂസ് നിർമ്മിച്ചു നൽകുക.

## (C) പരിസര ശുചിത്വം : പ്രശ്നങ്ങൾ

ആരോഗ്യ പരിപാലനത്തിൽ പരിസര ശുചിത്വത്തിന് വളരെ പ്രാധാന്യമുണ്ട്. വ്യവസായവൽകൃതമല്ലാത്തതിനാൽ പരിസരമലിനീകരണം പഞ്ചായത്തിന് വലിയ ഒരു പ്രശ്നമല്ല. എന്നാൽത്തന്നെയും പഞ്ചായത്തിൻെറ മിക്ക ഭാഗങ്ങളിലും ശുചീകരണത്തിൻെറ അഭാവമുണ്ട്. പഞ്ചായത്തിൻെറ മിക്ക പ്രദേശങ്ങളിലും മലിനജലം ഒഴുക്കും ചപ്പു ചവറുകളുടെ നിക്ഷേപവും പൊതുജനാരോഗ്യത്തെ ബാധിക്കുന്നു. പകർച്ച വ്യാധികൾക്ക് പോലും ഇത് ഇടയാകുന്നു.

തണ്ണിത്തോട് പ്ലാന്റേഷൻ കോർപ്പറേഷനിലെ A,B,C ഡിവിഷനു കളിൽ റബ്ബർ കറയിൽ ചേർക്കുന്ന അമോണിയം കലർന്ന മലിന ജലം തോടുകളിലൂടെ ഒഴുകി സ്ഥിരമായി മലിനീകരണം ഉണ്ടാകുന്നു. പഞ്ചായത്തിലെ 4–ാം വാർഡിൽ സ്ഥിതി ചെയ്യുന്ന പാക്കൂ

പുരയിൽ നിന്നും പുറത്തേയ്ക്കു ഒഴുകുന്ന പാക്കു കറ റോഡിലൂടെ ഒഴുകി തോട്ടിൽ എത്തുന്നു. തണ്ണിത്തോട് മാർക്കററിൽ അറവുമാടുകളുടെ അവശിഷ്ടങ്ങൾ വേണ്ട രീതിയിൽ മറവു ചെയ്യാത്തതുകാരണം മലിനീകരണവും പകർച്ചവ്യാധികളും ഉണ്ടാകുന്നുണ്ട്.

തണ്ണിത്തോട്ടിലെ പ്രധാന ജംഗ്ഷനിലെ ഹോട്ടലുകളിൽ നിന്നും തോട്ടിലേയ്ക്കൊഴുകുന്ന അവശിഷ്ടങ്ങൾ, തോടരികിൽ സ്ഥാപിച്ചിട്ടുള്ള കക്കൂസുകൾ, റബർ ഷീററ് റോളറുകൾ എന്നിവയും ജല മലിനീകരണത്തിന് വഴിയാകുന്നു. തേക്കുതോട്ടിലും ഇത്തരത്തിൽ മലിനീകരണം നടക്കുന്നുണ്ട്. പൊതുനിരത്തുകളിലുള്ള മലമൂത്ര വിസർജനവും പാതവക്കിലുള്ള മത്സ്യ വില്പനയും ആരോഗ്യ പ്രശ്നവും മലിനീകരണവും ഉണ്ടാക്കുന്നു.

## പരിഹാര നിർദേശങ്ങൾ

1 പ്ലാന്റേഷൻ C ഡിവിഷനിൽ നിന്നും തോട്ടിലെ ജലത്തിനുണ്ടാകുന്ന മലിനീകരണം തടയാൻ നടപടി സ്വീകരിക്കണം

2 തണ്ണിത്തോട് മാർക്കററിലെ ചപ്പുചവറുകളും മത്സ്യ മാംസാദികളുടെ അവശിഷ്ടങ്ങൾ സംസ്കരിക്കുവാനുള്ള മാർഗം സ്വീകരിക്കണം.

3 ഹോട്ടലുകളിൽ നിന്ന് തോട്ടിലോയ്ക്കൊഴുകുന്ന മാലിന്യം തടയാൻ നടപടി വേണം.

4 വഴിയരികിലെ മത്സ്യക്കച്ചവടം നിരോധിക്കണം.

5 അടയ്ക്കാ സംസ്കരണ കേന്ദ്രത്തിൽ നിന്നുമുള്ള മലിനജലം റോഡിലേയ്ക്ക് ഒഴുകുന്നത് തടയുവാനായി ടാങ്കും മററും നിർമ്മിക്കുക.

6 റബ്ബർ ഷീററ് തയ്യാറാക്കുന്ന ഷെഡുകളോടനുബന്ധിച്ച് ടാങ്കുകൾ നിർമ്മിക്കേണ്ടത് കർശനമാക്കുക.

7 സെൻട്രൽ ജംഗ്ഷനിൽ ഒരു പബ്ലിക് കംഫർട്ട് സ്റേറഷൻ സ്ഥാപിക്കുക.

8 തേക്കുതോട് മൂഴിയിലെ മത്സ്യക്കച്ചവടം മാർക്കററിലേയ്ക്ക് മാററുക.

9 ശുചിത്വ പരിപാലനത്തിനായി കാലാകാലങ്ങളിൽ ക്ലോറിനേഷൻ നടത്തുക, വീട്ടമ്മമാരെ ബോധവൽക്കരിക്കുക, കൊതുകു നിർമ്മാർജന പ്രവർത്തനം നടത്തുക.

10 ശുചിത്വ പരിപാലനത്തിനായി സ്ഥിരം ജീവനക്കാരെ നിയമിക്കുക.

അധികാരം ജനങ്ങളിലേക്ക്

# 5 (ix) പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

## പട്ടികജാതി പട്ടികവർഗ ക്ഷേമം

തണ്ണിത്തോട് പഞ്ചായത്ത് ഒരു കുടിയേററ പ്രദേശമാണ്. ഈ പ്രദേശത്തിൻെറ ചരിത്രത്തോളം തന്നെ പഴക്കമുണ്ട് ഇവിടത്തെ പട്ടികജാതി പട്ടികവർഗ്ഗത്തിൻെറ ചരിത്രത്തിനും പതിനാലു പട്ടികജാതി—പട്ടികവർഗ്ഗ കോളനികളിലും മററുമായി 501 കുടുംബങ്ങൾ ഉണ്ട്. പട്ടിക ഒന്നിൽ കോളനികളുടെ സ്ഥിതി വിവരക്കണക്കുകൾ കൊടുത്തിരിക്കുന്നു.

**പട്ടിക 1**

**പട്ടികജാതി പട്ടികവർഗ കോളനികളുടെ സ്ഥിതി വിവരം**

| ക്രമ നമ്പർ | വാർഡു നമ്പർ | കോളനിയുടെ പേര് | വീടുകളുടെ എണ്ണം |
|---|---|---|---|
| 1 | I | മേടപ്പാറ നായാടിക്കോളനി Reg: No. 619/73 പട്ടികജാതി | 34 |
| 2 | II | അംബേദ്ക്കർ മെമ്മോറിയൽ ഹരിജൻകോളനി വി. കെ. പാറ പട്ടിക ജാതി | 24 |
| 3 | III | ഇലവുങ്കൽ ട്രൈബൽ സെററിൽമെൻറു കോളനി (പട്ടികവർഗം) | 15 |
| 4 | III | ഐശ്വര്യാ പട്ടികജാതി സെററിൽമെൻറു കോളനി | 101 |
| 5 | IV | നായാടി സർവീസ് സൊസൈററി മേടപ്പാറ (പട്ടികജാതി) | 32 |
| 6 | IV | ഇടക്കണ്ണം പട്ടികജാതി കോളനി ഇടക്കണ്ണം | 19 |
| 7 | V | കേരള പട്ടികജാതി സെററിൽമെൻറു കോളനി എലിമുള്ളുംപ്ലാക്കൽ Reg. No. 323 | 27 |
| 8 | V | ഡോ. അംബേദ്കർ മെമ്മോറിയൽ സെററിൽമെൻറ് കോളനി എലിമുള്ളുംപ്ലാക്കൽ Reg. No 379/82 (പട്ടികജാതി) | 15 |
| 9 | VI | തലമാനം പട്ടികജാതി സെററിൽമെൻറ് കോളനി മണ്ണീറ | 43 |
| 10 | VII | അംബേദ്ക്കർ കോളനി തേക്കുതോട് (പട്ടിക ജാതി) | 60 |
| 11 | VIII | പട്ടികജാതി സെററിൽമെൻറ് കോളനി. തൂമ്പാക്കുളം | 48 |
| 12 | IX | പൂച്ചക്കുളം പട്ടികജാതി സെററിൽമെൻറു കോളനി | 25 |
| 13 | IX | തൂമ്പാക്കുളം മലനാടു കോളനി (പട്ടികജാതി) | 35 |
| 14 | IX | മൂർത്തിമൺ പട്ടികജാതി കോളനി | 23 |
| | | ആകെ | 501 |

വിദ്യാഭ്യാസ സാമൂഹ്യമേഖലകളിൽ ഒട്ടന വധി നേട്ടങ്ങൾ കൈവരിക്കുവാൻ കഴിഞ്ഞി ട്ടുണ്ടെങ്കിലും സാമ്പത്തിക രംഗത്ത് പുരോ ഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. എല്ലാ വി ഭാഗം ജനങ്ങളുടെയും എല്ലാത്തരം പ്രവർത്തന ങ്ങളോടും സഹകരിച്ചും പൊതുധാരയിൽ അലി ഞ്ഞുചേർന്നുമുള്ള ജീവിതമാണ് നയിക്കുന്നത്.

വിവിധ പദ്ധതികളിലായി വിവിധ ക്ഷേമ പദ്ധതികൾ നടപ്പാക്കിയെങ്കിലും അതൊന്നും ലക്ഷ്യത്തിലെത്തിയിട്ടില്ല. വിദ്യാഭ്യാസകാര്യ ത്തിൽ കാര്യമായ പുരോഗതിയുണ്ടായിട്ടില്ല. പ തിവായി സ്കൂളിൽ പോകാത്തതാണു വിദ്യാ ഭ്യാസ പിന്നോക്കാവസ്ഥയ്ക്ക് ഒരു കാരണം. കുട്ടികളെ സ്കൂളിലയ്ക്കാൻ താല്പര്യമില്ലാത്ത രക്ഷാകർത്താക്കളുമുണ്ട്. ഈ പഞ്ചായത്തിലെ സ്കൂളുകളിൽ പഠിക്കുന്ന 2643 കുട്ടികളിൽ **396** കുട്ടികൾ പട്ടികജാതി – പട്ടിക വർഗ്ഗത്തിൽപ്പെ ട്ടവരാണ്. പഠനസംബന്ധമായ വിവരങ്ങൾ പട്ടിക 2–ൽ കൊടുത്തിരിക്കുന്നു.

### പട്ടിക 2
## സ്കൂളിൽ പോകുന്ന പട്ടികജാതി–പട്ടികവർഗ കുട്ടികളുടെ വിവരണം 1995–96

| ക്രമ നമ്പർ | വിദ്യാർത്ഥികൾ | ആൺ | പെൺ | ആകെ |
|---|---|---|---|---|
| 1 | ആകെ കുട്ടികൾ | 218 | 178 | 396 |
| 2 | തോററുപഠിക്കുന്നവർ | 26 | 22 | 48 |
| 3 | പഠനം നിർത്തിയവർ | 5 | 6 | 11 |

പഞ്ചായത്തിലെ വിവിധ വിദ്യാലയങ്ങളിൽ നിന്നും ആനുകൂല്യങ്ങൾ വാങ്ങുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിവരണം പട്ടിക 3–ൽ കൊടുത്തിരിക്കുന്നു.

### പട്ടിക 3
## വിദ്യാഭ്യാസാനുകൂല്യങ്ങൾ വാങ്ങുന്ന പട്ടികജാതി–പട്ടികവർഗ വിദ്യാർത്ഥികളുടെ വിവരണം

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | ആനുകൂല്യം ലഭിക്കുന്ന കുട്ടികൾ |
|---|---|---|
| 1 | ഗവ. H. S. എലിമുള്ളുംപ്ലാക്കൽ | 57 |
| 2 | ഗവ. H. S. തേക്കുതോട് | 151 |
| 3 | M. S. C. H. S. തണ്ണിത്തോട് | 63 |
| 4 | ഗവ. W. U. P. S. തണ്ണിത്തോട് | 113 |
| 5 | സെൻറ്തോമസ് L. P. S. മണ്ണീറ | 12 |
| 6 | എബനേസർ U.P.S. തേക്കുതോട് | ഇല്ല |
| | ആകെ | 396 |

പാർപ്പിട പ്രശ്നം പൂർണ്ണമായും പരിഹരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും സർക്കാർ നടപ്പാക്കിവരുന്ന വിവിധ ഭവന നിർമ്മാണ പദ്ധതികൾ സഹായകരമായിട്ടുണ്ട്. വീടുകൾക്കനുവദിക്കുന്ന തുകയുടെ അപര്യാപ്തത മൂലം വീടുപണി പൂർത്തീകരിക്കുവാൻ കഴിയാത്ത സ്ഥിതിയുണ്ട്. അഞ്ചുസെൻറിലും ഉള്ളവർക്കുമാത്രമാണ് പാർപ്പിടത്തിനുള്ള സഹായധനം ലഭിക്കുന്നത്. അഞ്ചുസെൻറിനു താഴെ ഭൂമിയുള്ളവർക്കും ആനുകൂല്യം ലഭിക്കുന്നതിനുള്ള സ്ഥിതി ഉണ്ടാകണം. കക്കൂസുകളുള്ള വീടുകൾ വളരെ കുറവാണ്, പതിനാലു കോളനികളിൽ മൂന്നു കോളനികളിലായി 44 വീടുകൾ മാത്രമാണ് വൈദ്യുതീകരിച്ചിട്ടുള്ളത്. വൈദ്യുതീകരണം സംബന്ധിച്ച വിവരങ്ങൾ പട്ടിക 4—ൽ കൊടുത്തിരിക്കുന്നു.

### പട്ടിക 4
### കോളനി വൈദ്യുതീകരണം സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | കോളനിയുടെ പേര് | വൈദ്യുതി ലഭിച്ച കുടുംബങ്ങൾ | സൗജന്യമായി വൈദ്യുതി ഉപയോഗിക്കുന്ന കുടുംബങ്ങൾ | പണം നൽകി വൈദ്യുതി ഉപയോഗിക്കുന്ന കുടുംബങ്ങൾ |
|---|---|---|---|---|
| III | തണ്ണിത്തോടു മൂഴികോളനി | 23 | 20 | |
| IV | മേടപ്പാറ നായാടി കോളനി | 11 | 7 | 1 |
| V | എലിമുള്ളും പ്ലാക്കൽ കോളനി | 10 | 10 | |
| | ആകെ | 44 | 37 | 1 |

## പ്രശ്നങ്ങൾ

1 നിരക്ഷരത നില നിൽക്കുന്നു.
2 വിദ്യാഭ്യാസ പിന്നോക്കാവസ്ഥ,
3 അർഹരായ കുടുംബങ്ങൾക്ക് ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കുന്നില്ല.
4 9 വാർഡുകളിലെയും കോളനികളിൽ അടിസ്ഥാന സൗകര്യങ്ങൾ ഇല്ല (കുടിവെള്ളം, പാർപ്പിടം, കക്കൂസ്, വൈദ്യുതി)
5 ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തത.
6 തൊഴിലില്ലായ്മ വർദ്ധിക്കുന്നു,
7 സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ സംവരണം പൂർണ്ണമായി പാലിക്കുന്നില്ല,
8 സാമൂഹ്യ പങ്കാളിത്തം കുറവാണ്.
9 ഉച്ച നീചത്വം ഭാഗികമായി നിലനിൽക്കുന്നു.
10 സ്വന്തമായി ഭൂമിയില്ലാത്ത കുടുംബങ്ങൾ
11 കൈവശഭൂമിക്ക് പട്ടയം കിട്ടാത്ത കുടുംബങ്ങൾ ഉണ്ട്.
12 ഇരട്ടക്കുഴി കക്കൂസുകൾ ഈ പ്രദേശത്തിന് അനുയോജ്യമല്ല.

## സാധ്യതകൾ

1 പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമപദ്ധതികൾ പഞ്ചായത്തു തലത്തിൽ ലഭ്യമാക്കണം.
2 സ്വന്തമായി ഭൂമിയില്ലാത്ത എല്ലാ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭൂമിയുംവീടും നൽകാൻ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കണം.
3 കോളനികളിൽ ആവശ്യാനുസരണം കെട്ടിടങ്ങൾ കക്കൂസ്. വൈദ്യുതി, കിണർ എന്നിവ ലഭ്യമാക്കണം
4 കോളനികളിലേക്കുള്ള റോഡുകൾ സഞ്ചാരയോഗ്യമാക്കണം.
5 തണ്ണിത്തോടു തേക്കുതോടു പ്രദേശത്ത് കോളനികൾ കേന്ദ്രീകരിച്ച് ഓരോ പൊതു ശ്മശാനം നിർമ്മിക്കണം.
6 ഓരോ കോളനിക്കും ഓരോ ടെലിവിഷൻ സെൻറർ അനുവദിക്കണം,

## കോളനികളിൽ നിർമ്മിക്കേണ്ട റോഡുകളുടെ വിവരണം

| വാർഡ് നമ്പർ | കോളനിയുടെ പേര് | റോഡ് |
|---|---|---|
| I | നായാടികോളനി | മഹാത്മഗാന്ധിറോഡ് |
| II | അംബേദ്കർ മെമ്മോറിയൽ കോളനി | മായപ്പടി—വി. കെ. പാറ റോഡ് |
| III | ഇലവുങ്കൽ ട്രൈബൽ സെററിൽമെൻറ് കോളനി | ഈട്ടിമൂട്ടിൽ പടി—പുത്തൻവീട്ടിൽ പടി റോഡ് |
| III | ഐശ്വര്യ സെററിൽമെൻറ് കോളനി | ഈട്ടിമൂട്ടിൽപടി—കറുകയിൽപടി റോഡ് |
| IV | നായാടി സർവീസ് സൊസൈററി | കൂത്താടിമൺ മേടപ്പാറ വടക്കേക്കര റോഡ് |
| IV | ഇടക്കണ്ണം കോളനി | ഇടയത്ത്പടി—മേക്കണ്ണം റോഡ് |
| V | കേരളാ പട്ടികജാതി സെററിൽമെൻറ് കോളനി | പേരുവാലി റോഡ് |
| V | ഡോ. അംബേദ്കർ സെററിൽമെൻറ് കോളനി | ചാവരുവാണ്ടി റോഡ് |
| VI | തലമാനം സെററിൽമെൻറ് കോളനി | മണ്ണീറ—തലമാനം റോഡ് |
| VII | അംബേദ്ക്കർ കോളനി | ആർസിപടി—പാറമട റോഡ് |
| VIII | പട്ടികജാതി സെററിൽമെൻറ് കോളനി | ഏഴാംതല ചുരുളേത്തുപടി ചെമ്മാനിപ്പടി റോഡ് |
| VIII | ഡോ. അംബേദ്കർ കോളനി | പടിഞ്ഞാറെപ്പടി—മണിമരുതിക്കൂട്ടം റോഡ് |
| IX | പൂച്ചക്കുളം സെററിൽമെൻറ് | കോളനികരുമാം തോട്—പൂച്ചക്കുളം റോഡ് |
| IX | തൂമ്പാക്കുളം മലനാട് കോളനി | കരുമാംതോട്—തൂമ്പാക്കുളം റോഡ് |
| IX | മൂർത്തിമൺ കോളനി | കരിമാൻതോട്—മൂർത്തിമൺ റോഡ് പുതിയ റോഡ് |

7 അന്ധവിശ്വാസം, അനാചാരം, മദ്യപാനം, എന്നിവയ്ക്കെതിരെ ബോധവൽക്കരണം നടത്തുക.

8 നാലാം വാർഡിൽ കൂത്താടിമൺ ഭാഗത്തും എട്ടാം വാർഡിൽ നിരവേൽഭാഗത്തും ഒൻപതാംവാർഡിൽ തൂമ്പാക്കുളത്തും ഓരോ L P സ്ക്കൂൾ അനുവദിക്കണം.

9 എട്ടാംവാർഡിൽ അറെത്തുപടിയിലും നാലാംവാർഡിൽ മേടപ്പാറ വടക്കേകരയിലും ഓരോ അംഗൻവാടി സ്ഥാപിക്കണം.

10 സാക്ഷരതാ തുടർ വിദ്യാഭ്യാസ പരിപാടി ആരംഭിക്കണം.

11 കോളനികൾ കേന്ദ്രീകരിച്ച് വായനശാലകൾ സ്ഥാപിക്കണം.

12 തേക്കുതോടു പ്രദേശത്ത് ബാംബു ഫ്ളെ വ്യവസായ യൂണിററ് ആരംഭിക്കണം,

13 സ്വയം തൊഴിൽ പദ്ധതികൾക്ക് ആവശ്യമായ പദ്ധതികൾ ആവിഷ്ക്കരിച്ച് ധനസഹായം ലഭ്യമാക്കണം.

14 വിധവാ പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ തുടങ്ങിയ സാമൂഹ്യക്ഷേമ പദ്ധതികൾ പഞ്ചായത്തു തലത്തിൽ നടപ്പാക്കണം,

15 പട്ടിക ജാതി പട്ടികവർഗ്ഗ കുടുംബങ്ങളെ പ്പററി സമഗ്രമായ സർവേനടത്തി അതിൻെറ അടിസ്ഥാനത്തിൽ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കണം.

16 I. R. D. P. പദ്ധതി കാര്യക്ഷമമാക്കണം.

17 വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനു വേണ്ടി ട്യൂഷൻ സെൻററുകൾ സ്ഥാപിക്കാൻ സന്നദ്ധസേവനം പ്രയോജനപ്പെടുത്തണം,

18 പരമ്പരാഗത തൊഴിൽ മേഖലകളിൽ സഹകരണ സംഘങ്ങൾ സ്ഥാപിച്ച് അസംസ്കൃത സാധനങ്ങൾ ലഭ്യമാക്കണം.

19 ഓരോ പ്രദേശത്തിനും അനുയോജ്യമായ കക്കൂസുകൾ നിർമ്മിക്കാൻ അനുവാദം നൽകണം. ഇരട്ടക്കുഴി കക്കൂസ് ഒഴിവാക്കണം.

# 5 (x) സംസ്കാരം

ഭൂമിശാസ്ത്രപരമായ സവിശേഷതകളും കാനനഭംഗിയും പ്രൗഢിയേകുന്ന തണ്ണിത്തോട് പ്രദേശം സഹ്യസാനുക്കളുടെ മടിത്തട്ടിൽ വിശ്രമിക്കുന്നു. കോന്നിയിൽ നിന്നും പതിനേഴ് കിലോമീററർ അകലെ വനമധ്യത്തിൽ സ്ഥിതി ചെയ്യുന്നതാണ് ഈ പ്രദേശം. ഇവിടെയുള്ള ആലുവാംകുടി ശ്രീ മഹാദേവർ ക്ഷേത്രം, ചാവരുപാണ്ഡി ക്ഷേത്രം, തലമാനം ശിവക്ഷേത്രം, പറക്കുളം ദേവീ ക്ഷേത്രം എന്നിവയും ഏതാനും കല്ലറകളും ഒന്നര സഹസ്രാബ്ദങ്ങൾക്കു മുൻപുതന്നെ ഇവിടെ മനുഷ്യവാസമുണ്ടായിരുന്നുവെന്നതിൻെറ തെളിവുകളാണ്.

അരുവാപ്പാലത്തിൻെറ ഭാഗമായിരുന്ന തണ്ണിത്തോട് 1978-ടെ പഞ്ചായത്തായി മാറി. സ്വതവേ അധ്വാനശീലരായി ഇന്നാട്ടിലെ ജനങ്ങൾ നാടിൻെറ വികസന പ്രവർത്തനങ്ങൾക്ക് തുറന്ന മനസ്സോടെ ഐക്യദാർഢ്യം പ്രഖ്യാപിച്ചിരുന്നു. നാടിൻെറ നന്മയ്ക്കായുള്ള ഒരുമയും ഒത്തുചേരലും അവർക്ക് ഉത്സവാന്തരീക്ഷം പ്രദാനം ചെയ്തിരുന്നു. ജീവിത വ്യാപന പ്രവർത്തനങ്ങളിൽ മുഴുകിയിരുന്ന ജനസമൂഹത്തിന് വിദ്യാഭ്യാസപരവും സാമൂഹ്യവും സാംസ്കാരികവുമായി വളരുവാൻ കഴിഞ്ഞില്ല. ഒരു തരത്തിൽ സാംസ്കാരികമായ അധഃപതനത്തിനുതന്നെ ഇത് വഴിയൊരുക്കി.

തണ്ണിത്തോട് പ്രദേശത്തെ കുടിയേററത്തിന് രണ്ട് ദശാബ്ദങ്ങൾക്കുശേഷമാണ് സാംസ്കാരിക പ്രവർത്തനങ്ങൾക്ക് തുടക്കമാകുന്നത്. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ വായനശാലകളും കലാസമിതികളും പ്രവർത്തിച്ചിരുന്നെങ്കിലും ഇടയ്ക്കുവച്ച് സ്തംഭനാവസ്ഥ നിലവിൽ വന്നു. പഞ്ചായത്തിൻേറയും മററു കേന്ദ്രങ്ങളിൽ നിന്നുമുള്ള സഹായമില്ലായ്മയാണ് ഇതിന് കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. ഇപ്പോൾ പഞ്ചായത്ത് ആഫീസ് കേന്ദ്രമാക്കി ഒരു ലൈബ്രറിയും അഞ്ച് ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബുകൾ രണ്ട് ജനവിദ്യാകേന്ദ്രങ്ങൾ, രണ്ടു D. W. C. R. A. യൂണിററുകൾ. ഒരു സൗഹൃദസംഘം, ഒരു ബാലജന സഖ്യം എന്നിവ പ്രവർത്തിച്ചുവരുന്നു. 1992-ൽ പ്രവർത്തനം ആരംഭിച്ച 'കാർഡ് പ്രോജക്ട്' ഈ പ്രദേശത്തിൻെറ സാംസ്കാരിക മുന്നേററത്തിൽ വ്യക്തമായ സ്വാധീനം ചെലുത്തി വരുന്നുണ്ട്. ഇതിനു കീഴിലായി 16 ഗ്രാമ വികസന സമിതികൾ, 16 മഹിളാസമാജങ്ങൾ, 16 ബാലസമാജങ്ങൾ, യൂത്ത് ക്ലബ്ബുകൾ, എന്നിവ രൂപീകരിച്ചു പ്രവർത്തനം നടന്നുവരുന്നു.

പഞ്ചായത്തിൽ വളരെയധികം ക്രിസ്ത്യൻ ആരാധനാലയങ്ങളും, ഹൈന്ദവ ക്ഷേത്രങ്ങളും, ഗുരുമന്ദിരങ്ങളും, ഒരു മുസ്ലീംപള്ളിയും ഉണ്ട്. ഇവയോടനുബന്ധിച്ച് വിവിധ ഉത്സവപരിപാടികൾ നടത്തി വരുന്നുണ്ട്. സാംസ്കാരിക സന്ദേശം നൽകുന്ന കലാരൂപങ്ങൾ ഈ ഉത്സവങ്ങൾക്ക് മികവേകുന്നുമുണ്ട്.

## പ്രശ്നങ്ങൾ:

1 സാംസ്കാരിക പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ടിൻെറ ദൗർലഭ്യം.
2 വായനശാലകൾ സാർവത്രികമല്ല.
3 ചിൽഡ്രൻസ് പാർക്കുകൾ ഇല്ല.
4 കളിസ്ഥലങ്ങൾ, കായിക പരിശീലന കേന്ദ്രങ്ങൾ ഇവയുടെ അപര്യാപ്തത.
5 സാംസ്കാരിക അവബോധം സൃഷ്ടിക്കുവാൻ സഹായകമായ പ്രവർത്തനങ്ങൾ നടക്കുന്നില്ല.
6 വനിതാ ക്ലബ്ബുകൾ നിലവിലില്ല.
7 സർവമത സമ്മേളനങ്ങൾ നടത്താറില്ല.
8 പൊതുസ്ഥലങ്ങളിൽ ആരാധനാലയങ്ങൾ സ്ഥാപിക്കുന്നു.
9 നാടൻ കലകൾ പരിശീലിപ്പിക്കുന്നില്ല.
10 സാംസ്കാരിക രംഗത്തെ പ്രമുഖരുമായുള്ള സംവാദത്തിന് അവസരം ലഭിക്കുന്നില്ല.

## സാധ്യതകൾ

1 സാംസ്കാരിക പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് പഞ്ചായത്തിൽ നിന്നും മററു കേന്ദ്രങ്ങളിൽ നിന്നും ലഭ്യമാക്കൽ.

2 തേക്കുതോട്, മണ്ണീറ, എലിമുള്ളുംപ്ലാക്കൽ എന്നിവിടങ്ങളിൽ ആധുനിക സൗകര്യങ്ങളുള്ള വായനശാലകൾ സ്ഥാപിക്കുക.

3 കുട്ടികളുടെ മാനസികവും ശാരീരികവുമായ ഉല്ലാസത്തിനുവേണ്ടി തേക്കുതോട്, തണ്ണിത്തോട് എന്നീ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ഓരോ ചിൽഡ്രൻസ് പാർക്ക് സ്ഥാപിക്കൽ.

4 വാർഡൊന്നിന് ഒരു കളിസ്ഥലവും തണ്ണിത്തോട്, തേക്കുതോട് എന്നീ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ഓരോ കായിക പരിശീലന കേന്ദ്രവും ആരംഭിക്കുക. പഞ്ചായത്ത് മിനി സ്റേറഡിയത്തിന്റെ പണി പൂർത്തിയാക്കൽ.

5 മദ്യഉപഭോഗം, പൊതുസ്ഥലങ്ങളിലെ ചീട്ടുകളി, കുട്ടികളെ ആകർഷിക്കുന്ന ലഹരി പദാർത്ഥങ്ങളുടെ നിർമ്മാണവിതരണം എന്നിവയ്ക്കെതിരെ ബോധവൽക്കരണവും ആവശ്യമെങ്കിൽ നിയമനടപടികളും കൈക്കൊള്ളുക.

6 വാർഡടിസ്ഥാനത്തിൽ വനിതാ ക്ലബ്ബുകൾ സ്ഥാപിച്ച് പ്രവർത്തനം കാര്യക്ഷമമാക്കുക,

7 മതസൗഹാർദ്ദത്തിന്റെ മഹത്വം വിളംബരം ചെയ്തുകൊണ്ട് ഇടയ്ക്കിടെ സർവ മത സമ്മേളനങ്ങൾ സംഘടിപ്പിക്കുക.

8 പൊതു സ്ഥലങ്ങളിൽ ആരാധനാലയങ്ങൾ നിർമ്മിക്കുന്നത് കർശനമായി തടയുക.

9 നാടൻ കലകളിൽ അഭിരുചിയുള്ളവർക്ക് പ്രോത്സാഹനം നൽകുവ നായി പരിശീലന കേന്ദ്രവും പരിശീലകരേയും ഏർപ്പാടാക്കുക.

10 കൗൺസിലിംഗ് സെൻററിന്റെ പ്രവർത്തന തുടങ്ങുകയും മാസത്തിലൊരിക്കലെങ്കിലും സാംസ്കാരിക നായകന്മാരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള പരിപാടികൾ അവതരിപ്പിക്കുകയും ചെയ്യുക.

11 വാർഡ് തലത്തിൽ സാംസ്കാരിക സമിതികൾ രൂപീകരിക്കൽ

12 തേക്കുതോട് കരിമാൻതോട് സ്കൂൾഭാഗം കേന്ദ്രീകരിച്ച് പഞ്ചായത്ത് ആഫീസ് കേന്ദ്രമാക്കിയും സാംസ്കാരിക നിലയങ്ങൾ സ്ഥാപിക്കുക.

13 ലൈബ്രറികൾ, ക്ലബ്ബുകൾ, കളിസ്ഥലങ്ങൾ, ചിൽഡ്രൻസ് പാർക്ക് എന്നിവയ്ക്കാവശ്യമായ സ്ഥലം പൊതുജനങ്ങൾ നൽകുക.

14 സാംസ്കാരിക സമിതികളുടെ രൂപീകരണത്തിൽ പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തുക.

15 വ്യാജച്ചാരായം പൊതു സ്ഥലങ്ങളിലെ ചീട്ടുകളി തുടങ്ങിയവ നിറുത്തലാക്കുന്നതിനായി പൗരസമിതികൾ സംഘടിപ്പിച്ച് പ്രവർത്തിക്കുക.

16 ആയിരത്തിയഞ്ഞൂറോളം വർഷം പഴക്കമുള്ള ആലുവാംകുടി മഹാദേവർക്ഷേത്രവും പരിസരവും പൂച്ചക്കുളം പന്നിയാർത്തോട് വെള്ളച്ചാട്ടം എന്നിവ ഉൾപ്പെടുത്തി ഒരു മിനി ഗാർഡനോടുകൂടിയ ടൂറിസ്ററ് കേന്ദ്രം സ്ഥാപിക്കുക.

# 5 (xi) സഹകരണം

ഭാരതത്തിന്റെ വികസന പ്രവർത്തനത്തിൽ ഏററവും അഗ്രഗണ്യമായ സ്ഥാനം അലങ്കരിക്കുവാൻ കഴിയുന്ന ഒരു പ്രസ്ഥാനമാണ് സഹകര പ്രസ്ഥാനം. കാർഷിക മേഖലയുടെ ഉന്നമനം ലാക്കാക്കിയാണ് ആദ്യം കാർഷിക വായ്പാ സംഘങ്ങൾ രൂപം കൊള്ളുന്നത്.

1967--ൽ അരുവാപ്പുലം പഞ്ചായത്തിലെ കോന്നിതാഴം വില്ലേജിൽ തണ്ണിത്തോട് കേന്ദ്രമാക്കിയാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ വായ്പാ സഹകരണ സംഘം രൂപീകരിക്കുന്നത്. ശ്രീ. ഉമ്മൻ വറുഗീസ് കണ്ടൻകുളത്ത് ചീഫ് പ്രൊമോട്ടറായുള്ള കമ്മിററിയാണ് ഈ സംഘത്തിന്റെ രൂപീകരണത്തിന് ചുക്കാൻ പിടിച്ചത്. പ്രസ്തുത കമ്മിററിയിൽ ശ്രീ തോമസ് വർഗീസ്, കാവുംപുറത്ത് ഗോപാലൻ നായർ, കൊററുവേലിൽ രാഘവൻ നായർ, കെ. നാരായണൻ കുളത്തുമൺ, സി. വി. ജോൺ ബി. ചെല്ലപ്പൻ പിള്ള കൃഷ്ണ മന്ദിരം എന്നിവർ അംഗങ്ങളായിരുന്നു. തണ്ണിത്തോടു പഞ്ചായത്തിന്റെ പ്രഥമ പ്രസിഡൻറായിരുന്ന ശ്രീ തോമസ് വറുഗീസ് ആയിരുന്നു. Q 364--ാം നമ്പർ തണ്ണിത്തോടു സർവ്വീസ് സഹകരണ ബാങ്കിന്റെ ആദ്യത്തെ പ്രസിഡണ്ട്.

വിവിധ ഉദ്ദേശ ലക്ഷ്യങ്ങളോടുകൂടി 11 സഹകരണ സംഘങ്ങൾ ഈ പഞ്ചായത്തിൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിരുന്നു. ആദ്യകാല സഹകരണ സംഘങ്ങളിൽ ഒന്നായ തണ്ണിത്തോടു പഞ്ചായത്ത് ഹരിജൻ സർവീസ് സഹകരണ സംഘം പിടിപ്പുകേടും, കെടുകാര്യസ്ഥനയം മൂലം അസ്ഥിപഞ്ജരമായി മാറിയിരിക്കുന്നു. ഈ പഞ്ചായത്തിൽ നിലവിൽ മൂന്നു വായ്പാ സംഘങ്ങൾ പ്രവർത്തിക്കുന്നു.

തണ്ണിത്തോടു സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം ന: Q 364

തേക്കുതോട് സർവീസ് സഹകരണ സംഘം ക്ലിപ്തം ന: PT 48,

എലിമുള്ളുംപ്ലാക്കൽ സർവീസ് സഹകരണ സംഘം ക്ലിപ്തം ന: 3105

## സഹകരണ സംഘങ്ങൾ ഇന്നത്തെ കാഴ്ചപ്പാടിൽ

കാർഷിക, കാർഷികേതര മേഖലകളിൽ തണ്ണിത്തോട് സർവീസ് സഹകരണബാങ്ക്, തേക്കുതോട് സർവീസ് സഹകരണ സംഘം, എലിമുള്ളുംപ്ലാക്കൽ സർവീസ് സഹകരണ സംഘം എന്നിവയുടെ സേവനം പ്രശംസനീയമാണ്. എന്നാൽ നിക്ഷേപത്തിന്റെ അഭാവവും വൻതോതിലുള്ള വായ്പാ കുടിശികയും സ്ഥാപനത്തിന്റെ പ്രവർത്തനത്തിൽ മന്ദീഭാവം ഉളവാക്കുന്നു.

കാർഷികാവശ്യങ്ങൾക്ക് വായ്പാ വിതരണം നടത്തുന്നതിനു വേണ്ടി ആദ്യകാലത്ത് രൂപം നൽകിയ തണ്ണിത്തോട് സർവീസ് സഹകരണബാങ്ക് ഇന്നു ബാങ്കിംഗ് മേഖലയിലെ ഒട്ടുമിക്ക പ്രവർത്തനങ്ങളും നിർവഹിക്കുന്നു. നിക്ഷേപങ്ങൾ കുറവായതിനാൽ ജില്ലാ സഹകരണ ബാങ്കിൽ നിന്നും കൂടുതൽ വായ്പകൾ എടുക്കേണ്ട സാഹചര്യം ഉളവാക്കുന്നു.

തണ്ണിത്തോടു പഞ്ചായത്തിലെ 7, 8, 9 വാർഡുകൾ ഉൾപ്പെടുത്തി 1988 – ൽ തേക്കുതോട് സർവീസ് സഹകരണ സംഘം രൂപീകരിച്ചു. നിക്ഷേപത്തിന്റെ അഭാവവും വൻതോതിലുള്ള കുടിശികയും ഈ സ്ഥാപനത്തിന്റെ പ്രവർത്തനത്തെയും സാരമായി ബാധിച്ചിട്ടുണ്ട്.

തണ്ണിത്തോട് പഞ്ചായത്തിലെ എലിമുള്ളുംപ്ലാക്കൽ, കോന്നി പഞ്ചായത്തിലെ ഞള്ളൂർ, എലിമുള്ളുംപ്ലാക്കൽ വാരിക്കാഞ്ഞിലി, ആവോലിക്കുഴി എന്നീ മേഖലകൾ ഉൾപ്പെടുത്തി 1971–ൽ എലിമുള്ളുംപ്ലാക്കൽ സർവീസ് സഹകരണ സംഘം രൂപീകരിച്ചു.

തേക്കുതോടു കേന്ദ്രമാക്കി പ്രവർത്തിച്ചിരുന്ന കൺസ്യൂമർ സഹകരണ സംഘം ഇന്ന് നിലവിൽ ഇല്ല.

1987—ൽ ക്ഷീര കർഷകർക്ക് ആശ്വാസം അരുളി കൊണ്ട് പ്രവർത്തനം ആരംഭിച്ച ക്ഷീര സഹകരണ സംഘം ക്ലിപ്തം ന: P. T. 27 D പാലിന്റെ ലഭ്യതക്കുറവ് യാത്രാ ക്ലേശം എന്നിവ മൂലം ഇടക്കാലത്ത് ഇതിന്റെ പ്രവർത്തനം നിർത്തിവയ്ക്കേണ്ടി വന്നു. എന്നാൽ ഇപ്പോഴും പ്രവർത്തിക്കുന്നുണ്ട്.

1959—ൽ പ്രവർത്തനം ആരംഭിച്ച ഹരിജൻ സംഘം, വനിതാ വ്യവസായ സഹകരണ സംഘം എന്നിവയുടെ പ്രവർത്തനവും തൃപ്തികരമല്ല. 1—ാം വാർഡ് കേന്ദ്രമാക്കി ഒരു വനിതാ സ്വയം സഹകരണ സംഘവും പഴകുളം സോഷ്യൽ സർവീസ് സൊസൈററിയുടെ ഒരു യൂണിററും പ്രവർത്തിക്കുന്നുണ്ട്.

## പ്രവർത്തനത്തിലെ വൈവിധ്യം

### (a) കാർഷിക മേഖല

ഭൂരിഭാഗവും ചെറുകിട നാമമാത്ര കർഷകർ ഉൾപ്പെടുന്ന ഒരു പ്രദേശമാണ്. കാർഷിക മേഖലയുടെ വികസനത്തിനു വേണ്ടി ഈ മേഖലയിൽ മൂന്നു വായ്പാ സംഘങ്ങളുടെയും പ്രവർത്തനം പ്രശംസനീയമാണ്

### (i) തണ്ണിത്തോടു സർവീസ് സഹകരണ ബാങ്ക്

5000—ൽ അധികം കർഷകർക്ക് അംഗത്വം നൽകിയിട്ടുള്ള തണ്ണിത്തോടു സർവീസ് സഹകരണ ബാങ്ക് ആണ് ഏററവും കൂടുതൽ കാർഷിക വായ്പ നൽകിയിരിക്കുന്നത്. 70 ലക്ഷം രൂപയാണ് ഈ ഇനത്തിൽ വിതരണം നടത്തിയിരിക്കുന്നത്. എന്നാൽ വാണിജ്യ ബാങ്കുകളെ അപേക്ഷിച്ച് നിക്ഷേപം വളരെ കുറവാണ്. ഈ കുറവും ഭീമമായ കുടിശികയും സ്ഥാപനത്തിന്റെ പ്രവർത്തനം മന്ദഗതിയിലാക്കുന്നു.

### (ii) തേക്കുതോടു സർവീസ് സഹകരണ സംഘം

1988—ൽ പ്രവർത്തനം ആരംഭിച്ച ഈ സംഘം 2500—ൽ പരം കർഷകർക്ക് അംഗത്വം നൽകിക്കഴിഞ്ഞു. തണ്ണിത്തോടു പഞ്ചായത്തിലെ 7, 8, 9 വാർഡുകൾ കേന്ദ്രമാക്കിയാണ് ഈ സംഘത്തിന്റെ പ്രവർത്തനം. കാർഷിക വായ്പ ഇനത്തിൽ 37 ലക്ഷത്തിലധികം രൂപാ വിതരണം നടത്തുവാൻ ചുരുങ്ങിയ കാലാവധിക്കുള്ളിൽ ഈ സംഘത്തിനു കഴിഞ്ഞിട്ടുണ്ട് നിക്ഷേപം ഈ സംഘത്തിലും കുറവാണ്.

പട്ടിക 1

**കാർഷിക വായ്പാ സംഘങ്ങൾ**

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | അംഗങ്ങൾ | ഓഹരി മൂലധനം (000) | കടം (000) | നിക്ഷേപം (000) | വായ്പകൾ: കാർഷികം (000) | കാർഷികേതരം (000) | പ്രവർത്തന മൂലധനം (000) | ലാഭനഷ്ടം: ലാഭം (000) | നഷ്ടം (000) | ജീവനക്കാർ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | തണ്ണിത്തോടു സർവ്വീസ് സഹകരണബാങ്ക് ക്ലിപ്തം നം. 2364 | 1967 | തണ്ണിത്തോട് തേക്കുതോട് മണ്ണീറ | 5230 | 790 | 9351 | 4900 | 6820 | 3840 | 10000 | 53 | | 10 |
| 2 | തേക്കുതോട് സർവ്വീസ് സഹകരണസംഘം ക്ലിപ്തം നം. PT48 | 1988 | തണ്ണിത്തോട് പഞ്ചായത്ത് 7, 8, 9 വാർഡുകൾ | 2657 | 560 | 4700 | 1500 | 3729 | 1754 | 6000 | 200 | | 5 |
| 3 | എലിമുള്ളുംപ്ലാക്കൽ സർവ്വീസ് സഹകരണ സംഘം ക്ലിപ്തം | 1971 | തണ്ണിത്തോട് പഞ്ചാ. എലിമുള്ള് കോന്നി പഞ്ചാ. ഞള്ളൂർ, പരിക്കഞ്ഞിലി ആവോലികുഴി | 1402 | 433 | 2374 | 860 | 2070 | 620 | 1293 | | 200 | 2 |

### (iii) എലിമുള്ളുംപ്ലാക്കൽ സർവീസ സഹകരണസംഘം

1971 – ൽ ആണ് ഈ സംഘം രൂപീകരിക്കുന്നത്. 1400 – ൽ പരം കാർഷകരെ ഉൾപ്പെടുത്തി 20 ലക്ഷത്തോളം രൂപ കാർഷികാവശ്യത്തിനായിനായി വിതരണം ചെയ്യുവാൻ ഈ സംഘത്തിനു കഴിഞ്ഞിട്ടുണ്ട്. വായ്പാ തിരിച്ചടവ് ഈ സംഘത്തിന്റെ പ്രവർത്തനത്തെയും കാര്യമായി ബാധിച്ചിട്ടുണ്ട്.

### (b) വ്യവസായിക മേഖല

സഹകരണ മേഖലയിലുള്ള വ്യവസായങ്ങൾ തണ്ണിത്തോട്ടിൽ കുറവാണ്. ആകെയുള്ളത് ഒരു വനിതാ വ്യവസായ സഹകരണ സംഘമാണ്. ഇതിന്റെ പ്രവർത്തനവും വളരെ ശോചനീയമാണ്. ഈ മേഖലയിൽ കൂടുതൽ സ്ത്രീകളെ പങ്കെടുപ്പിക്കുന്നതിനും വ്യവസായികമായി കൂടുതൽ പരിശീലനവും അത്യന്താപേക്ഷിതമാണ്.

### (c) ക്ഷീരവ്യവസായം

തണ്ണിത്തോടു പഞ്ചായത്തിലെ 1, 2, 3, 4 വാർഡുകൾ കേന്ദ്രമാക്കി 1987 – ൽ നവംബറിൽ തണ്ണിത്തോടു ക്ഷീരോത്പാദക സഹകരണ സംഘം പ്രവർത്തനം ആരംഭിച്ചു. എങ്കിലും പാലിന്റെ ലഭ്യതയിലുണ്ടായ കുറവ്, ഗതാഗത സൗകര്യം ഇല്ലായ്മ എന്നീ കാരണങ്ങളാൽ പ്രവർത്തനം നിലയ്ക്കുകയുണ്ടായി. 125 അംഗങ്ങൾ ഉൾക്കൊള്ളുന്ന ഈ സംഘം ഇപ്പോൾ വീണ്ടും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. തണ്ണിത്തോടു ഗ്രാമ പഞ്ചായത്തിലെ എല്ലാ മേഖലകളിലേക്കും ഇതിന്റെ പ്രവർത്തനം വ്യാപിക്കുന്നതിനായി മററു വാർഡുകളിൽ കളക്ഷൻ സെൻററുകൾ തുറക്കേണ്ടത് അത്യാവശ്യമാണ്.

## നിർദ്ദേശങ്ങൾ

(i) കന്നുകാലി വളർത്തൽ പ്രോൽസാഹിപ്പിക്കുന്നതിന് സഹകരണ സംഘങ്ങളിൽ നിന്നും വായ്പകൾ അനുവദിക്കുകയും, ക്ഷീര സംഘം തന്നെ പാൽ ശേഖരിച്ചു വായ്പ അടക്കുന്നതിന് സംവിധാനം സ്വീകരിക്കുക.

(ii) മലയോര ഗ്രാമമായ ഇവിടെ വെററിനറി ഡോക്ടറുടെ സേവനം കൃത്യമായി ലഭിക്കുന്നില്ല. തന്മൂലം കർഷകർ കന്നുകാലി വളർത്തൽ ഉപേക്ഷിക്കുന്നു. അടിയന്തിരമായി ചികിൽസാ സൗകര്യം ഏർപ്പെടുത്തുക.

(iii) കന്നുകാലികളുടെ പ്രത്യുത്പാദനത്തിനുള്ള ആധുനിക സൗകര്യങ്ങളുടെ അഭാവം ഇത് ഒഴിവാക്കുവാൻ ഐ. സി. ഡി. പി. സെൻറർ തുറക്കുക.

(iv) ശേഖരിക്കുന്ന പാലിൽ നിന്നും ക്ഷീരോത്പന്നങ്ങൾ നിർമ്മിച്ച് വിതരണം നടത്തിയാൽ കൂടുതൽ തൊഴിൽ സാധ്യതകൾ ഉണ്ടാകും.

പട്ടിക (3)

ക്ഷീരവ്യവസായ സഹകരണസംഘം

| ക്രമനമ്പർ | സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | അംഗങ്ങൾ | മൂലധനം ഓഹരി | കടം | നിക്ഷേപം | വായ്പകൾ | | പ്രവർത്തന മൂലധനം | ലാഭ നഷ്ടം | | ജീവനക്കാർ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | കാർഷികം | കാർഷികേതരം | | ലാഭം | നഷ്ടം | |
| 1 | തണ്ണിത്തോട് ക്ഷീരോല്പാദക സഹകരണസംഘം ക്ലിപ്തം നം. P I 47 Dapios | 1987 | തണ്ണിത്തോടു പഞ്ചായത്തിലെ 1, 2, 3, 4 വാർഡുകൾ | 125 | 1420 | 15000 | | | | 1420 | | 15000 | 2 |

## (d) ഹരിജൻ സർവീസ് സഹകരണ സംഘം

തണ്ണീർത്തോടു പഞ്ചായത്തിന്റെ ചരിത്രത്തിൽ ഇടം പ്രഥമമായി രൂപം കൊള്ളുന്ന ഒരു സഹകരണ സ്ഥാപനം എന്ന ബഹുമതിക്ക് അർഹത ഈ സംഘത്തിനാണ്. ഇത് രൂപം കൊള്ളുന്നത് 1959_ലാണ്. 340 അംഗങ്ങൾ ഉള്ള ഈ സംഘം അക്ഷരാർത്ഥത്തിൽ പിരിച്ചു വിടലിന്റെ ഭീഷണിയിലാണ്. സമൂഹത്തിൽ അവശത അനുഭവിക്കുന്ന ഒരു വിഭാഗത്തിനായി രൂപീകരിച്ച ഈ സംഘത്തിന്റെ പുരോഗതിക്കായി അനുവദിച്ചിരുന്ന ഫണ്ടുകൾ എവിടെ എങ്ങനെ ഉപയോഗിച്ചു എന്നുപോലും ആ[illegible]ക്കും അറിയില്ല.

ഈ സംഘത്തിന്റെ ലൈസൻസിയിൽ പ്ര[illegible]വർത്തിച്ചിരുന്ന ഒരു റേഷൻ ഡിപ്പോ സംഘത്തിന്റെ ഭരണ വൈകല്യം മൂലം സ്വകാര്യ വ്യക്തിയുടെ കൈയിൽ എത്തപ്പെട്ടു. ഇത് തിരികെ ലഭിച്ചാൽ പട്ടിക — ജാതി/പട്ടിക വർ[illegible]ത്തിൽപ്പെട്ട രണ്ടുപേർക്കെങ്കിലും തൊഴിൽ ലഭിക്കുവാൻ സാധ്യതയുണ്ട്. ഇതിന്റെ പ്രവർത്തനം മെച്ചപ്പെട്ടാൽ കൂടുതൽ തൊഴിൽ സാധ്യതയുള്ള മേഖലകൾ സൃഷ്ടിക്കുവാൻ സാധി[illegible]ക്കും.

പട്ടിക 4

ഹരിജൻ സർവ്വീസ് സഹകരണസംഘം

| ക്രമനമ്പർ | സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | അംഗങ്ങൾ | ഓഹരി മൂലധനം | കടം | നിക്ഷേപം | വായ്പകൾ | പ്രവർത്തന മൂലധനം | ലാഭനഷ്ടം | ജീവനക്കാർ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | തണ്ണീർത്തോട് പഞ്ചായത്ത് ഗിരിജൻ സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നം. Q3942 | 1959 | തണ്ണീർത്തോട് | 34[illegible] | 7500 | 10000 | | 10000 | 7500 | നഷ്ടം | ഇല്ല |

## (e) സ്കൂൾ സംഘങ്ങൾ

തണ്ണീർത്തോട് പഞ്ചായത്തിലെ മൂന്ന് ഹൈസ്കൂളുകൾ കേന്ദ്രീകരിച്ച് മൂന്ന് സ്കൂൾ സംഘങ്ങൾ പ്രവർത്തിക്കുന്നു. സ്കൂളിലെ വിദ്യാർത്ഥികൾക്ക് പുസ്തക വിതരണം നിർവ്വഹിക്കുക. കർത്തവ്യത്തിൽ മാത്രം ഇവ ഒതുങ്ങുനിൽക്കുന്നു.

## സഹകരണ മേഖലയെ പുഷ്ടിപ്പെടുത്തുന്നതിനുള്ള നിർദേശങ്ങൾ

തണ്ണീർത്തോടു മേഖലയിലെ സഹകരണ വികസനത്തിനു വിവിധ ഗ്രാമസഭകളിൽ ഉയർന്നുവന്ന നിർദേശങ്ങളുടെ ചുരുക്കം വിവരിക്കുന്നു.

1 ഈ മേഖലയിൽ പ്രവർത്തിക്കുന്ന തണ്ണീർത്തോട് സർവ്വീസ് സഹകരണബാങ്ക്, തേക്കുതോട് സർവ്വീസ് സഹകരണ സംഘം, എലിമുള്ളുംപ്ലാക്കൽ സർവ്വീസ് സഹകരണം സംഘം എന്നീ മൂന്ന് സ്ഥാപനങ്ങളും അംഗങ്ങൾക്ക് യഥാസമയം നിക്ഷേപത്തിന്റെ അഭാവത്താൽ വായ്പകൾ നല്കുവാൻ ജില്ലാ ബാങ്കിനെ ആശ്രയിക്കുന്നു. തന്മൂലം വിതരണത്തിന് കാലതാമസം നേരിടുന്നു. ഇത് ഒഴിവാക്കുവാൻ നിക്ഷേപ സമാഹരണം ഊർജ്ജസ്വലമാക്കുക.

2 കാർഷികാവശ്യത്തിനായി നല്കുന്ന വായ്പകൾ കൃത്യമായും കാർഷിക വിളകളുടെ ഉത്പാദനത്തിനായി ഉപയോഗിക്കുന്നു

ണ്ടോ എന്ന് നേരിട്ട് പരിശോധിച്ചതിനു ശേഷം നല്കുക. നൽകുന്ന പണം കാർഷികാവശ്യത്തിനുപയോഗിച്ചാൽ കൃത്യമായി തിരിച്ചടക്കുന്നതിനു സാധിക്കുന്നു.

3 കർഷകർ ഉത്പാദിപ്പിക്കുന്ന കാർഷിക ഉത്പന്നങ്ങൾ വലിപ്പ ചെറുപ്പമില്ലാതെ സ്വീകരിക്കുന്നതിനും ആയതിന്റെ വായ്പകൾ നല്കുകയും ചെയ്യുക. ഉത്പന്ന വില വായ്പയിൽ കുറവുചെയ്യുക.

4 കാലതാമസം കൂടാതെ സർക്കാരിൽ നിന്നും അനുവദിച്ചു കിട്ടുന്ന പലിശ സബ്സിഡി വായ്പ കൃത്യമായി അടയ്ക്കുന്ന കർഷകർക്കു നൽകുന്നതിനാവശ്യമായ നിയമ നടപടികൾ സ്വീകരിക്കുക.

5 കക്ഷി– രാഷ്ട്രീയ ബന്ധങ്ങൾക്ക് അതീതമായി എല്ലാ തരം കർഷകർക്കും സംഘങ്ങളിൽ അംഗത്വം നൽകുക.

6 തണ്ണിത്തോടു സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തന മേഖലയിൽപ്പെട്ട മണ്ണീറയിൽ ഈ ബാങ്കിന്റെ ഒരു ശാഖ അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് മണ്ണീറ ഗ്രാമ സഭയിൽ ശക്തമായ നിർദേശം ഉണ്ടായി. ഇതു സാധിച്ചാൽ മണ്ണീറയുടെ ഉയർന്ന പ്രദേശങ്ങളിലുള്ള ജനങ്ങൾക്ക് കൂടുതൽ ദൂരം താണ്ടി തണ്ണിത്തോട് ബാങ്കിലെത്തുമ്പോൾ മിക്കവാറും ബാങ്ക് സമയം കഴിയാറുണ്ട് അതു ഒഴിവാക്കുവാൻ കഴിയും.

7 തണ്ണിത്തോടു സർവ്വീസ് സഹകരണ ബാങ്ക് കേന്ദ്രമാക്കി ഒരു പാചക വാതക ഏജൻസി സ്ഥാപിക്കണമെന്ന് ഗ്രാമസഭകളിൽ ശക്തമായി നിർദേശിക്കുകയുണ്ടായി ഇതു സാധ്യമായാൽ ഇതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ നിക്ഷേപങ്ങൾ സ്വീകരിക്കുവാൻ കഴിയും.

8 കാർഷിക വിളകൾക്കും, ചെറുകിട വ്യവസായങ്ങൾക്കും ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുക.

9 സഹകരണ മേഖലയിൽ അംഗങ്ങളെ പോലെ തന്നെ പ്രധാന പങ്ക് വഹിക്കുന്ന ജീവനക്കാർക്ക് കോമൺ കോഡറും പ്രൊട്ടക്ഷനും നടപ്പിലാക്കുക.

10 സഹകരണ മേഖലയുടെ പ്രവർത്തന വ്യാപ്തിയെക്കുറിച്ച് മനസ്സിലാക്കുന്നതിനു വേണ്ടി ഈ മേഖലയിലെ എല്ലാ സഹകരണ സ്ഥാപനങ്ങളേയും പങ്കെടുപ്പിച്ചു കൊണ്ട് സഹകാരിസമ്പർക്ക പരിപാടി നടപ്പിലാക്കുക.

തണ്ണിത്തോട് പഞ്ചായത്തിലെ സഹകരണ സ്ഥാപനങ്ങളിൽ ഏകദേശം 25–ൽ പരം പേർ ജോലി ചെയ്യുന്നു. നിലവിലുള്ളവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുക വഴിയും പ്രവർത്തന രഹിതമായ സഹകരണ സ്ഥാപനങ്ങൾ പുനരുജീവിപ്പിക്കൽ വഴി കൂടുതൽ തൊഴിൽ സാധ്യതകൾ ലഭ്യമാക്കുകയാണ്.

പ്രവർത്തനം മന്ദീഭവിച്ചിരിക്കുന്ന തണ്ണിത്തോടു വനിതാ വ്യവസായ സഹകരണ സംഘത്തിന്റെ ആഭിമുഖ്യത്തിൽ അച്ചാറുകൾ, മെഴുകുതിരി, കറിപൗഡർ, റെഡിമെയ്ഡു വസ്ത്രങ്ങൾ എന്നിവ നിർമ്മിച്ചു വിതരണം നടത്തുന്നതിനാവശ്യമായ നടപടികൾ ഉണ്ടാവണം. ഇതു മുഖാന്തിരം കുറെ വനിതകൾക്കു തൊഴിൽ ലഭിക്കുവാൻ ഉപകരിക്കും.

കാർഷിക മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി അംഗങ്ങളായുള്ളവരിൽ നിന്നും മികച്ച കർഷകനെ തെരഞ്ഞെടുത്ത് ഓരോ വർഷവും മികച്ച കർഷകനുള്ള അവാർഡുകൾ നല്കുക വഴി കാർഷിക മേഖല കുറച്ചു കൂടി അഭിവൃദ്ധി പ്രാപിക്കും.

സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ കൃഷിയിടങ്ങൾ പാട്ട വ്യവസ്ഥയിൽ എടുത്തു ഏത്തവാഴ കൃഷി ചെയ്യുക. മുഖാന്തിരം ഓണച്ചന്ത സമയങ്ങളിൽ നമ്മുടെ പ്രദേശത്തു തന്നെ ആവശ്യമായ വാഴക്കുലകൾ ലഭ്യമാകും. നമ്മുടെ പ്രദേശത്തു കൂടുതൽ തൊഴിൽ സാദ്ധ്യതകൾ ഉണ്ടാക്കുവാനും ഇത് ഉപകരിക്കും.

ഈ പ്രദേശത്ത് കൂടുതൽ ലഭ്യമാകുന്ന റബ്ബർ തടി, മററുതടികൾ എന്നിവ മററു പ്രദേശങ്ങളിലേക്ക് കൊണ്ടു പോകാതെ ഇവിടെ തന്നെ അവ വിവിധ ഉൽപന്നങ്ങളായി നിർമ്മിക്കുന്നതിന് സഹകരണാടിസ്ഥാനത്തിൽ വ്യവസായ സ്ഥാപനം ആരംഭിക്കുക വഴി കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനു സാധ്യമാകും.

ഇതിലൊക്കെ ഉപരിയായി മററു മേഖലകളിലേക്ക് അനിയന്ത്രിതമായി ഒഴുകിക്കൊണ്ടിരിക്കുന്ന സ്വകാര്യ ബാങ്കിംഗ് നിക്ഷേപങ്ങൾ സഹകരണ മേഖലയിൽ എത്തിച്ചു നാടിന്റെ വികസനത്തിൽ പങ്കാളിയാവാൻ എല്ലാവരും ഒരു പോലെ യത്നിക്കണമെന്ന് എല്ലാ ഗ്രാമസഭകളും ഒരേ ശബ്ദത്തിൽ നിർദേശിക്കുകയുണ്ടായി. ഇപ്രകാരം നിക്ഷേപങ്ങൾ വർദ്ധിക്കുകവഴി സഹകരണ ബാങ്കുകൾക്ക് മററു ധനകാര്യസ്ഥാപനങ്ങളെ ആശ്രയിക്കാതെയും കാലതാമസം കൂടാതെയും വായ്പകൾ വിതരണം ചെയ്യുന്നതിനും കൂടുതൽ തൊഴിൽ മേഖലകൾ കണ്ടെത്തുന്നതിനും സാധിക്കും.

9–ാം ഗ്രാമസഭകളിൽ ചർച്ച ചെയ്ത് ഉരുത്തിരിഞ്ഞ ആശയങ്ങൾ ഗ്രാമസഭകളിൽ നിന്നും തെരഞ്ഞെടുത്ത പ്രതിനിധികൾ പുന: വിചിന്തനം ചെയ്ത് ക്രോഡീകരിച്ചു തയ്യാറാക്കിയ ഈ റിപ്പോർട്ടു പ്രാവർത്തികമാക്കുക വഴി സഹകരണ മേഖല വഴി നമ്മുടെ പ്രദേശത്തെ തൊഴിലില്ലായ്മ ഒഴിവാക്കുന്നതിനും ബാങ്കിംഗ് പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഉപകരിക്കട്ടെയെന്നും ഇതു സാധ്യമാക്കുക വഴി ഗാന്ധിജി വിഭാജനം ഗ്രാമസ്വരാജ് വിജയിക്കട്ടെയെന്നും ആശംസിച്ചുകൊള്ളുന്നു.

# 5 (xii) വനിത

8. പഞ്ചവത്സര പദ്ധതികൾ കഴിഞ്ഞിട്ടും. വനിതകൾക്ക് വിദ്യാഭ്യാസ, സാമൂഹിക–സാമ്പത്തിക–സാംസ്ക്കാരിക മേഖലകളിൽ വലിയ മാററം ഉണ്ടായിട്ടില്ല. ഇന്നും വനിതകൾ സമൂഹത്തിന്റെ അവഗണനയ്ക്ക് വിധേയരായിക്കൊണ്ടിരിക്കുന്നു. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഇന്നും നിലനിൽക്കുന്നു. സ്ത്രീധനത്തിന്റെ പേരിലുള്ള പീഡനങ്ങൾ സാധാരണമാണ്.

പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 49.8% വനിതകളാണ്. പട്ടികജാതി പട്ടികവർഗ്ഗക്കാരിൽ വനിതകൾ പുരുഷന്മാരെക്കാൾ കൂടുതലാണ്, 7552 പുരുഷന്മാരും 7492 വനിതകളുമുണ്ട്. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം 20% മാത്രമാണ്. സ്ത്രീ തൊഴിലാളികളിൽ 50% ഭാഗിക തൊഴിലാളികളാണ്. തൊഴിൽ മേഖലയിൽ സ്ത്രീകളോടുള്ള അവഗണന നിലനിൽക്കുന്നു.

പട്ടിക No 1

**തൊഴിൽ പങ്കാളിത്തം**

| ക്രമ നമ്പർ | തൊഴിൽ മേഖല | പുരുഷന്മാർ | സ്ത്രീകൾ |
|---|---|---|---|
| 1 | കർഷകർ | 1100 | 200 |
| 2 | കർഷകത്തൊഴിലാളി | 2000 | 1000 |
| 3 | കുടിൽ വ്യവസായം | 10 | 20 |
| 4 | കെട്ടിട നിർമ്മാണം | 400 | 150 |
| 5 | സർക്കാർ അർദ്ധസർക്കാർ പൊതുമേഖല | 218 | 102 |

അഭ്യസ്തവിദ്യരും തൊഴിൽ ചെയ്യാൻ സന്നദ്ധരുമായ വനിതകൾ ധാരാളമുണ്ടെങ്കിലും അവർക്കാവശ്യമായ തൊഴിലവസരങ്ങളും പരിശീലനങ്ങളും ലഭിക്കുന്നില്ല. അദ്ധ്യാപന രംഗമൊഴിച്ച് ബാക്കി എല്ലാ മേഖലകളിലും വനിതകൾ കുറവാണ്. പണിയെടുക്കുന്ന സ്ത്രീ തൊഴിലാളികൾക്ക് കൂലികുറവാണ്.

രാഷ്ട്രീയ, സാമൂഹിക– സാംസ്ക്കാരിക സംഘടനകളുടെ പ്രവർത്തനങ്ങളിൽ വനിതകളുടെ പങ്കാളിത്തം കുറവാണ്. പൊതുരംഗത്തു പ്രവർത്തിക്കുന്ന വനിതകളെക്കുറിച്ചുള്ള തെററായധാരണകൾ സമൂഹത്തിൽ നിലനിൽക്കുന്നതാണ് ഇതിനു പ്രധാന കാരണം. സംഘടന പ്രവർത്തനങ്ങളിൽ വനിതകളെ പങ്കെടുക്കുന്നതിനും വളർത്തിക്കൊണ്ടു വരുന്നതിനും രാഷ്ട്രീയ – സാമൂഹിക–സാംസ്ക്കാരിക സംഘടനകൾ വേണ്ടത്ര ശ്രദ്ധിക്കേണ്ടതാണ്.

D W. C. R. A. യുടെ രണ്ടു യൂണിററുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും വേണ്ടത്ര ഫലപ്രാപ്തിയിൽ എത്തിയിട്ടില്ല. വനിതകൾക്ക് സ്വയം തൊഴിൽ യൂണിററുകൾ പരിമിതമാണ്. 18 അംഗൻവാടികളിലായി 36 വനിതകൾ പണിയെടുക്കുന്നു. വിധവ പെൻഷൻ വികലാംഗ പെൻഷൻ, അഗതി പെൻഷൻ തുട

ങ്ങിയ പെൻഷനുകൾ ലഭിക്കേണ്ട വനിതകൾ ഇനിയുമുണ്ട്. അന്ധവിശ്വാസം അനാചാരം തുടങ്ങിയ പ്രവണതകളെയെല്ലാം തട്ടിയുടച്ച് സമത്വസുന്ദരവും ചൂഷണ വിമുക്തവുമായ ഒരു പുതിയ സമൂഹം വാർത്തെടുക്കുന്നതിനു നമുക്കൊന്നിച്ചു പങ്കാളികളാകാം.

## പ്രശ്നങ്ങൾ

1 സ്ത്രീ പീഢനവും ചൂഷണങ്ങളും.
2 വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ.
3 വേതനത്തിലുള്ള ഏററകുറച്ചിലുകൾ,
4 സമസ്ത തൊഴിൽ മേഖലകളിലും നിലനിൽക്കുന്ന അവഗണന.
5 പാചക ഇന്ധനങ്ങളുടെ ദൗർലഭ്യം.
6 കുറഞ്ഞ വായനാശീലം.
7 സ്ത്രീധന സമ്പ്രദായം നിലനിൽക്കുന്നു
8 വ്യാജമദ്യം, മയക്കുമരുന്ന് തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ വർദ്ധിച്ചുവരുന്ന ഉല്പാദനം.
9 വനിതാ വ്യവസായശാലകളുടെ കുറവും തൊഴിൽ പരിശീലനത്തിന്റെ അനുഭാവവും.
10 അന്ധവിശ്വാസം, അനാചാരം, ജാതിവ്യവസ്ഥ തുടങ്ങിയവ നിലനിൽക്കുന്നു.
11 സാമൂഹിക– സാംസ്കാരിക– രാഷ്ട്രീയ രംഗങ്ങളിൽ വനിതകളുടെ പങ്കാളിത്ത കുറവ്.
12 ബോധവൽക്കരണ പ്രവർത്തനങ്ങളുടെ അഭാവം.
13 അഗതി പെൻഷൻ, വിധവാ പെൻഷൻ എന്നിവ യഥാസമയം കിട്ടുന്നില്ല.
14 പൊതുസ്ഥലങ്ങളിൽ പ്രാഥമികാവശ്യങ്ങൾ നിറവേററാൻവരുന്ന ബുദ്ധിമുട്ട്
15 അംഗൻവാടി ജീവനക്കാർക്ക് മതിയായ വേതനം ലഭിക്കുന്നില്ല.
16 സാമൂഹിക – സാംസ്കാരിക സംഘടനകൾക്ക് വേണ്ടത്ര ധനസഹായം ലഭ്യമല്ല.
17 സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുവാൻ കഴിയുന്നില്ല.
18 പോലീസ് സ്റേറഷനിൽ വനിത പോലീസിന്റെ അഭാവം.

## സാദ്ധ്യതകൾ

1 സമ്പൂർണ്ണ മദ്യനിരോധനവും മദ്യത്തിനെതിരായ ബോധവത്ക്കരണവും നടത്തുക
2 കൂടുതൽ വനിതാവ്യവസായ യൂണിററുകളും സാങ്കേതിക പരിശീലനവും നൽകുക.
3 അംഗൻവാടി ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുക.
4 എല്ലാ പോലീസ് സ്റേറഷനിലും വനിതാ പോലീസിനെ നിയമിക്കുക.
5 അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടങ്ങൾ നിർമ്മിച്ച് കളിപ്പാട്ടങ്ങൾ നൽകുക.
6 പൊതുകക്കൂസുകളും മൂത്രപ്പുരകളും നിർമ്മിക്കുക.
7 അഗതിമന്ദിരങ്ങളും വൃദ്ധമന്ദിരങ്ങളും പണിയുക.
8 എല്ലാ തൊഴിൽ മേഖലകളിലും വനിതകൾക്ക് 33% സംവരണം നടപ്പാക്കുക.
9 ബോധവൽക്കരണ ക്ലാസ്സുകളും സെമിനാറുകളും നടത്തുക.
10 അഗതിപെൻഷൻ, വിധവാപെൻഷൻ എന്നിവ യഥാസമയം വിതരണം ചെയ്യുക.
11 അശ്ലീല പോസ്ററുകൾ നിരോധിക്കുക.
12 വനിതാ ഹോസ്ററൽ സ്ഥാപിക്കുക.
13 രാഷ്ട്രീയ,– സാംസ്കാരിക–സാമൂഹ്യരംഗങ്ങളിൽ വനിതകളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് വേണ്ടി ബോധവൽക്കരണം നടത്തുക.

# 5 (xiii) വിഭവ സമാഹരണം

പ്രകൃതിവിഭവങ്ങൾ, മനുഷ്യവിഭവം, കൃഷി, നികുതി, സമ്പാദ്യങ്ങൾ എന്നിവയാണ് ഈ പഞ്ചായത്തിലെ പ്രധാന വിഭവങ്ങൾ. കൃഷിക്കുപയുക്തമായ മണ്ണ്, അനുയോജ്യമായ കാലാവസ്ഥ, എന്നിവ ഈ പ്രദേശത്തിന്റെ പ്രത്യേകതയാണ്. ഭൂമിയുടെ തൊണ്ണൂറുശതമാനവും റബ്ബർ കൃഷിക്കായി ഉപയോഗിക്കുന്നു. മററു നാണ്യവിളകളും കാർഷികവിളകളും കൃഷി ചെയ്യുന്നുണ്ട്. കാർഷിക മേഖലയിൽ വേണ്ടത്ര തൊഴിലാളികളെ കിട്ടുന്നില്ല. കാർഷികോല്പാദനം വർദ്ധിപ്പിച്ചും വ്യവസായങ്ങൾ ആരംഭിച്ചും തണ്ണിത്തോടിനെ പുരോഗതിയിലേക്കു നയിക്കാം.

## ഗ്രാമ പഞ്ചായത്തിന്റെ വരുമാനവും ചെലവും

കെട്ടിടനികുതി, തൊഴിൽ നികുതി, വിനോദനികുതി, ലൈസൻസ് ഫീസ് മുതലായവയാണ് പ്രധാന വരുമാന മാർഗ്ഗങ്ങൾ. പഞ്ചായത്തിന്റെ വരുമാനം മൂന്നുലക്ഷം രൂപയ്ക്കുതാഴെ മാത്രമാണ്.

### പഞ്ചായത്തിന്റെ വരുമാനം സംബന്ധിച്ച വിവരങ്ങൾ 1995–96

| ക്രമ നമ്പർ | ഇനം | തുക Rs. | Ps. |
|---|---|---|---|
| 1 | കെട്ടിട നികുതി | 77449 | 80 |
| 2 | സർവ്വീസ് ചാർജ് | | |
| 3 | തൊഴിൽ നികുതി | 55000 | ..... |
| 4 | വാഹന നികുതി | | |
| 5 | വിനോദ നികുതി | 4596 | ..... |
| 6 | അഡി. വിനോദ നികുതി | 73 | ..... |
| 7 | പ്രദർശന നികുതി | 1122 | ..... |
| 8 | പ്രദർശന നികുതിയിന്മേലുള്ള സർച്ചാർജ് | 294 | 25 |
| 9 | ചന്തവരവ് | 18456 | ..... |
| 10 | ലാൻറ് സെസ് | | |
| 11 | ലൈസൻസ് ഫീസ് | 792 | ..... |
| 12 | കെട്ടിട നികുതി സർച്ചാർജ് | | |
| 13 | മററിനം | 43513 | 85 |
| 14 | ഡിപ്പോസിററ്. | 22010 | ..... |
| | ആകെ | 225967 | 90 |

കഴിഞ്ഞ അഞ്ചുവർഷത്തെ വരുമാനം പരിശോധിച്ചതിൽ പഞ്ചായത്തിന്റെ വരുമാനം വർദ്ധിക്കുന്നതായി കാണാം. ലൈസൻസു ഫീസിനത്തിൽ കേവലം കേവലം 792 രൂപ മാത്രമാണു ലഭിക്കുന്നത്. മൂന്നൂറിൽപ്പരം സ്ഥാപനങ്ങൾക്ക് ലൈസൻസെടുക്കേണ്ടതായിട്ടുണ്ട്. കെട്ടിടനികുതി നിർണ്ണയത്തിൽ അപാകതകൾ ഉള്ളതിനാൽ ആ മേഖലയിലെ വരുമാനവും കുറവാണ്.

### ചെലവു സംബന്ധിച്ച വിവരങ്ങൾ 1995–96

| ക്രമ നമ്പർ | ഇനം | തുക | |
|---|---|---|---|
| 1 | ഭരണം | 413174 | 85 |
| 2 | പൊതുമരാമത്ത് | 169582 | 50 |
| 3 | വിദ്യാഭ്യാസം | 8478 | 00 |
| 4 | ജലവിതരണം, ഓടകൾ ,പൊ-തുജനാരോഗ്യം | 20927 | 00 |
| 5 | തെരുവുവിളക്കുകൾ | 33675 | 00 |
| 6 | മററുള്ളവ | 197209 | 40 |
| | ആകെ | 843046 | 75 |

നമ്മുടെ പഞ്ചായത്തിന്റെ വരുമാനം 2[illegible]5967 രൂപ 90 പൈസയും ആകെ ചെലവ് 843046 രൂപ 75 പൈസയുമാണ്. ഇതു സൂചിപ്പിക്കുന്നത് വികസന പ്രവർത്തനങ്ങൾക്കുവേണ്ടി ഗവ. നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ നമ്മുടെ പഞ്ചായത്തിന്റെ ദൈനംദിന ചെലവുകൾക്കു കൂടി ചെലവാക്കേണ്ടി വരുന്നു എന്നതാണ്. പഞ്ചായത്തിന്റെ വിഭവസമാഹരണത്തിന്റെ കുറവു വികസനത്തിന്റെ മുരടിപ്പു മാണു സൂചിപ്പിക്കുന്നത്.

നമ്മുടെ പഞ്ചായത്തിൽ ഭരണചെലവുകൾക്കാണു ഏററവും കൂടുതൽ തുക ചെലവാക്കുന്നത്. പൊതുമരാമത്തിനും മററു പ്രവർത്തനങ്ങൾക്കുമായി നാമ മാത്രമായ തുകയേ ചെലവാക്കാൻ കഴിഞ്ഞിട്ടുള്ളു.

### ധനകാര്യ സ്ഥാപനങ്ങളുടെ പ്രവർത്തനം

ഇവിടെ മൂന്നു സഹകരണ ബാങ്കുകൾ, ഫെഡറൽ ബാങ്കിന്റെ ഒരുശാഖ, സ്വാകാര്യ വ്യക്തികളുടെ മൂന്നു സ്ഥാപനങ്ങൾ, രജിസ്ററർ ചെയ്ത മൂന്നു ചിട്ടിസ്ഥാപനങ്ങൾ, എന്നിവ പ്രവർത്തിക്കുന്നുണ്ട്. ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മൂന്നു സഹകരണ ബാങ്കുകളിലായി 72.6 ലക്ഷം രൂപയുടെ നിക്ഷേപമാണുള്ളത്.

## പട്ടിക 2

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപ, വായ്പാ വിവരങ്ങൾ

| ക്രമനമ്പർ | പേര് | നിക്ഷേപം Rs | ps | വായ്പ Rs | Ps. |
|---|---|---|---|---|---|
| 1 | ഫെഡറൽ ബാങ്ക് | 30731186 | 63 | 6397652 | 94 |
| 2 | തണ്ണിത്തോടു സർവീസ് സഹകരണബാങ്ക് | 4900000 | 00 | 10660000 | 00 |
| 3 | തേക്കുതോടു സർവീസ് സഹകരണ സംഘം | 1800000 | 00 | 5483000 | 00 |
| 4 | എലിമുള്ളും പ്ലാക്കൽ സർവീസ് സഹകരണസംഘം | 860000 | 00 | 2690000 | 00 |
| | ആകെ | 37991186 | 63 | 25230652 | 94 |

മുകളിൽ കൊടുത്തിരിക്കുന്ന പട്ടിക പരിശോധിച്ചാൽ ഫെഡറൽ ബാങ്കിലെ വായ്പാ നിരക്ക് വളരെ കുറവാണെന്നുകാണാം. കാർഷിക വായ്പകളാണ് ധനകാര്യ സ്ഥാപനങ്ങൾ കൂടുതലായി നൽകിയിട്ടുള്ളത്.

ഈ പഞ്ചായത്തിൽ മുന്നൂറിൽപ്പരം ആളുകൾ വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്നുണ്ട്. അവരുടെ വരുമാനത്തിന്റെ സിംഹഭാഗവും കെട്ടിട നിർമ്മാണ രംഗങ്ങളിൽ വിനിയോക്കുന്നു. ഉല്പാദന മേഖലകളിലേക്ക് പണം വിനിയോഗിക്കുവാൻ തയ്യാറാകുന്നില്ല. പഞ്ചായത്തിലെ മുഴുവൻ വികസന പ്രശ്നങ്ങൾക്കും പരിഹാരം കാണാൻ പഞ്ചായത്തിഫണ്ട് അപര്യാപ്തമാണ്. നമ്മുടെ പഞ്ചായത്തിലെ മുഖ്യ വിഭവമായ മനുഷ്യാദ്ധ്വാനത്തെ ഉപയോഗപ്പെടുത്തിയും സർക്കാർ സഹായങ്ങളും വിവിധ സന്നദ്ധ സംഘടനകളുടെ സേവനങ്ങളും പ്രയോജനപ്പെടുത്തിയും മുന്നേറുവാൻ കഴിയും.

### പ്രശ്നങ്ങൾ

1 വിവിധ മേഖലകളിലെ നികുതിനിർണ്ണയം ശാസ്ത്രീയമല്ല.
2 ഭരണച്ചെലവുകളുടെ വർദ്ധനവ്.
3 സുതാര്യതകുറവ്.
4 കോൺട്രാക്ടർമാരും ഇടനിലക്കാരും അമിതലാഭം തട്ടിയെടുക്കുന്നു.
5 പഞ്ചായത്തിന്റെ വരുമാന സാധ്യതകളെ പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നില്ല.
6 പ്രാദേശികാവശ്യങ്ങൾക്കനുസരിച്ച് പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള അസൗകര്യങ്ങൾ.

### സാദ്ധ്യതകൾ

1 വീട്ടുകരം ശാസ്ത്രീയമായി പുനസംവിധാനം ചെയ്യണം. കൂടുതൽ വിസ്തൃതിയുള്ളതും ആർഭാഡപരമായ വീടുകൾ പണിയുന്നവരിൽ നിന്നും കൂടുതൽ നികുതി ഈടാക്കണം.
2 ഒരേക്കറിൽ കൂടുതൽ ഭൂമിയുള്ളവരിൽ നിന്നും കൃഷിയുടെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ നികുതി ഈടാക്കണം.
3 പ്ലാന്റേഷൻ ടാക്സിന്റെ അൻപതു ശതമാനം പഞ്ചായത്തിനു ലഭ്യമാക്കണം.
4 സ്ഥിരം തൊഴിലുള്ള തൊഴിലാളികൾക്ക് തൊഴിൽ നികുതി ഏർപ്പെടുത്തുക.
5 റബ്ബർ നേഴ്സറികൾക്ക് ലൈസൻസേർപ്പെടുത്തണം.

6 നായ്ക്കളെ വളർത്തുന്നതിന് ലൈസൻസു ഫീസ് ഈടാക്കണം. പേപ്പട്ടി വിഷബാധയ്ക്കെതിരെ കുത്തിവെയ്പ്പെടുത്താൽ മാത്രമേ ലൈസൻസു നൽകാവൂ. ലൈസൻസില്ലാതെ നായ്ക്കളെ വളർത്തുന്നവരിൽ നിന്നും പിഴ ഈടാക്കണം.

7 പാർക്കിംഗ് സൗകര്യമുണ്ടാക്കിക്കൊണ്ട് ഓട്ടോറിക്ഷ, കാർ, ജീപ്പ് (ടാക്സി)വാഹനങ്ങളിൽ നിന്നും നികുതി ഈടാക്കണം.

8 നികുതുപിരിവ് മോണിട്ടർ ചെയ്യാൻ ജനപ്രതിനിധികൾ അടങ്ങുന്ന മോണിട്ടറിംഗ് കമ്മിററിയുണ്ടാക്കണം.

9 കച്ചവടക്കാർക്ക് ലൈസൻസ്ഫീസ് ശാസ്ത്രീയമായി പരിഷ്ക്കരിക്കണം.

10 ലാൻറ് സെസ്സ് ഏർപ്പെടുത്തണം.

11 മണൽവാരുന്നതിന് നികുതി ഏർപ്പെടുത്തണം.

12 ഫെഡറൽ ബാങ്കിൻെറ നിക്ഷേപത്തിൽ നിന്നും 75% ഈ പ്രദേശത്തെ കാർഷിക വ്യാവസായിക മേഖലകൾക്കുവേണ്ടി ലഭ്യമാക്കണം.

13 220. K. V. ലൈൻ കടന്നുപോകുന്ന വനപ്രദേശങ്ങളിലേയും P. C. K. -യിലേയും ഭൂമികൾ പാട്ട വ്യവസ്ഥയിൽ കൃഷിക്ക് ലഭ്യമാക്കണം.

14 കമ്മ്യൂണിററി ഹാൾ നിർമ്മിച്ച് വിവാഹത്തിനും മററു പൊതു പരിപാടികൾക്കും കൊടുത്തു വാടക ഈടാക്കണം.

15 വിദേശരാജ്യങ്ങളിൽ ജോലിയുള്ളവരിൽ നിന്നും ഓഹരികൾ സ്വീകരിച്ച് വ്യവസായങ്ങൾ ആരംഭിക്കണം.

16 തൊഴിൽ രഹിതരായ യുവതീയുവാക്കളെ സംഘടിപ്പിച്ച് ബാങ്കുകൾ വഴി വായ്പകൾ ലഭ്യമാക്കി വ്യവസായ യൂണിററുകൾ ആരംഭിക്കണം.

17 വികസന പ്രവർത്തനങ്ങൾക്ക് മനുഷ്യാദ്ധ്വാനം ഫലപ്രദമായി ഉപയോഗപ്പെടുത്തണം.

18 റബർ റോളറുകൾക്ക് നികുതി ഏർപ്പെടുത്തണം.

19 വാടകയ്ക്കനുസരിച്ച് കെട്ടിട നികുതി പുനർനിർണ്ണയം ചെയ്യണം.

20 സ്വകാര്യ ആയുർവേദ ഔഷധശാലകൾക്കും, സ്വകാര്യ ആശുപത്രികൾക്കും ലൈസൻസ് ഏർപ്പെടുത്തണം.

21 പഞ്ചായത്തിൻെറ വരവു ചെലവു കണക്കുകൾ സുതാര്യമാക്കാൻ കണക്കുകൾ അച്ചടിച്ചു പ്രസിദ്ധീകരിക്കുകയും ഗ്രാമസഭകളിൽ അവതരിപ്പിക്കുകയും ചെയ്യന്നം.

22 പഞ്ചായത്തിനു ലഭിക്കാനുള്ള വിവിധയിനം നികുതി കുടിശിക അടിയന്തിരമായി പിരിച്ചെടുക്കണം.

23 നികുതി പിരിവിൽ ഉദ്യോഗസ്ഥന്മാരുടെ അനാസ്ഥ അവസാനിപ്പിക്കണം.

24 നികുതിദായകരെ ബോധവൽക്കരിക്കുക.

25 പഞ്ചായത്തു ലൈബ്രറിയുടെ പ്രവർത്തനം വ്യാപിപ്പിക്കുകയും പുതുതായി അംഗങ്ങളെ ചേർക്കുകയും മാസവരി വർദ്ധിപ്പിക്കുകയും ചെയ്യണം.

26 പഞ്ചായത്തുവകയായി ഒരു ആംബുലൻസ് വാങ്ങി വാടകയ്ക്കു നൽകണം.

27 സർക്കാർ ജീവനക്കാർ ഒരു വർഷത്തിൽ ഒരു ദിവസത്തെ വേതനവും മററുള്ളവർ ഒരു ദിവസത്തെ വരുമാനവും പഞ്ചായത്തിൻെറ വികസനപ്രവർത്തനങ്ങൾക്കു വേണ്ടി നൽകണം.

28 ഇന്ദിരാ വികാസ് പത്രിയിലൂടെ നിക്ഷേപസമാഹരണം നടത്തണം.

29 ചെലവു ചുരുക്കലിൻെറ ഭാഗമായി പഞ്ചായത്താഫീസിലെ ടെലിഫോണിൻെറ STD ISD, സംവിധാനം വിച്ഛേദിക്കണം,

30 പഞ്ചായത്തു ജീവനക്കാരുടെ ഔദ്യോഗിക യാത്രച്ചെലവു കുറയ്ക്കണം.

31 വിവാഹ രജിസ്ട്രേഷൻ ഫീസ് വർദ്ധിപ്പിക്കണം.

32 മീററർ റീഡിംഗിൻെറ അടിസ്ഥാനത്തിൽ തെരുവു വിളക്കിൻെറ കറണ്ടുചാർജ്ജടക്കണം.

33 ടെലിവിഷൻ സെററുകൾക്ക് നികുതി ഏർപ്പെടുത്തണം.

34 പാറമടകൾക്ക് ലൈസൻസ് ഏർപ്പെടുത്തണം.

# 6 പൊതുപ്രശ്നങ്ങളും സാധ്യതകളും

1. തണ്ണിത്തോട് പഞ്ചായത്ത് പ്രദേശം 'ഭക്ഷ്യോത്പാദന മേഖല' എന്ന പട്ടികയിൽ നിന്നും ഒഴിവാക്കി പൂർണ്ണമായും റവന്യൂ ഭൂമിയാക്കുക.

2. കാട്ടുമൃഗങ്ങൾമൂലമുണ്ടാകുന്ന കൃഷിനാശം ഇല്ലാതാക്കുവാൻ വനംവകുപ്പ് അടിയന്തിര നടപടികൾ സ്വീകരിക്കുക.

3. പട്ടയ ഭൂമിയിലെ മരം മുറിച്ചുപയോഗിക്കുവാൻ അനുവദിക്കുക.

4. കോന്നി–തണ്ണിത്തോട്–ചിറ്റാർ–ആങ്ങമൂഴി റോഡും തണ്ണിത്തോട്മൂഴി–തൂമ്പാക്കുളം–ഗുരുനാഥൻമണ്ണ് റോഡും തണ്ണിത്തോട്–കട്ടച്ചിറ–മണിയാർ റോഡും പഞ്ചായത്തിലെ മറ്റു റോഡുകളും ടാറു ചെയ്യുക.

5. തിരിക്കയം ശുദ്ധജല പദ്ധതി നടപ്പിലാക്കുക.

6. പഞ്ചായത്തിൽ ഒരു മിനി സിവിൽ സ്റ്റേഷൻ സ്ഥാപിക്കുക.

7. പഞ്ചായത്തിൽ ഗവ. കോളേജ്, പോളിടെക്നിക്, ഹൈസ്കൂളുകളിൽ പ്ലസ്ടൂ കോഴ്സുകൾ എന്നിവ ആരംഭിക്കുക.

8. തണ്ണിത്തോട് പ്രൈമറി ഹെൽത്ത് സെൻററിൽ രോഗികളെ കിടത്തി ചികിത്സിക്കുവാൻ വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തുക.

9. തണ്ണിത്തോട് മൃഗാശുപത്രിയിൽ ഡോക്ടറെ നിയമിക്കുകയും പ്രവർത്തനം കാര്യക്ഷമമാക്കുകയും ചെയ്യുക.

10. പഞ്ചായത്തിൽ ഒരു റബ്ബർ അധിഷ്ഠിത വ്യവസായം തുടങ്ങുക.

11. തണ്ണിത്തോട്ടിലൂടെ കടന്നുപോകുന്ന 220 കെ. വി. വൈദ്യുതി ലൈനുമായി ബന്ധപ്പെടുത്തി വൈദ്യുതി സബ്സ്റ്റേഷൻ സ്ഥാപിക്കുക.

12. വീടും കക്കൂസും ഇല്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും വിവിധ ഏജൻസികളുടെ സഹായത്തോടെ അവ നിർമ്മിച്ചു നൽകുക.

13. കോന്നിതാഴം വില്ലേജിലെ എലിമുള്ളുംപ്ലാക്കൽ പ്രദേശം തണ്ണിത്തോട് വില്ലേജിലും തണ്ണിത്തോട് വില്ലേജിലെ കുടപ്പനക്കുളം പ്രദേശം ചിറ്റാർ വില്ലേജിൽ ഉൾപ്പെടുത്തുക.

14. കോന്നി താലൂക്ക് രൂപീകരിക്കുക.

15. പട്ടികജാതി പട്ടികവർഗ വിഭാഗങ്ങൾക്കു വേണ്ടി പഞ്ചായത്തിൽ ഒരു ഗൈഡൻസ് സെൻറർ ആരംഭിക്കുക

16. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലായി വായനശാലകളും സാംസ്കാരിക സമിതികളും സ്ഥാപിക്കുക.

തണ്ണിത്തോട് ഗ്രാമപഞ്ചായത്ത്

# സ്പെഷ്യൽ ഗ്രാമസഭാ യോഗങ്ങൾ

| വാർഡ് നമ്പർ | തീയതി | പങ്കെടുത്തവരുടെ എണ്ണം | പ്രത്യേകതകൾ |
|---|---|---|---|
| 1 | 8–10–1996 | 330 | സ്ക്വാഡ്‌വർക്ക് വികസനജ്യോതി |
| 2 | 13–10–1996 | 317 | മൈക്ക് അനൗൺസ്മെന്റ് സ്ക്വാഡ് വർക്ക്, വികസന ജ്യോതി |
| 3 | 5–10–1996 | 269 | ചെണ്ടകൊട്ടി പ്രചരണം, സ്ക്വാഡ്‌വർക്ക്, കലാപരിപാടികൾ, വികസന ജ്യോതി |
| 4 | 7–10–1996 | 334 | മൈക്ക് അനൗൺസ്മെന്റ്, സ്ക്വാഡ് വർക്ക്, കലാപരിപാടികൾ, വികസനജ്യോതി |
| 5 | 13–10–1996 | 256 | സ്ക്വാഡ് വർക്ക് വികസന ജ്യോതി |
| 6 | 6–10–1996 | 250 | ചെണ്ടകൊട്ടി പ്രചരണം, സ്ക്വാഡ് വർക്ക്, കലാപരിപാടികൾ, വികസനജ്യോതി |
| 7 | 10–10–1996 | 264 | മൈക്ക് അനൗൺസ്മെന്റ്, സ്ക്വാഡ് വർക്ക്, കലാപരിപാടികൾ, വികസനജ്യോതി |
| 8 | 11–10–1996 | 235 | സ്ക്വാഡ് വർക്ക് |
| 9 | 12–10–1996 | | മൈക്ക് അനൗൺസ്മെന്റ് സ്ക്വാഡ് വർക്ക്, കലാപരിപാടികൾ, വികസനജ്യോതി |

## തണ്ണിത്തോട് ഗ്രാമപഞ്ചായത്ത്

# 8 ജനകീയ ആസൂത്രണ പരിപാടി-അവലോകനം

1996 സെപ്തം: 8–ാം തീയതി ലോകസാക്ഷരതാ ദിനത്തോടനുബന്ധിച്ച് ഗ്രാമസഭാ കമ്മിററി അംഗങ്ങളേയും, ജനപ്രതിനിധികളെയും, പങ്കെടുപ്പിച്ചുകൊണ്ടുള്ള ജനകീയ ആസൂത്രണ സെമിനാർ നടന്നു. 81 പേർ പങ്കെടുത്തു. സെപ്തം. 19–ന് ചേർന്ന ഗ്രാമപഞ്ചായത്ത് കമ്മിററി യോഗം പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കേണ്ടുന്ന പ്രവർത്തനങ്ങൾക്ക് രൂപം നൽകുകയുണ്ടായി. സെപ്തം. 19 ന് തണ്ണിത്തോട് പ്രദേശത്തെയും 21– ന് തേക്കുതോട് പ്രദേശത്തെയും വിവിധ രാഷ്ട്രിയ പാർട്ടി പ്രതിനിധികളുടെ യോഗം ചേരുകയും ജനകീയ ആസൂത്രണ പരിപാടി വിജയിപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. സെപ്തം. 28– ന് കലാ–സാംസ്കാരിക സംഘടനകൾ, വനിതാ സമാജങ്ങൾ യുവജന സംഘടനകൾ, ട്രേഡ് യൂണിയനുകൾ തുടങ്ങിയവയുടെ പ്രതിനിധികളുടെ യോഗം നടന്നു. 140 പേർ പങ്കെടുത്തു. ആന്ധ്രാപ്രദേശിൽ നിന്നും ജനകീയ ആസൂത്രണ പരിപാടിയെപ്പററി മനസിലാക്കുവാനും പഠിക്കുവാനും വേണ്ടി കേരളത്തിൽ പര്യടനം നടത്തുന്ന ശ്രീ. നരസിംഹറാവു. രാമറെഡ്ഡി എന്നിവർ ഈ പരിപാടിയിൽ പങ്കെടുത്തത് ആവേശകരമായൊരനുഭവമായിരുന്നു.

1996 ഒക്ടോ. 2–ാം തീയതി ലോക്കൽ റിസോഴ്സ് പേഴ്സൺസിൻെറ 1–ാം ഘട്ടപരിശീലനം നടന്നു. 129 പേർ പങ്കെടുത്തു. ജില്ലാ റിസോഴ്സ് പേഴ്സൺസായ ശ്രീ. എൻ. ജെ ജോസ്. ശ്രീ. കെ. വി. തോമസ്. ശ്രീ. സി. കെ. മോഹനൻ, ശ്രീ. കെ. ററി. ശമുവേൽ, ശ്രീ. സി. എ. കമലാസനൻ എന്നിവർ ക്ലാസുകൾ നയിച്ചു. ഒക്ടോ: 4–10 തീയതി തണ്ണിത്തോട്ടിൽ വച്ച് സ്കൂൾ പാരലൽ കോളേജ് വിദ്യാർത്ഥികൾക്കായി ഉപന്യാസം, പ്രസംഗം, ക്വിസ് എന്നിവയിൽ മത്സരങ്ങൾ നടത്തി. ഒക്ടോ: 4–ന് വൈകിട്ട് പഞ്ചായത്തിലെ എല്ലാ പ്രധാന കേന്ദ്രങ്ങളിലും വമ്പിച്ച ജനപങ്കാളിത്തത്തോടു കൂടി, വികസന ജ്യോതി തെളിയിച്ചു. പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഇതൊരു പുത്തനനുഭവമായിരുന്നു.

ഒക്ടോ: 5 മുതൽ 13 വരെയുള്ള തീയതികളിൽ 9 വാർഡുകളിലേയും സ്പെഷ്യൽ ഗ്രാമസഭായോഗങ്ങൾ നടന്നു. വമ്പിച്ച ജനപങ്കാളിത്തത്തോടു കൂടി ഉത്സവാന്തരീക്ഷത്തിലാണ് ഗ്രാമസഭാ യോഗങ്ങൾ നടന്നത്. വാർഡിൻെറ വികസന പ്രശ്നങ്ങൾ നാടിൻെറ പ്രശ്നങ്ങൾ അവതരിപ്പിക്കുവാനും, മനസിലാക്കുവാനും, കണ്ടെത്തുവാനും, പരിഹാരങ്ങൾ നിർദ്ദേശിക്കുവാനുമായി ഗ്രാമവാസികൾ ആവേശപൂർവ്വമാണ് ഗ്രാമസഭാ യോഗങ്ങളിലേക്ക് കടന്നു വന്നത്. ജാതി–മത–രാഷ്ട്രിയ ചിന്താഗതികൾക്കതീതമായുള്ള മലയോര നിവാസികളുടെ ഒരൊത്തുചേരലാണ് കാണുവാൻ കഴിഞ്ഞത്. ഈ ഐക്യബോധം നിലനിർത്തുവാൻ നമുക്ക് കഴിയണം.

ഒക്ടോ: 20–തീയതി ഗ്രാമസഭാ റിപ്പോർട്ടുകളുടെ ക്രോഡീകരണ ശില്പശാല നടന്നു. കീറിസോഴ്സ് പേഴ്സൺ ശ്രീ. തോമസ് ഉഴുവത്ത് പങ്കെടുത്തു. അന്നേ ദിവസം തന്നെ വികസന സെമിനാറിൻെറ നടത്തിപ്പിനായുള്ള സ്വാഗത സംഘവും രൂപീകരിക്കുകയുണ്ടായി. 21 മുതൽ 30 വരെയുള്ള തീയതികളിലായി ദ്വിതീയ വിവര ശേഖരണം നടത്തി.

നവംബർ 1 ൻെറ പുനരർപ്പണ ദിനത്തിൽ 2, 4, 6, 7, 8, 9 എന്നീ വാർഡുകളിൽ വികസന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുവാൻ കഴിഞ്ഞു. ജനകീയ ആസൂത്രണ പരിപാടിയുടെ അന്തസത്ത ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കുവാൻ കഴിഞ്ഞതിൽ നമുക്ക് അഭിമാനിക്കാം!

നവം: 18–ന് ബ്ലോക്കൽ റിസോഴ്സസ് പേഴ്സൺസിൻെറ രണ്ടാംഘട്ടം പരിശീലനം നടന്നു. 20–ാം തീയതി പഞ്ചായത്തിൻെറ ഭൂമിശാസ്ത്രവും, മണ്ണിൻെറ ഘടനയും, ജല ലഭ്യതയും ഭൂവിനിയോഗവും, ജൈവസമ്പത്തും മനസിലാക്കുന്നതിനുവേണ്ടിയുള്ള 'പഠന പര്യടനം' നടന്നു. 21, 22 തീയതികളിൽ ഗ്രാമസഭാ റിപ്പോർട്ടുകളുടെ ക്രോഡീകരണവും 23–ന് വികസന റിപ്പോർട്ട് തയ്യാറാക്കലും നടന്നു. 28–ാം തീയതി ചേർന്ന ഗ്രാമപഞ്ചായത്ത് കമ്മിററിയോഗം വികസനറിപ്പോർട്ട് ചർച്ച ചെയ്യുകയും അംഗീകരിക്കുകയും ചെയ്തു.

ഇന്ന് ....... നമ്മുടെ വികസന സെമിനാർ നടക്കുകയാണ്. നാടിൻെറ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ നമുക്ക് കഴിയും. അതിന് കൂട്ടായ്മ ആത്മാർത്ഥതയോടു കൂടിയുള്ള പ്രവർത്തനമാണാവശ്യം.

# 9 ജനകീയ ആസൂത്രണപരിപാടി......ഇന്നുവരെ

| | | | |
|---|---|---|---|
| 1996 | സെപ്റ്റംബർ | 8 | ലോകസാക്ഷരതാ ദിനത്തോടനുബന്ധിച്ച് ഗ്രാമസഭ കമ്മിറ്റി അംഗങ്ങളേയും ജനപ്രതിനിധികളേയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ജനകീയ ആസൂത്രണസെമിനാർ. |
| ,, | ,, | 19 | ഗ്രാമപഞ്ചായത്ത് കമ്മിറ്റി ചേർന്ന്, ജനകീയ ആസൂത്രണപരിപാടിയെക്കുറിച്ച് ചർച്ച ചെയ്ത് തീരുമാനങ്ങളെടുത്തു. |
| ,, | ,, | 19 | തണ്ണിത്തോട് പ്രദേശത്തെ രാഷ്ട്രീയപാർട്ടി പ്രതിനിധികളുടെ യോഗം. |
| ,, | ,, | 21 | തേക്കുതോട് പ്രദേശത്തെ രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളുടെ യോഗം. |
| ,, | ,, | 25 | പഞ്ചായത്ത് പ്രദേശത്തെ സ്കൂളുകളുടെ ഹെഡ്മാസ്റ്റർമാർ, പാരലൽ കോളേജ് പ്രിൻസിപ്പാളന്മാർ എന്നിവരുടെ യോഗം. |
| ,, | ,, | 28 | കലാ സാംസ്കാരിക സംഘടനകൾ, മഹിളാസംഘടനകൾ, യുവജനപ്രസ്ഥാനങ്ങൾ എന്നിവയുടെ യോഗം. ആന്ധ്രാപ്രദേശിൽ നിന്നുള്ള രണ്ട് 'സന്ദർശകർ' പങ്കെടുത്തു. |
| ,, | | 27, 28, 29 | ജില്ലാതല പരിശീലനം. |
| ,, | ഒക്ടോബർ | 2 | ലോക്കൽ റിസോഴ്സ്പേഴ്സൺ 1–ാം ഘട്ടപരിശീലനം. |
| ,, | ,, | 4 | സ്കൂൾ, പാരലൽകോളേജ് വിദ്യാർത്ഥികളുടെ പ്രസംഗം, ഉപന്യാസം, ക്വിസ്സ് മത്സരങ്ങൾ. |
| ,, | ,, | 4 | വികസന ജ്യോതി |
| ,, | ,, | 5–13 | സ്പെഷ്യൽ ഗ്രാമസഭായോഗങ്ങൾ. |
| ,, | ,, | 14 | പഞ്ചായത്ത് മെമ്പറന്മാർ, ജില്ലാറിസോഴ്സ്പേഴ്സൺസ് എന്നിവരുടെ സംയുക്ത അവലോകനയോഗം. ദ്വിതീയവിവര ശേഖരണത്തിനുള്ള കർമ്മസമിതികളെ നിശ്ചയിച്ചു. |
| ,, | ,, | 20 | ഗ്രാമസഭാറിപ്പോർട്ട് ക്രോഡീകരണ ശില്പശാല. |
| ,, | ,, | 20 | വികസന സെമിനാർ സ്വാഗതസംഘം രൂപീകരണയോഗം. |
| ,, | ,, | 21–30 | ദ്വിതീയ വിവരശേഖരണം. |
| 1996 | നവംബർ | 1 | പുനരർപ്പണദിനം. |
| ,, | | 12, 13, 14 | ജില്ലാതല പരിശീലനം–രണ്ടാം ഘട്ടം. |
| ,, | ,, | 18 | ലോക്കൽ റിസോഴ്സ്പേഴ്സൺ 2–ാം ഘട്ടം പരിശീലനം. |
| ,, | ,, | 20 | പഠന പര്യടനം, |
| ,, | ,, | 21–22 | ഗ്രാമസഭാ റിപ്പോർട്ടുകളുടെ ക്രോഡീകരണം. |
| ,, | ,, | 23 | വികസന സെമിനാർ റിപ്പോർട്ട് തയ്യാറാക്കൽ, |
| ,, | ,, | 28 | ഗ്രാമപഞ്ചായത്ത് കമ്മിറ്റിയോഗം–വികസനറിപ്പോർട്ട് ചർച്ച അംഗീകരിക്കൽ. |
| ,, | ഡിസംബർ | 9 | പഞ്ചായത്ത് വികസനസെമിനാർ. |

# ഉണരുവിൻ......

ആത്മാഭിമാന കൊടിക്കൂറ പൊക്കുവാൻ
കൂട്ടുകാരേ നമുക്കൊത്തുചേരാം
കാലങ്ങളായി നാം കാത്തുകാത്തിരുന്നൊരാ
ക്കാലമിതാ നമ്മളുടെ മുന്നിലെത്തി

ഇവിടെ നമ്മളം തലവെട്ടിച്ചകലരുതേ!
ഇവിടെ നമ്മളം തലയാട്ടിത്തുലയരുതേ!
ഇവിടെ നമ്മളുണരുക
ഇവിടെയെന്തു വേണമെന്നു-
നമ്മളം നിശ്ചയിക്കുക

മണ്ണിൽ നിന്നും മഴയിൽനിന്നു-
വെയിലിൽ നിന്നു മോചനം
നല്കിടുന്ന വൃത്തിയുള്ള വീടുകളം ചമയ്ക്കുക
നല്ല വഴി, നല്ല തൊഴിൽ, നല്ല ജീവിതത്തിനായ്
നല്ലപോലെ മെയ്യനങ്ങി നല്ലനാളു തീർക്കുക

നമ്മളാണ് ഭരണവും
നമ്മളാണ് പ്രജകളും
നമ്മളാണ് നമ്മളുടെ
നന്മ തിന്മ തീർപ്പതും

മുകളിൽനിന്നു നമ്മളെ
ഭരിക്കുവാൻ കൊതിപ്പവർ
മുഞ്ഞിവീർത്തു മാറിനിന്നു
വഴിമുടക്കുവാൻ വരാം.

അവരെ മാററിതീർക്കുവാൻ
നമ്മളൊന്നു ചേരുക
നമ്മളാണു നമ്മളുടെ
നന്മതിന്മ തീർക്കുക

ഭാരതാംബ നമ്മളെ, ഗ്രാമജീവിതങ്ങളെ
ഭാവി ഭദ്രമാക്കുവാൻ വിളിക്കയാണു കൂട്ടരേ

# 11 ഉപസംഹാരം

കേരളത്തിൽ അധികാരത്തിലിരിക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോയിലെ ഒരു പ്രധാന ഇനം അധികാരവികേന്ദ്രീകരണമായിരുന്നു. ഈ പ്രഖ്യാപനം നടപ്പിലാക്കപ്പെടുകയാണ്. തന്മൂലം പദ്ധതിയുടെ നിലവിലിരുന്ന അഞ്ചു ശതമാനത്തിൽ നിന്ന് 35–40 ശതമാനം വരെ പഞ്ചായത്തുകളുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ആകുകയാണ്. വികസനത്തിന്റെ പുതിയ പന്ഥാവിലേയ്ക്ക് ചുവടുവയ്ക്കുന്ന നമുക്ക് ഒട്ടേറെ പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടതായി വരും. പദ്ധതിനടത്തിപ്പിന് അധികമായി വേണ്ട വിഭവസമാഹരണവും ഒരു പ്രശ്നമാണ്. ധനകാര്യ സ്ഥാപനങ്ങളിലൂടെയും പ്രാദേശികമായി സമാഹരിക്കുന്ന സംഭാവനകളിലൂടെയും മറ്റുമായി അധികവിഭവം കണ്ടെത്തണം.

വിഭവ ദൗർലഭ്യത്താലും മറ്റ് കാരണങ്ങളാലും പ്രശ്നങ്ങളെല്ലാം ഒറ്റയടിക്ക് പരിഹരിക്കുവാൻ കഴിയുകയില്ല. ഇവയിൽ ഏതു പ്രശ്നം ആദ്യം പരിഹരിക്കണമെന്ന് തീരുമാനിക്കുക പ്രയാസമേറിയതും അതിപ്രധാനവുമാണ് വിവിധ പ്രവർത്തനങ്ങളുടെ സാമൂഹ്യ നേട്ടകോട്ടങ്ങൾ താരതമ്യം ചെയ്യുന്നതിനെ ഏറെ സാങ്കേതിക വൈദഗ്ധ്യവും യുക്തിസഹമായ മൂല്യനിർണയവും ആവശ്യമാണ്. മൂല്യനിർണയം. നടത്തുവാനുള്ള അധികാരത്തിൽ വിട്ടുവീഴ്ചയ്ക്ക് തയ്യാറാകാതെ തന്നെ പ്രാദേശിക പ്രവർത്തനങ്ങൾക്കു വേണ്ട സാങ്കേതിക വൈദഗ്ധ്യം കണ്ടെത്താൻ നമ്മുക്കു കഴിയണം. സമൂഹത്തിന്റെ ആവശ്യകതകളെ കുറിച്ചുള്ള സമഗ്രമായ പ്രചാരണം ആവശ്യമായിരിക്കുന്ന ഈ സാഹചര്യത്തിൽ രാഷ്ട്രീയ പാർട്ടികൾക്കു പുറമേ മറ്റ് സന്നദ്ധ സംഘടനകൾക്കും അതിപ്രധാനമായ പങ്കുവഹിക്കുവാനാകും.

ഒട്ടേറെ രംഗങ്ങളിൽ മാതൃക സൃഷ്ടിച്ച നമുക്ക് ജനകീയ ആസൂത്രണ പരിപാടിയും വെല്ലുവിളിയായി സ്വീകരിച്ച് വിജയിപ്പിക്കാനാകണം. കൂലിവേല ബന്ധം വളരെ പ്രബലമായിക്കൊണ്ടിരിക്കുന്ന ഒരു സാമൂഹ്യ ചുറ്റുപാടിൽ പാഴാകുന്ന അധ്വാനശേഷിയെ മൂലധനമാക്കി മാറ്റാൻ സാധ്യമല്ലായെന്ന ആശയം കരുത്താർജ്ജിക്കുന്ന കാലത്ത് സാമൂഹ്യ വിപ്ലവത്തിനായി എല്ലാം മറന്ന് പടക്കളത്തിലിറങ്ങാനുള്ള നമ്മുടെ ആവേശം തണുത്തുറഞ്ഞിട്ടില്ലായെന്നു കാട്ടാനുമുള്ള സന്ദർഭമാണിത്. അങ്ങനെ ഈ പദ്ധതിയുടെ വിജയഘോഷം ശ്രവിക്കുവാൻ കാതോർത്തിരിക്കുന്നവരെ തുഷ്ടരാക്കാം നമുക്കൊന്നായി നമ്മുടെ നാടിന്റെ പുരോഗതിക്കുവേണ്ടി പോരാടാം.

പ്രവർത്തനങ്ങളിൽ സജീവത നിലനിർത്തിയവരോടുള്ള നന്ദിയും കടപ്പാടും ഹൃദയത്തിൽ സൂക്ഷിക്കുന്നു. തുടർന്നും ഇതിന്റെ ഭാഗമാകുമെന്നാശിക്കട്ടെ.

സ്നേഹാദരങ്ങളോടെ,

തണ്ണിത്തോട് ഗ്രാമപഞ്ചായത്ത് കമ്മിറ്റിക്കുവേണ്ടി

(ഒപ്പ്)
**ജോസഫ് അലക്സാണ്ടർ**
പ്രസിഡൻറ്

# വികസന രേഖ തയ്യാറാക്കിയ കോർ ഗ്രൂപ്പ്

## 1. കൃഷി - ജലസേചനം

C.D.രാജൻ
P.M.പാപ്പച്ചൻ
K.J.ഏബ്രഹാം
M.R.ചന്ദ്രശേഖരപ്പിള്ള
N.രവീന്ദ്രൻ
ജോണിക്കുട്ടി
ശ്രീധരൻ
P.R.ബോസ്

## 2. മൃഗസംരക്ഷണം - മത്സ്യകൃഷി

സുബ്രമണ്യൻ പിള്ള (ക്ഷീര വികസന ഓഫീസ്)
മറിയാമ്മ ഡാനിയേൽ
P.G.മത്തായി
N.G.മത്തായി
ജോർജ്ജ് ജോസഫ്
ഗോപിനാഥപിള്ള
P.D.പ്രസാദ്

## 3. വിദ്യാഭ്യാസം

മോനി
K.S.മോൻസി
V.G.വർഗ്ഗീസ്
K.K.കോരുത്
P.T.വർഗ്ഗീസ്
സാജൻ
വർഗ്ഗീസ് മാത്യു

## 4 കുടിവെള്ളം - ആരോഗ്യം

P.R.ഗോപിനാഥൻ
P.V.കമലാസനൻ
K.G.കൃഷ്ണപിള്ള
ഷാജി
ഗിരീഷ് മോഹൻ
P.J.സുഗുണൻ

## 5 ഗതാഗതം - ഊർജ്ജം

P.M.ചെറിയാൻ പാങ്ങാട്ട്
N.ലാലാജി
P.D.സ്കറിയ
വേണുക്കുട്ടൻ നായർ
P.പ്രഹ്ളാദൻ

## 6 വ്യവസായം

L.M.മത്തായി
C.V.രാജൻ
സലീം
D.സുരേഷ് കുമാർ
സുരേഷ്

## 7 ഭവനനിർമ്മാണം - സാമൂഹ്യക്ഷേമം

R.സുകുമാരൻ നായർ
P.J.ആൻറണി
T.N.ആനന്ദൻ
രോഹിണി
M.S.തോമസ്

## 8. സംസ്കാരം

R.മുരളീധരൻ നായർ
C.V.വർഗ്ഗീസ്
പത്മകുമാരി
P.A.സുരേഷ് കുമാർ
P.T.തോമസ്
ശശികല
രവീന്ദ്രനാഥപണിക്കർ
T.G.സൈലാസ്

## 9. വനിത

ഉഷ .S.നായർ
പത്മാ ശ്രീധർ

## പ്രശ്നങ്ങൾ

1. I.R.D.P ലിസ്റ്റിൽ അർഹതയുള്ളവരെയെല്ലാം ചേർത്തിട്ടില്ല.
2. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിൽ ക്രമക്കേടുകൾ നടക്കുന്നു.
3. V.E.O മാരുടെ സേവനം തൃപ്തികരമല്ല.
4. V.E.O ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം ഇല്ല.
5. I.R.D.P പദ്ധതികളെക്കുറിച്ച് ജനങ്ങൾക്ക് ബോധവൽക്കരണം കിട്ടുന്നില്ല.
6. പല അംഗൻവാടികളുടെ പ്രവർത്തനം തൃപ്തികരമല്ല. അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടങ്ങളും കളിപ്പാട്ടങ്ങളുമില്ല.
7. അംഗൻവാടികളുടെ പ്രവരത്തനവുമായി രക്ഷാകർത്തക്കളുടെ സഹകരണം തൃപ്തികരമല്ല.
8. അർഹരായവർക്ക് യഥാസമയം പെൻഷനുകൾ ലഭിക്കുന്നില്ല.
9. പൊതുവിതരണ കേന്ദ്രങ്ങളിൽ നിന്നും വാങ്ങുന്ന സാധനങ്ങൾക്ക് ബില്ലുകൾ കിട്ടുന്നില്ല.
10. പലപൊതുവിതരണ കേന്ദ്രങ്ങളിലെയും അളവുതൂക്കങ്ങളിൽ ക്രമക്കേടുകൾ നിലനിൽക്കുന്നു.
11. പഞ്ചായത്തിൻെറ പ്രാധാനകേന്ദ്രങ്ങളിൽ കക്കൂസുകളും മൂത്രപ്പുരകളും ഇല്ല.

## സാദ്ധ്യതകൾ

1 I.R.D.P ലിസ്റ്റിൽ അർഹതയുള്ള കുടുംബങ്ങളെ ചേർക്കുക.
2. രണ്ടുവാർഡുകൾക്ക് ഒരു V.E.O എന്ന ക്രമത്തിൽ നിയമിക്കുക.
3. V.E.O ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടങ്ങൾ നിർമ്മിക്കുക.
4. I.R.D.P പദ്ധതികളെപ്പറ്റി ഓരോ വാർഡിലും ബോധവൽക്കരണ ക്ലാസുകൾ നടത്തുക.
5. അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടങ്ങൾ നിർമ്മിക്കുക.
6. അംഗൻവാടി ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുകയും അവർക്ക് പരിശീലനം നൽകുകയും ചെയ്യുക.
7. ഗ്രാമപഞ്ചായത്തിൻെറ മേൽനോട്ടത്തിൽ അംഗൻവാടികളടെ പ്രവർത്തനം കാര്യക്ഷമമാക്കുക.
8. പെൻഷൻ കുടിശ്ശിഖ യഥാസമയം വിതരണം ചെയ്യുക.
9. വിവിധ പെൻഷനുകൾക്ക് അർഹരായവരെ കണ്ടെത്തുന്നതിനും വിതരണചെയ്യുന്നതിനുമുള്ള അധികാരം ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമാക്കുക.
10. വൃദ്ധമന്ദിരവും അഗതിമന്ദിരവും സ്ഥാപിക്കുക.
11. വികലാംഗർക്ക് ബങ്കുകൾ നിർമ്മിച്ചു നൽകുന്നതിനും സ്വയംതൊഴിൽ കണ്ടെത്തുന്നതിനും നടപടികൾ സ്വീകരിക്കു ക.
12. കുട്ടികൾ ,ഗർഭിണികൾ എന്നിവർക്ക് പോഷകാഹാരവും വിദഗ്ദ്ധ ചികിത്സയും ലഭിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുക.
13. പഞ്ചായത്തിലെ കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിലെ അപാകതകൾ പരിഹരിച്ച് നികുതി പുനർനിർണ്ണയം നടത്തുക.
14. റേഷൻകാർഡുക്കളിൽ രേഖപ്പെടുത്തിയിരിക്കുന്ന വരുമാനത്തിൽ കാണുന്ന ക്രമക്കേടുപരിഹരിക്കുക.
15. പഞ്ചായത്തിൻെറ പ്രധാനകേന്ദ്രങ്ങളിൽ കക്കൂസും മൂത്രപ്പുരയും നിർമ്മിക്കുക.
16. തേക്കുതോടു കേന്ദ്രമാക്കി ഒരു മാവേലിസ്റ്റോർ സ്ഥാപിക്കുക.

മണിയമ്മ
ലില്ലിക്കുട്ടി വർഗ്ഗീസ്
ശാന്തമ്മ
രമ
D.രതി
R.വിജയമ്മ
കുഞ്ഞിക്കുട്ടി

## 10. സഹകരണം

ഹരിപ്രസാദ്
M.M.തോമസ്
K.S.ഓമന
P.R.രാമചന്ദ്രൻ പിള്ള
C.K.മണിരാജൻ
C.D.സുരേഷ് കുമാർ
P.K.വർഗ്ഗീസ്
K.ബിജു

## 11. പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം

M.P.ഗോപാലൻ
T.A.പരമേശ്വരൻ
V.K.ജാനകി
V.G.അജയകുമാർ
ശോഭന
കൃഷ്ണൻകുട്ടി
ക്ലാസ്സൻ

## നാട്ടറിവ്-ചരിത്രം

K.V.തോമസ്
N.ചാചാജി
M.R.ചന്ദ്രശേഖരപിള്ള
C.V.രാജൻ
മോനി
E.N.ശിവാനന്ദൻ

## 12. വിഭവസമാഹരണം

E.N.ശിവാനന്ദൻ
K.S.സുരേശൻ
K.T.ഗോപി
P.S.വർഗീസ്

## പഠനപര്യടനം

C.D.കമലാസനൻ
ജോസഫ് അലക്സാണ്ടർ
P.K.ഗോപി
P.M.ചെറിയാൻ,പാങ്ങാട്ടു
K.E.കൃഷ്ണൻകുട്ടി
സൈലാസ്
ഉഷ .S. നായർ
ഓമനയമ്മ

# തണ്ണിത്തോട് ഗ്രാമ പഞ്ചായത്ത്
## ജനകീയ ആസൂത്രണ പ്രസ്ഥാനം

| | |
|---|---|
| എൻ. ജെ. ജോസ് | (സംസ്ഥാന റിസോഴ്സ് പേഴ്സൺ) |
| ജോസഫ് അലക്സാണ്ടർ | (ജില്ലാ റിസോഴ്സ് പേഴ്സൺ) |
| പി.സി. ശ്രീകുമാർ | " |
| കെ.വി. തോമസ് | " |
| സി.കെ. മോഹനൻ | " |
| കെ.റ്റി. ശാമുവേൽ | " |
| സി.ഡി. കമലാസനൻ | " |



അധികാര കേന്ദ്രങ്ങളെ നിയന്ത്രിക്കാനും ദുർവിനിയോഗത്തെ
ചെറുക്കാനും ജനങ്ങൾ ശക്തിയാർജ്ജിക്കണം - ഗാന്ധിജി

4220

# അധികാരം ജനങ്ങളിലേക്ക്
# ഒൻപതാം പദ്ധതി ജനകീയ പദ്ധതി

ആസൂത്രണം താഴെത്തട്ടിൽ നിന്നും മുകളിലേക്ക്

ആസൂത്രണത്തിലും നിർവ്വഹണത്തിലും വിപുലമായ ജനപങ്കാളിത്തം

വികസനപ്രക്രിയ അഴിമതിരഹിതമാകുന്നു.

ജനലക്ഷങ്ങൾ ഒത്തൊരുമയോടെ കർമ്മരംഗത്തേക്ക്.

